
# ജാമക്കാരൻ

WATCHMAN



കാവൽക്കാരൻ

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



**കർത്താവിൽ പ്രിയരേ, നിങ്ങൾക്ക് എല്ലാവർക്കും സമാധാനം ഉണ്ടാകുമാറാകട്ടെ!**

നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും ഞങ്ങളുടെ പുതുവർഷ ആശംസകൾ അറിയിക്കുന്നു. 2014–ാം വർഷം വളരെ വേഗം നമ്മെ വിട്ടു കടന്നുപോയി. വർഷങ്ങൾ കഴിയുന്തോറും നമ്മുടെ മരണവും അടുത്തു വന്നുകൊണ്ടിരിക്കുന്നു എന്ന് നാം മനസ്സിലാക്കണം. കഴിഞ്ഞ വർഷം, കഴിഞ്ഞ കാലങ്ങൾ മുഴുവനും ദൈവം ചെയ്ത നന്മകളെയും കൃപകളെയും മാത്രം ഓർത്ത് സ്തുതിച്ചു നന്ദി പറയണം.

ഇപ്പോഴുള്ള പ്രശ്നങ്ങൾ, രോഗങ്ങൾ, പരാജയങ്ങൾ, കടങ്ങൾ, നിരാശകൾ എല്ലാം കർത്താവ് അറിയുന്നുണ്ട്. അതുകൊണ്ട് ആ പ്രശ്നങ്ങളെ ഓർത്ത് വ്യാകുലപ്പെടാതെ എന്റെ ദൈവം സകലവും അറിയുന്ന ദൈവം ആണ് എന്നുള്ള വിശ്വാസം നമുക്ക് ഉണ്ടാകണം.

അതോടെ ദൈവം കഴിഞ്ഞ കാലത്തിൽ ചെയ്ത നല്ല കാര്യങ്ങളെയും നിങ്ങളുടെ പ്രാർത്ഥനയക്ക് ദൈവം നല്കിയ മറുപടികളെയും മാത്രം ഓർത്തു സ്തുതിപ്പിൻ. പ്രശ്നങ്ങൾ നിറഞ്ഞ ലോകത്തിലാണ് നാം പാർക്കുന്നതിന് ദൈവം അനുവദിച്ചിരിക്കുന്നു. ഈ പ്രശ്നങ്ങളുടെ ഇടയിൽ ജയ ജീവിതം എന്നതാണ് ദൈവത്തിന്റെ പദ്ധതി. എന്നാൽ ചിലർ പ്രശ്നങ്ങളെ സഹിക്കാൻ സാധിക്കാതെ, തോൽവികളെ താങ്ങാൻ സാധിക്കാതെ, പ്രാർത്ഥനയോടെ കുടുംബമാകെ ആത്മഹത്യ ചെയ്ത് ജീവിതത്തെ അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇവരെല്ലാം യഥാർത്ഥ ക്രിസ്ത്യാനികളല്ല.

ലോകമക്കളും, ജാതികളും, അവിശ്വാസികളും മണ്ടത്തരമായ ഇങ്ങനെയുള്ള തീരുമാനത്തിലേക്ക് വന്നാൽ നാം അതിശയിക്കേണ്ടത് ഒന്നുമില്ല. അടുത്ത കാലത്തിൽ എനിക്കു നല്ല പരിചയമുള്ള രക്ഷിക്കപ്പെട്ട വിശ്വാസി തന്റെ വീട്ടിൽ പ്രാർത്ഥനാ യോഗങ്ങൾ നടത്തി. പലർക്കും ആത്മീയ വഴികാട്ടി ആയി. സാക്ഷി പറഞ്ഞ് ചിലർ ലോകപ്രശ്നങ്ങൾ സഹിക്കാൻ സാധിക്കാതെ കുടുംബത്തോടും ആത്മഹത്യ ചെയ്തിട്ടുണ്ട്.

JANUARY 2015

ഇവരുടെ മാനസാന്തരം ശരിയായ മാനസാന്തരമല്ല. ഇവരെ ശരിയായ വിശ്വാസി എന്നും പറയാൻ കഴിയുകയില്ല. നമ്മുടെ ദൈവം, പ്രശ്നങ്ങളിൽ അകപ്പെട്ടവരുടെ കരച്ചിൽ കേട്ട് പിതാവോടു നമുക്കുവേണ്ടി എങ്ങനെ പ്രാർത്ഥിച്ചു എന്ന് അറിയുമോ? ചിലരുടെ ജീവിതത്തിൽ ബന്ധുക്കൾ. സ്വന്തമക്കളും, ഭാര്യ അല്ലെങ്കിൽ ഭർത്താവും, മാതാപിതാക്കളും പകയ്ക്കുന്നത് വലിയ ദുഃഖമാണ്. അത് സഹിക്കാൻ സാധിക്കാത്ത ഇങ്ങനെ ഉള്ളവർക്കുവേണ്ടി യേശു പ്രാർത്ഥിക്കുമ്പോൾ വലിയ മനഃവേദന തന്നെ. എന്നാലും പിതാവേ അവിടെ ഞാൻ എന്റെ മക്കൾക്കു വേണ്ടി യാചിക്കുന്നത് എന്തെന്നാൽ "അവരെ ലോകത്തിൽ നിന്ന് എടുക്കേണം എന്നല്ല. ദുഷ്ടന്റെ കയ്യിൽ അകപ്പെടാത വണ്ണം (പ്രശ്നങ്ങളിൽ മുങ്ങിപ്പോകാതെ) അവരെ കാത്തുകൊള്ളേണം എന്നത്രേ ഞാൻ അപേക്ഷിക്കുന്നത്. (യോഹ 17:15)

യേശുക്രിസ്തുവിന്റെ മക്കളായി നാം നമ്മുടെ ദൈവത്തിന്റെ ഹൃദയത്തിൽ നമ്മെക്കുറിച്ചുള്ള പ്രതീക്ഷയെ നാം മനസ്സിലാക്കേണ്ടത് വളരെ ആവശ്യമാണ്. അങ്ങനെ നമ്മുടെ ദൈവത്തെ ശരിക്കു മനസ്സിലാക്കിയാൽ എല്ലാ സാഹചര്യത്തിലും ഈ പുതിയ വർഷത്തിലും ഇനിവരും കാലങ്ങളിലും ഉള്ള അവസ്ഥയിൽ അലംഭാവത്തോടു ഇരിപ്പാൻ സാധിക്കും. (ഫിലി 4:11)

"താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്കു അറിയാം. തൃപ്തനായി ഇരിപ്പാനും വിശന്ന് ഇരിപ്പാനും ബുദ്ധിമുട്ട് അനുഭവിപ്പാനും എല്ലാം ശീലിച്ചിരിക്കുന്നു. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു." ഫിലിപ്പിയർ 4:12,13. ഇങ്ങനെപൗലോസ് അപ്പോസ്ഥലൻ അനുഭവത്തിൽ പറഞ്ഞതുപോലെ ശക്തനാകുന്ന ക്രിസ്തു നമ്മുടെയുള്ളിൽ കടന്നുവന്നാൽ മാത്രമേ എല്ലാ സാഹചര്യത്തിലും അലംഭാവത്തോടു ഇരിക്കാൻ സാധിക്കുകയുള്ളൂ. എന്റെ വായനക്കാർ എല്ലാവരും ഈ അനുഭവത്തിന്റെ വഴിയായി കടന്നുവരണം എന്ന് ആഗ്രഹിച്ച് എന്റെ എഴുത്തു ചുരുക്കുന്നു.

**സങ്കീർത്തനം 90:12 ഞങ്ങൾ ജ്ഞാനമുള്ളോരു ഹൃദയം പ്രാപിയ്ക്കത്തവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിയ്ക്കേണമേ**

**സങ്കീർത്തനം 37:4 യഹോവയിൽ തന്നെ രസിച്ചുകൊൾക അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ തരും**

**- ഡോ.പുഷ്പരാജ്**

## ദയവായി ശ്രദ്ധിക്കുക

10 വർഷത്തിൽ ഒരു പ്രാവശ്യം ജാമക്കാരൻ Mailing list പുതുക്കുന്നത് പതിവാണ്. അതുകൊണ്ട് ഈ വർഷം നിങ്ങളുടെ അഡ്രസ്സിൽ മാറ്റങ്ങൾ ഉണ്ടെങ്കിൽ നിങ്ങളുടെ ഫോൺ നമ്പറോടു കൂടെ എന്നെ എഴുതി അറിയിക്കുവാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. നിങ്ങളുടെ അഡ്രസ്സിൽ അക്ഷരതെറ്റുണ്ടെങ്കിലും ദയവായി എഴുതി അറിയിക്കുക. നിങ്ങളുടെ അഡ്രസ്സ് slip ന്റെ മുകളിലുള്ള കൂപ്പൺ നമ്പരും ചേർത്ത് അറിയിച്ചാൽ നന്നായിരിക്കും. ഇ-മെയിൽ മുഖാന്തിരമായും എന്നെ അറിയിക്കാവുന്നതാണ്. Email - jamakaran@yahoo.com

## ജാമക്കാരൻ വേണ്ട

ജാമക്കാരൻ (മാസിക നിങ്ങളുടെ ആത്മാവിന് ഉപയോഗപ്രദം ആകുന്നില്ല എങ്കിൽ) നിങ്ങൾക്ക് ലഭിക്കുന്ന മാസികയുടെ മുകളിൽ REFUSED എന്നെഴുതി നിങ്ങളുടെ അഡ്രസ്സ്, വെട്ടി തിരിച്ചയയ്ക്കുക (Stamp വേണ്ട). അങ്ങനെ ചെയ്താൽ നിങ്ങളുടെ അഡ്രസ്സ് ഞങ്ങളുടെ mailing list-ൽ നിന്നു നീക്കുവാൻ സാധിക്കും. ഇതിന് നിങ്ങൾ സഹകരിക്കും എന്ന് വിശ്വസിക്കുന്നു. നന്ദി

# ഞാൻ സ്നേഹിക്കുന്ന മാർത്തോമാ സഭ



"എനിക്കു ദിവസേന സർവ്വസഭകളെയും കുറിച്ചുള്ള ചിന്താഭാരം എന്ന ..... ഉണ്ട്." (2 കൊരി 11:28)

ഈ വചനത്തിൽ സർവ്വസഭകൾ എന്നു പൗലൊസ് അപ്പോസ്ഥലൻ പറയുന്നത്. ഇപ്പോൾ നാം കാണുന്ന വിവിധ ഉപദേശങ്ങളെ കൊണ്ടുള്ള സഭകളെ കുറിച്ച് അല്ല. അന്നത്തെ കാലത്ത് ശിഷ്യന്മാരെക്കൊണ്ട് ആരംഭിച്ചതും പൗലോസ് സന്ദർശിച്ചതുമായ സഭകളെ കുറിച്ചാണ് ഭാരപ്പെടുന്നത്. പക്ഷെ ഡോ.പുഷ്പരാജ് ആയ എന്റെ സ്ഥിതി അങ്ങനെ അല്ല, പൗലോസിനെ പോലെ സർവ്വസഭ എന്ന് വിവിധ ഉപദേശങ്ങളെകൊണ്ടുള്ള സഭകളെ കുറിച്ച് ദിവസേന ഞാനും ഭാരപ്പെടുന്നു. കഴിഞ്ഞ 50 വർഷങ്ങളിൽ സി.എസ്.ഐ, മാർത്തോമാ, കത്തോലിക്ക, പെന്തകോസ്ത, സി.എം.എസ്, സി.എസ്.ഐ മെഢഡിസ്റ്റ്, ബാപ്റ്റിസ്റ്റ്, ബ്രദറൻ എന്നീ സഭകളിൽ പല പ്രാവശ്യം കൺവെൻഷനുകളിൽ ഞാൻ പ്രസംഗിച്ചിട്ടുണ്ട്. ഈ സഭകളിലുള്ള ബിഷപ്പുമാരോടും അച്ചൻമാരോടും, പാസ്റ്റർമാരോടും സഭാനേതാക്കളോടും, സഭാവിശ്വാസികളോടും, വളരെ അടുപ്പത്തിൽ പെരുമാറി. അവരുടെ കുടുംബത്തിൽ ഒരുവനായി എല്ലാവരാലും സ്നേഹിക്കപ്പെട്ടവനാണ് ഞാൻ. ആ ബന്ധം പണത്താൽ വന്നതല്ല. അവർക്ക് ദൈവം എന്നെക്കൊണ്ട് ചെയ്പ്പിച്ച വചന ശുശ്രൂഷയാൽ ഉണ്ടായതാണ് ആ സ്നേഹം. അതുകൊണ്ട് സംഭവിച്ചത് എന്തെന്നാൽ ആയിരക്കണക്കിന് ജനങ്ങൾ മാസാന്തരപ്പെട്ടു, വചനത്താൽ രോഗസൗഖ്യം ഉണ്ടായി, പിശാചിന്റെ പിടിയിൽ നിന്നും ബന്ധനങ്ങളിൽ നിന്നും, വിടുതൽ പ്രാപിച്ചു. അവർ എല്ലാവരു പുതുസൃഷ്ടികൾ ആയി മാറി. ദൈവത്തോടും ദൈവം ഉപകരണമായി ഉപയോഗിച്ച എന്നോടും നന്ദിയുള്ളവരായി ഇരിക്കുന്നു. അവരുടെ കുടുംബത്തിലെ രണ്ട് തലമുറയിൽ ജനിച്ച മക്കളോടും എന്റെ യോഗത്തിൽ സംഭവിച്ച അത്ഭുതങ്ങളെ പറഞ്ഞു മനസ്സിലാക്കി, അതുകൊണ്ട് ആ പുതിയ സന്തതിയും എന്നോടു നന്ദി കാണിക്കുന്നവരായി, സ്നേഹം ഉള്ളവരായി പെരുമാറുന്നു. കത്തുകൾ വഴിയായും ഫോൺ മുഖേനയും, നേരിൽ കണ്ടും പഴയ ബന്ധങ്ങളെ പുതുക്കിക്കൊണ്ടിരിക്കുന്നു.

അതുകൊണ്ട് തന്നെ ദൈവവേലക്കാരനായ ഞാൻ കഴിഞ്ഞ 50 വർഷങ്ങളായി സന്ദർശിച്ച എല്ലാ സഭകളെക്കുറിച്ചും, സഭാ മക്കളെക്കുറിച്ചും വളരെ ഭാരപ്പെടുന്നു. അവർക്കു വേണ്ടിയാണ് ഞാൻ മാസിക നടത്തുന്നത്. ആ സഭകളിൽ ഉള്ളവർ അവരുടെ സഭകളിൽ നടക്കുന്ന സാക്ഷിയില്ലാത്തതും, വൃത്തികെട്ടതുമായ സംഭവങ്ങളെക്കുറിച്ചും ബിഷപ്പുമാരുടെ സാക്ഷിയില്ലാത്ത പ്രവർത്തനങ്ങളെക്കുറച്ചും മനഃവേദനയോടെ എന്നോടു ആലോചന ചോദിക്കുന്നു. ഇന്ത്യയിൽ എത്ര കൺവെൻഷൻ പ്രാസംഗികർ ഉണ്ട്. എല്ലാവരെക്കുറിച്ചും പറയുവാൻ സാധിക്കയില്ല. പക്ഷെ എന്നെപ്പോലെ വിവിധ സഭകളോടു അടുപ്പം ഉള്ളവരും, വിവിധ സഭാ ജനങ്ങളാൽ സ്നേഹിക്കപ്പെടുന്നവർ എന്നു അഭിപ്രായം പറയാൻ സാധിക്കുന്നില്ല.

വിവിധ സഭകളിൽ നടക്കുന്ന വെട്ടിപ്പും, സഭ ബിഷപ്പുമാരുടെ ലൈംഗിക ബന്ധങ്ങളെക്കുറിച്ചും അതതു സഭജനങ്ങളോട്, പ്രാർത്ഥിപ്പാൻ ആലോചന പറയുന്നു. പക്ഷെ പ്രശ്നങ്ങൾ മാറാതിരിക്കുമ്പോൾ, പാപത്തിൽ വീണ പല ബിഷപ്പുമാരും താങ്കളുടെ തെറ്റുകളെ തിരുത്താതെ ഇരിക്കുമ്പോൾ, സഭാജനങ്ങൾ ഇനി എന്തു ചെയ്യേണം എന്ന് ചോദ്യം ചോദിക്കുന്നു. അവർക്കുവേണ്ടി ഞാൻ പ്രസിദ്ധപ്പെടുത്തുന്ന മാസികയായ ജാമക്കാരൻ (കാവൽക്കാരൻ) വഴിയായി ആലോചന നല്കുന്നു. അങ്ങനെ ആലോചനകളെ എന്റെ മാസിക വഴി ഞാൻ എഴുതുമ്പോൾ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട നേതാക്കൾ, ഡയോസിസ് ഭാരവാഹികൾ, ബിഷപ്പുമാർ, അച്ചന്മാർ, പാസ്റ്റർമാർ, സഹോ.ഡി.ജി.എസ്.ദിനകരനെ പോലുള്ള ദൈവവേലക്കാർ ബാധിക്കപ്പെടുന്നു. അതുകൊണ്ട് അവർ എല്ലാവരും എന്നെ വെറുക്കുന്നു, പകയ്ക്കുന്നു. ഈ മാസ ജാമക്കാരൻ മാസികയിൽ ഞാൻ മാർത്തോമ്മാ സഭയുടെ പ്രധാന പദവിയിലുള്ള ബിഷപ്പായ മോസ്റ്റ്.റവ.ക്രിസ്റ്റോസം തിരുമേനി അവർകളെക്കുറിച്ച് എഴുതിയിരിക്കുന്നു. അദ്ദേഹത്തെക്കുറിച്ച് എഴുതുമ്പോൾ, എന്റെ മനസു വേദനിച്ചു. അതു എഴുതാതെ ഒഴിവാക്കാൻ എന്നെക്കൊണ്ട് സാധിച്ചില്ല. കേരളത്തിൽ 1969-ാം വർഷത്തിൽ കൺവൻഷൻ പ്രസംഗിയായി എന്നെ പരിചയപ്പെടുത്തിയതു മാർത്തോമാ സഭയാണ്. കേരളത്തിലും, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും, ലോകം മുഴുവനുമുള്ള എല്ലാ മാർത്തോമാ സഭകളിലും 1969-ാം വർഷം തുടങ്ങി. 1981-ാം വർഷം വരെ പ്രസംഗിച്ചിട്ടുണ്ട് എന്ന് പറയുവാൻ എനിക്ക് അഭിമാനമുണ്ട്. അന്ന് മുതൽ ഇന്ന് വരെ എന്റെ ദൈവവേലയെയും മാസിക വഴിയായി ചെയ്യുന്ന ശുശ്രൂഷയെയും, ഞാൻ ചെയ്യുന്ന മിഷണറി പ്രവർത്തനങ്ങളെയും പണത്താലും പ്രാർത്ഥനയാലും താങ്ങിക്കൊണ്ടിരിക്കുന്ന മാർത്തോമാ വിശ്വാസികൾ ലക്ഷക്കണക്കിനുണ്ട്. അതുകൊണ്ടാണ് **ഞാൻ സ്നേഹിക്കുന്ന മാർത്തോമാ സഭ** എന്ന തലക്കെട്ടിൽ സൂചിപ്പിച്ചത്.

# ദളിത് യുവതിയെ പ്രണയിച്ച ബിഷപ്പ്

കേരളത്തിലെ തിരുവല്ല ആസ്ഥാനമായ മർത്തോമാ സഭയുടെ സീനിയർ മെട്രോപ്പോളിറ്റൻ ബിഷപ്പാണ് 1918 ഏപ്രിൽ 27-ന് ജനിച്ച ഫിലിപ്പോസ് മാർ ക്രിസോസ്റ്റം (യഥാർത്ഥ പേര് - ഫിലിപ്പ് ഉമ്മൻ). 97 വയസ്സായ ബിഷപ്പ് മാർത്തോമാ സമൂഹത്തിനാകെ മുത്തശ്ശനാണ്: നർമ്മവും നറുമണം തൂകുന്ന പുഞ്ചിരിയം കൈമുതലാക്കിയ വ്യക്തിയാണ് ബിഷപ്പ്. തന്റെ അടുക്കൽ വരുന്ന ആരിലേക്കും നന്മയും, ഊർജ്ജവും പ്രസരിപ്പിക്കുന്ന സവിശേഷത ഇദ്ദേഹത്തിനുണ്ട്. ഇടപഴകുന്ന ആർക്കു തന്നിലെ മാസ്മരിക വ്യക്തിത്വം മനസ്സിലാക്കാനാകും. ആവശ്യത്തിലിരിക്കുന്നവരെ അറിഞ്ഞു സഹായിക്കാൻ എപ്പോഴും ഒരുക്കമുള്ള വ്യക്തി. തന്റെ വ്യക്തിപരമായ കാര്യങ്ങൾ, ഹൃദയത്തിൽ മേൽകൊള്ളുന്ന വിഷയങ്ങളായ ആത്മീയതയിലെ ജാതി, രാഷ്ട്രീയം എന്നിവ മാത്യു സാമുവേലുമായുള്ള അഭിമുഖത്തിൽ തുറന്ന് സംസാരിക്കുന്നു. ഇന്റർവ്യൂവിന്റെ ചില ഭാഗങ്ങൾ ചുവടെ:

# അഭിമുഖ സംഭാഷണം

*** മർത്തോമാ സഭയുടെ അദ്ധ്യക്ഷ പദവിയിൽ നിന്ന് മാറി നില്ക്കുന്നതിനു കാരണം?**

ഓ അതൊരു വലിയ വിഷയമല്ല. എന്റെ ജോലി ഞാൻ ഭംഗിയായി നിർവ്വഹിച്ചു. അക്കാലങ്ങളിൽ ഒരേയൊരു കരിയാച്ചനെയാണ് ഉപയോഗിച്ചിരുന്നത് (കലുഷിതമായ സഭാന്തരീക്ഷങ്ങളെ

സാധാരണ നിലയിലാക്കുന്ന വ്യക്തി). അവർക്ക് പ്രായോഗികജ്ഞാനം ഏറെയുണ്ടായിരുന്നു. ഇന്ന് കരിയാച്ചന്മാർ ഏറെയാണ്. അവരുടെ എണ്ണം നൂറുകണക്കിനാണ്. സമാധാനമായി ജീവിക്കാനാഗ്രഹിക്കുന്ന സാധാരണ മനുഷ്യനാണ് ഞാൻ. നാട്ടിൻ പുറവും അവിടുത്തെ ജനങ്ങളുടെ ചിന്തകളും അവരോടുള്ള സഹവാസവും ഏറെ ഇഷ്ടപ്പെടുന്നു. നിലവിലുള്ള സഭാനേതൃത്വം **കള്ളന്മാരുടെ ഗുഹയാണ്**. അക്കൂട്ടത്തിൽച്ചെന്ന് ഞാനും ഒരു കള്ളനാകാൻ ആഗ്രഹിക്കുന്നില്ല. ഞാൻ സൂചിപ്പിച്ചതിലെ അർത്ഥം താങ്കൾക്കു മനസ്സിലായിരിക്കുമല്ലോ?

*** താങ്കൾ സത്യത്തിന്റെ കാവൽക്കാരനാണ്, അല്ലേ? താങ്കൾ ഒരിക്കലും കള്ളം ചെയ്തിട്ടില്ലന്നാണോ?**

ആരാ പറഞ്ഞത്? ഞാൻ ശൈശവത്തിൽ ഒരു പെരും കള്ളനായിരുന്നെന്ന്? സാധാരണ എല്ലാ കുഞ്ഞുങ്ങളും ചെയ്യുന്നതുപോലുള്ളവ ഞാനും ചെയ്തിട്ടുണ്ട്. ഒരു സംഭവം വിവരിക്കാം. മാരാമൺ കൺവെൻഷൻ നടക്കുന്ന സമയം. അമ്മ എനിക്ക് കാണിയ്ക്കയിടാൻ ഒരു അണ തന്നു. കപ്പലണ്ടി കഴിക്കാൻ ഒരു അണ കൂടെ അമ്മയോട് ചോദിച്ചു. തന്നില്ല. അതുകൊണ്ട് ഒരു അണയെ രണ്ടായി പകുത്ത് 1/2 അണ ദൈവത്തിനും 1/2 അണ കപ്പലണ്ടിക്കും ചെലവഴിച്ചു. ഇതുപോലൊരു സംഭവം കേട്ടിട്ടുണ്ടോ?

*** അപ്പോൾ ദൈവത്തിനുള്ള കാശ് മോഷ്ടിച്ചു?**

ദൈവം ആരുടെയും കാശ് ആവശ്യപ്പെടുന്നില്ല. നാം ദൈവത്തിന് കൊടുക്കുന്നു. ദൈവം എപ്പോഴെങ്കിലും താങ്കളോട് കാശ് ആവശ്യപ്പെട്ടിട്ടുണ്ടോ?

*** ജീവിതത്തിലെ അവിസ്മരണീയ സംഭവം പറയാമോ?**

തമിഴ്നാട്ടിലെ ജോലാർപേട്ടൈ റയിൽവേ സ്റ്റേഷനിൽ പോർട്ടറായിട്ടായിരുന്നു എന്റെ ജോലിയുടെ തുടക്കം. ഒരു ദിവസം ജോലിക്ക് വേണ്ടി കാത്തു നില്ക്കവേ ഒരു മനുഷ്യൻ തന്റെ അമ്മയും മകളുമായി സ്റ്റേഷനിലെത്തി. ലഗ്ഗേജുകളുടെ അമിതഭാരം നിമിത്തം വല്ലാതെ കഷ്ടപ്പെടുകയായിരുന്നു. ആ മനുഷ്യൻ എന്നോട് ഈ ചുമട് ചുമക്കുന്നതിനു എത്ര കാശാകും എന്ന് ചോദിച്ചു. ഞാൻ പറഞ്ഞു: "താങ്കൾക്ക് 30 മിനിറ്റ് അദ്ധ്വാനത്തിനായി എത്ര കൂലി ലഭിക്കുമോ? അത്രയും മതി." അദ്ദേഹം ഒരു നിമിഷം പകച്ചു. ഇങ്ങനെ പറഞ്ഞു "നല്ലത്. നിങ്ങൾ ഉയർന്ന ചിന്താഗതിക്കാരനാണല്ലോ." ജോലിക്കൊടുവിൽ കൂടുതൽ കാശ് നല്കാനൊരുങ്ങി. ഞാനിങ്ങനെ പറഞ്ഞു: "എന്നെ ഇഷ്ടപ്പെട്ടതുകൊണ്ട് നിങ്ങൾ കൂടുതൽ കാശ് നല്കുന്നു. പക്ഷേ നിങ്ങൾ ഇഷ്ടപ്പെട്ടു എന്ന കാരണത്താൽ അധികം കാശ് എനിക്കു വേണ്ട. എന്റെ ജോലിക്കുള്ള കൂലി മതി.'' പിന്നീട് അദ്ദേഹം ഏറെ നിർബന്ധിച്ചു. ഇന്ന് ഇങ്ങനെ നടക്കുന്നത് വിരളം. തങ്ങൾക്കിഷ്ടപ്പെടുന്നവർക്ക് വാരിക്കൊടുക്കുക; കഠിനാദ്ധ്വാനികൾക്ക് നല്കുകയില്ല. ഞാൻ പറയുന്നത് ശരിയല്ലേ!

*** താങ്കളുടെ വായനാശീലം പറയാമോ? ആനുകാലിക സംഭവങ്ങളിൽ ശ്രദ്ധയുണ്ടാകാറുണ്ടോ?**

ജവഹർലാൽ നെഹ്റുവിന്റെയും, ഇന്ദിരാഗാന്ധിയുടടെയും സെക്രട്ടറിയായിരുന്ന എം.ഒ മത്തായി, നെഹ്റു കുടുംബത്തിന്റെ ഏറ്റവും അടുപ്പമുള്ള വ്യക്തികളിലൊരാളാണ്. അദ്ദേഹം യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവയിൽ എന്റെ സീനിയറും അടുത്ത സുഹൃത്തുമായിരുന്നു. ഒരിക്കൽ മത്തായിച്ചാ (സ്നേഹത്തോടെ അങ്ങനെയാണ് വിളിക്കാറുള്ളത്) ഇന്ദിരയെക്കുറിച്ച് എന്തിനാ ഇങ്ങനെയൊക്കെ എഴുതുന്നത്? അവരോടൊപ്പം ജോലി ചെയ്യുമ്പോൾതന്നെ ഇങ്ങനെ

എതിരായി എഴുതിയാലോ? എന്തിനാ ഇങ്ങനെയൊക്കെ ചെയ്യുന്നത്?" അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഞാനല്ലെങ്കിൽ മറ്റൊരാൾ ഇത് എഴുതിയേ തീരൂ. സാഹചര്യം അതാണ്. നീണ്ടകാലം ഒരു വ്യക്തിയുടെ കൂടെ ജോലി ചെയ്യുന്നയാൾ ഒരുനാൾ ആ വ്യക്തിയുടെ സ്നേഹം കൂടുകയോ എതിരാവുകയോ ചെയ്യും. അതുപോലൊരു സാഹചര്യത്തിൽ അങ്ങനെ പ്രതികരിക്കരുത് എന്ന് എങ്ങനെ ചിന്തിക്കാം?

## * താങ്കൾക്ക് ഇഷ്ടപ്പെട്ട രാഷ്ട്രീയക്കാർ ആരൊക്കെ?

ഞാനിഷ്ടപ്പെടുന്നതു വിശ്വസിച്ചതുമായ ഒത്തിരി രാഷ്ട്രീയക്കാരുണ്ട്. പക്ഷേ എല്ലാവരും കള്ളന്മാരോടൊപ്പം ചേർന്നു. അവർ ഒളിഞ്ഞും തെളിഞ്ഞും പല കുംഭകോണങ്ങൾ നടത്തി. അവരിലുള്ള ഇഷ്ടം ഇപ്പോഴില്ല.

*** മാർത്തോമ്മാ സഭ ബിഷപ്പന്മാർക്ക് വിവാഹം അനുവദിച്ചിട്ടില്ല. സ്ത്രീകളുടെ സൗന്ദര്യം ആസ്വദിക്കാറുണ്ടോ? ആരോടെങ്കിലും പ്രേമത്തിലായിരുന്നോ?**

തീർച്ചയായും. താങ്കളെപ്പോലെതന്നെ ഞാനും. ഞാൻ രണ്ടുപേരെ പ്രേമിച്ചു. ഒന്ന്: ഞാൻ സ്കൂളിൽ പഠിക്കുമ്പോഴായിരുന്നു. എനിക്ക് വളരെ ഇഷ്ടമായിരുന്നു. ഞാൻ പുരോഹിതനായ ശേഷം ഒരു കുർബാന മദ്ധ്യേ കണ്ടു.

*** രണ്ടാമത്തേതോ?**

എന്നെ ഏറെ സ്വാധീനിച്ച കുട്ടി. ഞങ്ങളുടെ വീട്ടിലെ ജോലി ചെയ്തിരുന്ന ഒരു ദളിതന്റെ മകൾ. അവളെ വിവാഹം കഴിക്കാനും തീരുമാനിച്ചു. എന്റെ വീട്ടുകാർ മൊത്തം എതിര് നിന്നു. അവരുടെ നിലപാട് ഇതായിരുന്നു. പ്രേമത്തിൽ വീണത് വലിയ കുറ്റം; അതും ഒരു ദളിത് യുവതിയിൽ. അന്നത്തെ ആ സാഹചര്യം നിങ്ങൾക്ക് ഊഹിക്കാവുന്നതേയുള്ളൂ. അതേ ചിന്തകൾ തന്നെ സമൂഹത്തിൽ നിലനില്ക്കുന്നു. ഭാഗ്യത്തിന് എന്റെ ജ്യേഷ്ഠൻ അങ്ങനെയൊരു ബന്ധത്തിൽ വീണില്ല.

ഭാവിയിൽ സംഭവിക്കാവുന്ന പ്രശ്നങ്ങളെക്കുറിച്ച് ജ്യേഷ്ഠൻ വിവരിച്ചു. ഞാൻ മാത്തുക്കുട്ടിയുടെ (ഉയർന്ന ജാതിയിലെ) മകളെയും നീ ദളിതനായ അഴകപ്പന്റെ മകളെയും വിവാഹം ചെയ്തു എന്ന് കരുതുക. വിവാഹശേഷം മകളെ കാണാൻ അവർ ഇരുവരും വന്നു. മാത്തുകുട്ടിയ്ക്ക് ഇരിക്കാൻ ചെയറും അഴകപ്പന് തറയിൽ ഇരിക്കാൻ ഒരു പായയും നൽകിയാൽ അവിടെ തുടങ്ങും പ്രശ്നങ്ങൾ. ഞാൻ സാഹചര്യം മനസ്സിലാക്കി. വിവാഹത്തിനുള്ള ഉദ്യമത്തിൽ നിന്ന് പിന്മാറി. ഇതാണ് എന്റെ പ്രേമചരിത്രം.

*** രാഷ്ട്രീയത്തിലുള്ള ഇടപെടലുകൾ എന്തൊക്കെയാണ്?**

ഞാൻ നെഹ്റുവിനെക്കണ്ട് സംഭാഷിച്ചിട്ടുണ്ട്. അളവിൽ നല്ല വൃത്തി. പക്ഷേ അദ്ദേഹത്തിന്റെ എല്ലാ നിലപാടുകളോടും യോജിപ്പില്ല. അന്ന് സായിപ്പ് നമ്മെ ഭരിച്ചു. ഇന്ന് മദാമ്മ (സോണിയാഗാന്ധി) ഭരിക്കുന്നു. വലിയ വ്യത്യാസമൊന്നുമില്ല. ചക്രം കറങ്ങിക്കൊണ്ടേയിരിക്കുന്നു.

*** നമുക്ക് ആത്മീയത്തിലേക്ക് മടങ്ങിവരാം. ഞാൻ എന്തിന് ദൈവത്തെ ധ്യാനിക്കണം? ഞാൻ എന്തിന് ദൈവത്തെ നോക്കി പ്രാർത്ഥിക്കണം?**

ദൈവത്തെ വിളിക്കാൻ ആരാ പറഞ്ഞത്? ദൈവത്തിന് താങ്കളെ ആവശ്യമെങ്കിൽ ദൈവം വിളിക്കും. നാം ദൈവത്തിന്റെ ആവശ്യത്തിനായി നിലകൊള്ളുന്നവരാണ്. ഓരോ മിനിറ്റിലും

നമ്മുടെ കർമ്മത്തിൽ ശ്രദ്ധയൂന്നുക. ഇന്നത്തെ കാലത്ത് ജനത്തിന് ഈ തിരിച്ചറിവ് ഇല്ലാതെയായിക്കൊണ്ടിരിക്കുന്നു.

*** മാർത്തോമാ സഭ വിട്ട് പെന്തകോസ്ത് സഭകളിലേക്ക് മാറുന്നവരെക്കുറിച്ചുള്ള താങ്കളുടെ നിലപാട് എന്താണ്?**

പോകുന്നവർ അവിടെ എന്ത് നടക്കുന്നു എന്ന് കാണട്ടെ. അവിടെ പോയതുകൊണ്ട് സ്വർഗ്ഗത്തിൽ പോകാൻ മെച്ചമായി ഒന്നുമില്ല എന്ന് മനസ്സിലാകും. കാര്യങ്ങൾ വകതിരിച്ച് മനസ്സിലാക്കുമ്പോൾ പോയവർ മടങ്ങിവരും. ഇതൊരു ചക്രിയ വലയമാണ്. ഇത് പ്രലോഭനത്തിന്റെയും വികാരത്തിന്റെയും കാര്യമാണ്, ആദാമിനും ഹവ്വയ്ക്കും സംഭവിച്ചതുപോലെ.

*** അങ്ങനെയെങ്കിൽ മാർത്തോമാസഭാ വളർച്ചയുടെ പാതയിൽ എന്നാണോ?**

കറിയാച്ചന്മാർ വരുന്നു പോകുന്നു. കുഴപ്പമൊന്നുമില്ല.

*** ഒന്നു വിശദീകരിക്കാമോ?**

ഒരു സംഭവം കൂടെ വിവരിക്കാം. വളരെ മുമ്പ് കോഴഞ്ചേരിയിലെ ജനങ്ങൾ തിരുവനന്തപുരം കാണാൻ പോയി. ധാരാളം സംഘങ്ങളെയും വ്യക്തികളെയും കണ്ടു. കണ്ടതെല്ലാം ഇഷ്ടപ്പെട്ടു. കൂട്ടത്തിൽ പോയ മോനച്ചൻ ഒരു വലിയ പ്ലാവും നിറയെ ചക്കപ്പഴങ്ങളും മാത്രം കണ്ടു. മറ്റൊന്നും കാഴ്ചയിൽ വന്നില്ല. കറിയാച്ചന്മാർക്ക് ഇന്ന് സംഭവിക്കുന്നതും ഇതുതന്നെ. അവർക്ക് കാഴ്ച മങ്ങി കാണേണ്ടവ കാണുന്നില്ല.

*** ഈ രണ്ട് സഭാവിഭാഗങ്ങൾക്കിടയിൽ കേരളത്തിൽ ഒരു യുദ്ധത്തിന്റെ പ്രതീതിയുണ്ടോ?**

ഞാൻ ഒരു പടക്കം പൊട്ടിച്ച് നില വഷളാക്കാൻ ആഗ്രഹിക്കുന്നില്ല. കാരണം എനിക്ക് അവരോട് ഒരു പ്രശ്നവുമില്ല. അവരെക്കുറിച്ച് പ്രകോപനപരമായ രണ്ടു വാക്ക് എന്റെ വായിൽ നിന്ന് വരണമെന്ന് ആഗ്രഹിക്കുന്നോ? അവരുടെ ഫ്ളാറ്റ്ഫോമിൽ നിന്നുകൊണ്ട് കാലങ്ങളായി യുദ്ധം തുടരുന്നു. ഇപ്പോഴും പുതിയ യുദ്ധങ്ങൾക്കുള്ള കാരണം അവർ തേടിക്കൊണ്ടിരിക്കുന്നു!

Courtesy: Tehelka Magazine (Selected )

## മാർത്തോമാ മെത്രപ്പോലീത്താ മോസ്റ്റ്.റൈറ്റ്.റവ.ക്രിസ്തോസം തിരുമേനി അവർകൾ - Dr.PUSHPARAJ

ക്രിസ്തോസം തിരുമേനി അവർകൾ എന്നോട് (ഡോ.പുഷ്പരാജ്) സ്നേഹവും, നല്ല അഭിപ്രായവും ഉള്ള വ്യക്തിയാണ്. എന്റെ പല കൺവെഷനുകളിലും അദ്ധ്യക്ഷ പദവി വഹിച്ചിട്ടുണ്ട്. എന്നെ പുകഴ്ത്തിയിട്ടുമുണ്ട്. എന്നാലും ഇപ്പോൾ അദ്ദേഹത്തെക്കുറിച്ച് വന്ന വാർത്തകളെ വെളിപ്പെടുത്തേണ്ടി വന്നതിൽ എനിക്ക് അത്ര സന്തോഷമില്ല. കഴിഞ്ഞ വർഷം ബിഷപ്പ് അവർകൾ നടത്തിയ അഭിമുഖ സംഭാഷണം മൂലം മാർത്തോമാ സഭയുടെ നേതാക്കളുടെ ഇപ്പോഴത്തെ ആത്മീകസ്ഥിതി വെളിപ്പെട്ടു.

മാർത്തോമാ മെത്രാപോലീത്താ അവർകളുടെ ഏറ്റുപറച്ചിലും, മാർത്തോമാ സഭയുടെ മറ്റു ബിഷപ്പുമാരുടെ ആത്മീകവും. മുകളിൽ വായിച്ച ബിഷപ്പു അവർകളുടെ സംഭാഷണത്തിൽ മാർത്തോമാ സഭകളുടെ ചില രഹസ്യങ്ങൽ ബിഷപ്പു അവർകളിൽ 97-ാം വയസ്സിന്റെ അനുഭവരീതിയായി വെളിപ്പെട്ടത് ഒളിപ്പിക്കാൻ സാധിക്കാത്ത കാര്യങ്ങൾ ആണ്. ആദ്യത്തെ ചോദ്യമായി ഇപ്പോഴുള്ള മാർത്താമാ സഭാ നേതാക്കളെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്ത്?

THE CURRENT CHURCH LEADERSHIP IS FULL OF LIARS AND I'DON'T WANT TO LIE
ഇപ്പോഴുള്ള സഭാ നേതാക്കന്മാർ എല്ലാവരും കള്ളം പറയുന്നവരാണ്.

ബിഷപ്പു അവർകൾ ആരെക്കുറിച്ചു കള്ളന്മാർ എന്ന് അറിയിക്കുന്നു. താനും ഒരു കള്ളൻ തന്നെ. കുട്ടിക്കാലം മുതൽ കള്ളം പറയുന്നത് എന്റെ ശീലം എന്ന് അദ്ദേഹം പറയുന്നു.

* അദ്ദേഹത്തിന്റെ ആരംഭകാല ജീവിതത്തെകുറിച്ച് പറഞ്ഞു കേൾക്കുമ്പോൾ മനസ്സിൽ വലിയ പ്രയാസം തോന്നുന്നു. മാർത്തോമാ സഭയിൽ വലിയ തറവാട്ടിൽ ഉള്ളവരെ മാത്രമാണു ബിഷപ്പായിട്ടു തെരഞ്ഞെടുക്കുന്ന പതിവ്. ക്രിസ്റ്റോസം തിരുമേനി അവർകൾ കേരളത്തിൽ വലിയ തറവാട്ടിൽ ജനിച്ചതായ ഇദ്ദേഹം കേരളത്തിനും, മദ്രാസിനും ഇടയിൽ ഉള്ള ജോലാർപെട്ടെ എന്ന റെയിൽവേ സ്റ്റേഷനിൽ ഒരു സാധാരണ റെയിൽവേ പോർട്ടറായി ചുമട്ടു തൊഴിലാളിയായി കൂലിവേല ചെയ്തു എന്ന് അദ്ദേഹം പറഞ്ഞു കേൾക്കുമ്പോൾ വളരെ വിഷമം ഉണ്ടാകുന്നു. ഇദ്ദേഹം കൂലി പണി ചെയ്യാൻ തക്കവണ്ണം എന്തു നടന്നു എന്നറിയുന്നില്ല.

* അടുത്തതാണ് പ്രധാന ചോദ്യം. മാർത്തോമാ സഭ ബിഷപ്പുമാർ വിവാഹം ചെയ്യുന്നത് സഭയുടെ ചട്ടം അനുവദിക്കുന്നില്ല. അങ്ങനെയിരിക്കെ നിങ്ങളുടെ ജീവിതത്തിൽ സ്ത്രീകളോടു രസിച്ചിട്ടുണ്ടോ? ആരെയെങ്കിലും പ്രേമിച്ചിട്ടുണ്ടോ? ബിഷപ്പിന്റെ മറുപടി. അതെ. ഞാനും ഒരു മനുഷ്യൻ തന്നെ എന്റെ വീട്ടിൽ പണി ചെയ്യുന്ന ഒരു **പണിക്കാരിയെ** ഞാൻ പ്രേമിച്ചു. എന്റെ തറവാട്ടിലുള്ളവർ അത് അനുവദിച്ചില്ല. അതിന്റെ ശേഷം മറ്റൊരു പെണ്ണിനെ ഞാൻ പ്രേമിച്ചു. അതും മുടങ്ങിപ്പോയി. എന്നെല്ലാം ബിഷപ്പു അവർകൾ തന്റെ ജീവിതത്തിലുള്ളത് പരസ്യമായി ഒന്നും മറയ്ക്കാതെ പറഞ്ഞത് നിങ്ങൾ വായിച്ചു കാണും.

മാർത്താമോ ബിഷപ്പുമാർ വിവാഹം കഴിക്കാത്തതിനെക്കുറിച്ചും, ബിഷപ്പുമാർ തീർച്ചയായും വിവാഹം കഴിക്കണം എന്നത് വേദവചനത്തിന്റെ കല്പനയാണ് എന്ന് പലവർഷങ്ങൾക്കുമുമ്പ് ഞാൻ ജാമക്കാരനിൽ എഴുതി. പ്രോട്ടസ്റ്റന്റ് സഭയ്ക്ക് ആരാധനയിൽ ധൂപ കുറ്റി ആവശ്യമില്ല എന്നെല്ലാം ഞാൻ മാർത്തോമാ അച്ചന്മാരോടും, ചില ബിഷപ്പുമാരോടും (തിമോഥി തിരുമേനി) ഞാൻ പങ്കുവച്ചിട്ടുണ്ട്. അത് അവർക്കു ഇഷ്ടപ്പെട്ടില്ല. ഇങ്ങനെ പറഞ്ഞ ചില ഉപദേശ വിഷയങ്ങളോടു ചേർത്ത് വേറെ ചില വിഷയങ്ങളും കൂട്ടി ചേർത്ത് മാർത്തോമാ സഭയിൽ നിന്നും എന്നെ മുടക്കി.

* വേദപുസ്തകത്തിൽ തിമൊഥിയോസ്, തീത്തോസ് തുടങ്ങിയ ലേഖനങ്ങളിൽ ബിഷപ്പുമാർ വിവാഹം ചെയ്യേണം എന്ന് കല്പനയായി തന്നെ എഴുതിയിരിക്കുന്നു **തന്റെ സ്വന്തകുടുംബത്തെ ഭരിക്കാത്തവൻ സഭയെ എങ്ങനെ ഭരിക്കും?**

പൗലോസ് പറയുന്നു : വിവാഹം ചെയ്യാതിരിക്കുവാൻ ........“വ്യാജാത്മാക്കളെയും, ഭൂതങ്ങളുടെ ഉപേദശങ്ങളെയും ആശ്രയിച്ചു. ഭോഷ്കു പറയുന്നവരുടെ കപടത്താൽ ..... സ്വന്ത മനഃസാക്ഷിയിൽ ചൂടുവെച്ചവരായി വിവാഹം വിലക്കുകയും ......... കല്പിക്കുകയും ചെയ്തു.” 1 തിമൊഥെയോസ് 4:1-3. ഇങ്ങനെയെല്ലാം വേദപുസ്തകം കൽപിക്കുമ്പോൾ തന്നെ അന്നത്തെ കാലത്തു പിരിഞ്ഞു മാർത്തോമാ സഭയായി രൂപീകരിക്കപ്പെട്ടപ്പോൾ, ആ സഭയ്ക്ക് നിയമങ്ങൾ ഉണ്ടാക്കിയ അന്നത്തെ മാന്യന്മാർ ഈ ദൈവവചനത്തെ മറിച്ചു. അതുകൊണ്ടാണ് മാർത്തൊമാ സഭയുടെ ഒരു ബിഷപ്പു പലരെയും പ്രേമിക്കുകയും, വിവാഹം ചെയ്യാതെ തന്നെ ലൈംഗിക സന്തോഷം അനുഭവിക്കുകയും ചെയ്തു എന്ന് തെളിവോടു പുറത്തുവരാൻ തുടങ്ങി. ചില ബിഷപ്പുമാർ സോദോം ഗോമാറയിൽ

സംഭവിച്ച ഹോമോ സെക്സ് പാപത്തിനു അടിമയായ വിഷയം ഏഷ്യാനെറ്റ് ടി.വിയിൽ വരത്തക്കവണ്ണം പാപപ്രശ്നങ്ങൾ പരസ്യമാക്കപ്പെട്ടു. അതുകൊണ്ടാണ് പൗലോസ് അപ്പോസ്ഥലൻ പറയുന്നത്. "അഴലുന്നതിനെക്കാൾ വിവാഹം ചെയ്യുന്നത് നല്ലത്" 1 കൊരിന്ത്യർ 7:9

* ഇപ്പോഴുള്ള വലിയ തിരുമേനിയുടെ പദവിയിലുള്ള ഐറേനിയസ് തിരുമേനിയെ കുറിച്ച് പല പരാതികളും ആരോപണങ്ങളും ഉണ്ടായിട്ടുണ്ട്. പല അച്ചന്മാരുടെ ഭാര്യമാരും കുടുംബക്കാരും. അന്നത്തെ വലിയ തിരുമേനിയായി ഇരുന്ന അലക്സാണ്ടർ മെത്രാപോലീത്ത അവൾകൾക്ക് പരാതി എഴുതിയിട്ടും നടപടി എടുത്തിട്ടില്ല. മാർത്തോമാ സഭയിലെ **മണ്ഡലത്തിലുള്ള** അംഗങ്ങളിൽ പലർ യഥാർത്ഥ വിശ്വാസികൾ ആയിരുന്നു എന്നാലും ഒരു ബലഹീനത. ബിഷപ്പുമാരോ അച്ചന്മാരോ പാപത്തിൽ പിടികൂടിയാലും അവരെ ശിക്ഷിക്കുന്നില്ല. അവർകളോടു കാണിക്കുന്ന ബഹുമാനം കുറയുന്നില്ല. ബിഷപ്പുമാർ പറഞ്ഞാൽ



Most Rev.Irienus

അതുപോലെ അനുസരിക്കുന്ന കെട്ടുറപ്പ് മാർത്തോമാ സഭയിൽ ഉണ്ട്. ഈ ബലഹീനത കൊണ്ടാണ് ഐറേനിയസ് തിരുമേനി അവർകളുടെ മേൽ പല ആരോപണങ്ങളും അപവാദങ്ങളും ഉണ്ടായിട്ടും, ഞാൻ ജാമക്കാരനിൽ പരസ്യമായി എഴുതിയിട്ടും, ശിക്ഷയ്ക്കു പകരം ഉന്നത പദവി സമ്മാനമായി കൊടുത്തു. ഇന്ന് മാർത്തോമാ തലസ്ഥാനത്ത് ഏറ്റവും ഉയർന്ന പദവിയായ കസേരയിൽ ഇരുന്നു ഭരിക്കുന്നു.

* ഇതെല്ലാം ഓർത്താണ് ബിഷപ്പ് ക്രിസ്റ്റോസം അവർകൾ അഭിമുഖ സംഭാഷണത്തിൽ ഇപ്പോൾ മാർത്തോമാ സഭയിൽ ഉള്ള എല്ലാ നേതാക്കളും (ബിഷപ്പുമാരും) കള്ളന്മാർ എന്ന് പരസ്യമായി അറിയിച്ചത്.

* ആത്മീക വീഷയങ്ങളെക്കുറിച്ച് അദ്ദേഹത്തോട് ചോദിച്ച ചോദ്യത്തിന് കർമ്മത്തെ ഞാൻ വിശ്വസിക്കുന്നു. ദൈവത്തെ വിളിക്കുന്നതിനെക്കാൾ, പ്രാർത്ഥിക്കുന്നതിനെക്കാൾ കർമ്മ പ്രവർത്തനത്തെയാണ് ഞാൻ വിശ്വസിക്കുന്നത്. അതുകൊണ്ടാണ് ബിഷപ്പ് ക്രിസ്റ്റോസം അവർകൾ കൃഷ്ണ ക്ഷേത്രത്തിൽ ചെന്ന് വിഗ്രഹത്തിന് മാലയിട്ട് തൊഴുതു തന്റെ വിശ്വാസത്തെ വെളിപ്പെടുത്തിയത്. അതുകൊണ്ട് കൃഷ്ണൻ ഉപദേശിച്ച ഭഗവത്ഗീതയിലെ കർമ്മത്തെ അവർ വിശ്വസിക്കുന്നു. ഇവർക്കു മുൻപു മരിച്ച വലിയ തിരുമേനിയായ അലക്സാണ്ടർ മെത്രോപോലീത്ത അവർകൾ ഹൈന്ദവരുടെ ഗീത പഠിച്ചു. അതിൽ ഡോക്ടറേറ്റ് എടുത്തതായി പറയപ്പെടുന്നു. "ഇടയൻ ഏതുവഴിയോ ആടുകളും അതേ വഴി!" ഇങ്ങനെയുള്ള നേതാക്കൾ ഉള്ള മാർത്തോമാ സഭാജനങ്ങളെക്കുറിച്ച് മനസ്സിൽ വളരെ വിഷമം എനിക്ക് ഉണ്ട്. എങ്കിൽ വലിയ ക്രിസ്തീയ സഭയായ മാർത്താമാസഭ നേതാക്കന്മാരെക്കുറിച്ച് നമ്മുടെ ദൈവമായ യേശുക്രി സ്തുവിന്റെ മനസിൽ എത്ര വലിയ വേദന ഉണ്ടായിരിക്കും . അതുകൊണ്ട് യേശുക്രിസ്തു പറയുന്നു : "അവർ നിങ്ങളോടു പറയുന്നതു ഒക്കെയും പ്രമാണിച്ചു ചെയ്യുവിൻ അവരുടെ പ്രവർത്തികൾ പോലെ ചെയ്യരുത് താനും. അവർ പറയുന്നതല്ലാതെ ചെയ്യുന്നില്ലല്ലോ" മത്തായി 23:3. ഞാൻ ഇങ്ങനെയുള്ള വിഷയങ്ങൾ എഴുതുന്നതിന്റെ പ്രധാന ഉദ്ദേശം സഭ ജനങ്ങൾക്ക് ബോധവൽക്കരണം ഉണ്ടാകാനും ബിഷപ്പുമാർ സഭയ്ക്കും യുവാക്കൾക്കും മാതൃകയായി ജീവിച്ച്, ഭരിക്കേണ്ട ബിഷപ്പുമാർ വിശുദ്ധിയോടു ജീവിച്ച് സഭയെ ആത്മീകത്തിൽ വഴി നടത്തി കൊണ്ടുപോകേണം.

മാർത്തോമാ സഭ സ്ഥാപിച്ച പിതാക്കന്മാരുടെ ആത്മീയം, എരിവ്, ഭക്തി, ദൈവഭയം ഇത് ഇപ്പോഴുമുള്ള ഭൂരിപക്ഷ ആളുകൾക്ക് ഇല്ല, കുറഞ്ഞുകൊണ്ടും വരുന്നു. ആ പിതാക്കന്മാർ ജീവിച്ചിരുന്നു എങ്കിൽ ഇപ്പോഴുള്ള സഭാ നേതാക്കളുടെ ഇങ്ങനെയുള്ള വാർത്തകളെ കേൾക്കുമ്പോൾ വളരെ ദുഃഖിക്കും. അവരെക്കാൾ ക്രിസ്തുവിന്റെ ശരീരമായ സഭയെ ഓർത്തു ദൈവം അധികം ദുഃഖിക്കും.

* ഇങ്ങനെ നേരത്തെ എഴുതിയതുകൊണ്ട് മാർത്താമാ നേതാക്കൾ എന്നെ വെറുത്തു മുടക്കം ചെയ്തു.



* ഞങ്ങളുടെ കോയമ്പത്തൂർ സി.എസ്.ഐ ഡയോസിസ് മുൻ ബിഷപ്പായ **റൈറ്റ്.റവ.ദുരെ അവർകൾ** ഡയോസിസിന്റെ പണം കോടിക്കണക്കിൽ വെട്ടിപ്പു നടത്തി. തെളിവോടു ഞാൻ മാസികയിൽ പരസ്യപ്പെടുത്തി. ജനങ്ങൾ അറിഞ്ഞു കോടതി വഴി നടപടി എടുത്തു. സിനഡും നടപടി എടുത്തു. ജയിലിൽ ആയി. ബിഷപ്പു സ്ഥാനം കൈവിട്ടു പോയി. ഇപ്പോൾ ഭാര്യയുടെ അസുഖത്തിന് ആശുപത്രി ചിലവിനായി സ്വർണാഭരണങ്ങൾ വിറ്റു ചിലവഴിക്കുന്നതായി അറിയുന്നു. അദ്ദേഹവും പരേതനായ മധുര ബിഷപ്പ് റൈറ്റ്.റവ.ആശീർ അവർകളും ചേർന്ന് എന്നെ സി.എസ്.ഐ. സഭയിൽ നിന്ന് മുടക്കാൻ പരിശ്രമിച്ചു നോക്കിയിട്ടു സാധിച്ചില്ല. പക്ഷെ സി.എസ്.ഐ സിനാഡ് എന്നെയല്ല, ബിഷപ്പിനെയാണ് മുടക്കിയത്.

* സി.എസ്.ഐ സിനാഡ്, സുനാമിയിൽ ബാധിക്കപ്പെട്ടവർക്ക് സഹായിക്കാൻ വേണ്ടി അമേരിക്ക ഇ.ആർ.ഡി സ്ഥാപനം അയച്ച പല കോടി രൂപകളെ അന്നത്തെ സി.എസ്.ഐ സിനാഡ് സെക്രട്ടറിയും മറ്റ് ബിഷപ്പുമാരും വെട്ടിപ്പു നടത്തി. ബാങ്കു അക്കൗണ്ട് തെളിവോടു വെട്ടിപ്പു നടത്തിയ കോടികളുടെ വിവരങ്ങൾ ജാമക്കാരൻ മാസിക വഴി അറിയിച്ചു. സി.ബി.ഐയും വെട്ടിപ്പു നടത്തിയതു കണ്ടുപിടിച്ചു. സി.എസ്.ഐ സിനഡു സെക്രട്ടറിയെ ജയിലിലാക്കി. സെക്രട്ടറി വെട്ടിപ്പു നടത്തിയ സിനാഡു പണത്തെ മെഡിക്കൽ ഡോക്ടറായ തന്റെ മകളുടെ പേരിൽ കോടിക്കണക്കായ രൂപ ഇട്ടതുകൊണ്ട് തെളിവോടു സി.ബി.ഐ വശം അകപ്പെട്ടു. ആ സമയം ഗർഭിണിയായ ആ മെഡിക്കൽ ഡോക്ടറായ മകളും, മരുമകനും ജയിലിലായി.

* ഇപ്പോഴും സുനാമി പണം, പല ബിഷപ്പുമാർ വാങ്ങി ചിലവാക്കി കണക്ക് ഏല്പിക്കാത്തതുകൊണ്ട് അമേരിക്ക ഇ.ആർ.ഡി സ്ഥാപനം കോടതിയിൽ കേസ് നടത്തിക്കൊണ്ടിരിക്കുന്നു. ഇ.ആർ.ഡി സ്ഥാപനം അയച്ച സുനാമി സഹായധനം വാങ്ങിയ ബിഷപ്പുമാരുടെ പട്ടിക ഇ.ആർ.ഡി സ്ഥാപനം പരസ്യപ്പെടുത്തി. പരസ്യപ്പെടുത്തിയ ബിഷപ്പുമാരുടെ പേരുകൾ ഉള്ള ഇ-മെയിൽ വിവരം എന്റെ ജാമക്കാരൻ മാസികയിൽ അതുപോലെ ഫോട്ടോ സഹിതം പരസ്യപ്പെടുത്തി ആ ലിസ്റ്റിൽ മദ്ധ്യകേരളാ ഡയോസിന്റെ പേരും ഉണ്ടായിരുന്നതുകൊണ്ട് അന്നത്തെ സമയം ഭാരവാഹികളായി ഇരുന്നവർക്ക് ഞാൻ എഴുതിയത് ഇഷ്ടപ്പെട്ടില്ല. അതിന്റെ ദോഷഫലം പല തടസ്സങ്ങൾ മൂലം എനിക്ക് മനസ്സിലാക്കാൻ സാധിച്ചു.

* എനിക്ക് എതിരെ ആക്രമണ ശ്രമം തമിഴ്നാട്ടിലെ തിരുനെൽവേലി ഡയോസിസ് നടത്തിയ കൺവെഷനിൽ ഞാൻ പ്രസംഗിക്കാൻ വന്നപ്പോൾ യോഗം തീരുന്നതുവരെ എന്നെ ആരും ആക്രമിക്കാതവണ്ണം സംരക്ഷിക്കുവാൻ അന്നത്തെ ബിഷപ്പു റൈറ്റ്.റവ.ജേസൻ ധർമ്മരാജ് അവർകളുടെ നിർദ്ദേശപ്രകാരം പല ലക്ഷങ്ങൾ പണം കൊടുത്തു. മദ്രാസിൽ നിന്ന് ബ്ലാക്ക് ക്യാറ്റ്സ് എന്നു പറയപ്പെടുന്ന പ്രൈവറ്റ് ഗുണ്ടാകളെ വരുത്തി. മൈതാനത്തിൽ 15,000 ജനങ്ങൾ കൂടിയിരിക്കുന്നു. ഞാൻ സ്റ്റേജിൽ പ്രസംഗിക്കുമ്പോൾ എന്റെ രണ്ടു വശത്തും ഈ ബ്ലാക്ക് ക്യാറ്റ് നിൽക്കുന്നത് ഞാൻ കണ്ടു. ജനങ്ങൾ ഇരിക്കെ ബ്ലാക്ക് ക്യാറ്റ്സ് മാത്രം നിന്നു ജനങ്ങളെ ശ്രദ്ധിക്കുന്നത് ഞാൻ താമസിച്ച ബംഗ്ലാവിൽ രാത്രിയിൽ ബ്ലാക് ക്യാറ്റ്സ് നിൽക്കുന്നത് ഞാൻ കണ്ടു. പിറ്റെ ദിവസം രാവിലെ അച്ചന്മാരോടു വിവരങ്ങൾ ചോദിച്ചു. പതിവില്ലാതെ ഇങ്ങനെ ഒരു ഏർപ്പാട് എന്തിനു വേണ്ടി? അപ്പോൾ ആ അച്ചൻ ആ രഹസ്യത്തെ പറഞ്ഞു. ഡോ.പുഷ്പരാജ് അവർകൾ സഹോദരൻ **ഡോ.ഡി.ജി.എസ്.ദിനകരനെക്കുറിച്ചും** ഓരോ കുടുംബത്തിലുള്ള കുഞ്ഞുങ്ങളുടെ പേരിൽ 2000 രൂപ വാങ്ങുന്ന ബാലജനപദ്ധതിയെ കുറിച്ചും എഴുതി. സഹോ.ജോൺ രവീന്ദ്രനാഥ് എന്ന വ്യക്തി തന്നോടു കൂടെ 35 വയസ്സുള്ള അവിവാഹിതയായ സ്ത്രീയെ കൂട്ടികൊണ്ടു പോകുന്നതും യോഗം നടക്കുന്ന സ്ഥലത്തു താമസിക്കുന്ന വീട്ടിൽ ഒരേ മുറിയിൽ ആ സ്ത്രീയോടു കിടന്നു ഉറങ്ങുന്നത് തെറ്റ് എന്ന് പല അച്ചന്മാർ ചൂണ്ടികാണിച്ചിട്ടും ആ പാപത്തെ തുടരുന്ന വിവരങ്ങൾ ഞാൻ മാസികയിൽ പ്രസിദ്ധപ്പെടുത്തി. ഇവർ രണ്ടുപേരുടെയും ആരാധകർ ബിഷപ്പിന് ഡോക്ടറെ ജീവനോടെ നാട്ടിലേക്ക് മടക്കി അയക്കത്തില്ല എന്ന് രക്തം കൊണ്ട് ഒപ്പിട്ടു ഊമകത്ത് അയച്ചതിന്റെ പേരിൽ ഭീഷണിപ്പെടുത്തിയതുകൊണ്ട് ഡോ.മടങ്ങിപ്പോകുന്നതുവരെ ഈ സംരക്ഷണ ഏർപ്പാട് ചെയ്തിരിക്കുന്നു എന്ന് അച്ചൻ പറഞ്ഞു. അപ്പോൾ ഞാൻ അച്ചനോടു പറഞ്ഞു. അച്ചാ ദൈവവേലക്കാർക്ക് ഇങ്ങനെയുള്ള സംരക്ഷണം ആവശ്യമില്ല. 127-ാം സങ്കീർത്തനത്തിൽ യഹോവ പട്ടണം കാക്കാതിരുന്നാൽ കാവൽക്കാരൻ വൃഥാ ജാഗരിക്കുന്നു എന്ന് എഴുതിയിട്ടുണ്ട്. നമ്മുടെ മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി അവർകളെ സംരക്ഷിക്കാൻ വേണ്ടി നിയമിച്ച ആളുകൾ ആണ് ഇന്ദിരഗാന്ധിയെ വെടിവച്ച് കൊന്നത്. ഇങ്ങനെയാണ് മനുഷ്യരുടെ സംരക്ഷണം. മാസം തോറും ആദിവാസികളുടെ ഇടയിൽ സുവിശേഷം അറിയിക്കാൻ വനത്തിന്റെ ഉള്ളിൽ പോയി വരുന്ന എന്നെ എന്നോടുകൂടി വരുന്ന മൃഗങ്ങളോ വിഷജന്തുക്കളോ ഒരു ദോഷവും ചെയ്തിട്ടില്ല. സിംഹത്തിന്റെ വായ് അടച്ചവനാണ് നമ്മുടെ ദൈവം. മൃഗങ്ങളിൽ നിന്നും ഇത്രയുംകാലം ഞങ്ങളെ സംരക്ഷിച്ച ദൈവം. ഈ മനുഷ്യമൃഗങ്ങളിൽ നിന്നും തീർച്ചയായും സംരക്ഷിക്കും. സംരക്ഷിക്കാതെ ആക്രമണങ്ങളെ ദൈവം അനുവദിക്കുന്നുവെങ്കിൽ അതും സന്തോഷത്തോടു കൂടി നേരിടുവാൻ ഉള്ള വിശ്വാസവും, അതോടുള്ള ഒരുക്കവും ദൈവം ഞങ്ങൾക്ക് നല്കിയിട്ടുണ്ട്.

* കഴിഞ്ഞ വർഷം മദ്രാസ് ഡയോസിസ് ബിഷപ്പു അവർകൾ ഭാരതി എന്ന യുവാവ്, (ഹിജഡ – ഠൃമിഴെലിറലൃ) പെൺ ആയി വേഷം ധരിച്ച് സാരി ഉടുത്ത് തിയോളജി സെമിനാരിയിൽ പഠിച്ച്, **സ്ത്രീ പുരോഹിതൻ** ആക്കാൻ വേണ്ടി ഓർഡിനേഷൻ ചെയ്യാൻ പത്രങ്ങളിൽ പരസ്യപ്പെടുത്തി. മദ്രാസ് ഡയോസിസ് ജനങ്ങളും അച്ചന്മാരും ഈ വിഷയത്തിൽ എന്റെ സഹായം ആവശ്യപ്പെട്ടു ഞാൻ അത് ജാമക്കാരൻ മാസികയിൽ പരസ്യപ്പെടുത്തി. ഡയോസിസിലുള്ള എല്ലാ പള്ളികളിലും കമ്മറ്റി കൂട്ടിവരുത്തി. തങ്ങളുടെ എതിർപ്പിനെ എഴുതി സിനാഡും മറ്റെല്ലാ ബിഷപ്പുമാർക്കും അറിയിക്കാൻ ഞാൻ മാസികവഴി അഭ്യർത്ഥിച്ചു. ഉടൻ സിനാഡ് നടപടി എടുത്തു.

ഓർഡിനേഷനെ തടഞ്ഞു. ഉടനെ ബിഷപ്പു തമിഴ്നാട്ടിലും ആന്ധ്രയിലും ഉള്ള ഷണ്ഡന്മാരുടടെ സംഘടനയെ വിളിച്ചു വരുത്തി എനിക്കെതിരായി ഘോഷയാത്ര നടത്തി. എന്നെ സേലത്തിൽ വന്ന് ആക്രമിക്കുവാനും അവർ ഏർപ്പാടു ചെയ്തതായി ഞാൻ കേട്ടു. അങ്ങനെയുള്ള സ്ത്രീ പുരുഷ സംഘടന (ഷണ്ഠൻ) ചേർന്ന് പ്രധാനമന്ത്രിക്ക് എനിക്ക് എതിരായി കത്ത് എഴുതി. പ്രധാനമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്ത് എഴുതി. പോലീസ് കമ്മീഷണർ വീട്ടിൽ വന്ന് അന്വേഷണം നടത്തി. ആ വിവരങ്ങളെ കുറിച്ച് എഴുതിയിരുന്നു. മാസികയെ പോലീസ് കമ്മീഷണർ സ്റ്റേഷനിലേക്ക് കൊണ്ടുപോയി. വിവരങ്ങളെ ഞാൻ വിവരിച്ച് കമ്മീഷണറോടു പറഞ്ഞു. ഇങ്ങനെ ഷണ്ഠന്മാരായി ജീവിക്കുന്ന ഇവർക്ക് എതിരായി ഞാൻ ഒന്നും എഴുതിയിട്ടില്ല. പക്ഷെ, ഇങ്ങനെയുള്ളവരെ സഭാ **പുരോഹിതനാക്കാൻ** പാടില്ല എന്ന് വചന അടിസ്ഥാനത്തിൽ ഞാൻ എഴുതി. ഇങ്ങനെയു ള്ളവരെയും യേശുക്രിസ്തു സ്നേഹിക്കുന്നു. ഇങ്ങനെയുള്ളവർ മാനസാന്തരപ്പെടും എങ്കിൽ സ്വർഗ്ഗരാജ്യം അവർക്ക് കിട്ടും അങ്ങനെ മാസനാന്തരപ്പെട്ടവർക്ക് ദൈവവേല ചെയ്യാനും സാധിക്കും. പക്ഷെ സഭയുടെ പുരോഹിതൻ (ഇടയൻ) ആകാൻ പാടില്ല. ഇതാണ് എന്റെ ആശയം. തമിഴ്നാ ട്ടിലുള്ള എല്ലാ ദിനപത്രങ്ങളിലും ഈ വിഷയം എന്റെ ഫോട്ടോ സഹിതം പരസ്യപ്പെടുത്തി. ഒടുവിൽ കമ്മീഷണർ എന്നോടു. നിങ്ങൾക്ക് 24 മണിക്കൂർ സംരക്ഷണം ആവശ്യമോ, പകൽ നേരം മാത്രം പോലീസ് സംരക്ഷണം മതിയോ എന്ന് ചോദിച്ചു. അതിന് ഞാൻ ഒരു ദൈവവേലക്കാര നാണ് എനിക്കു മനുഷ്യസംരക്ഷണം (പോലീസ്) ആവശ്യമില്ല എന്നു പറഞ്ഞു. അത് എന്നാൽ അതുപോലെ തന്നെ എഴുതിക്കൊടുക്കാൻ കമ്മീഷണർ എന്നോടു ആവശ്യപ്പെട്ടു. ഇതുവായിക്കുന്ന സ്നേഹ മുള്ളവരെ, ദൈവവേലയിൽ കഴിഞ്ഞ 50വർഷങ്ങളായി ഇതുപോലെയുള്ള എതിർപ്പുകളുടെയും, ആക്രമണങ്ങളുടെയും ഇടയിലാണ് എന്റെ ദൈവവേല ദൈവകൃപയോടു നടത്തുന്നത്. ഞാൻ യാതൊരു സഭയേയും വെറുക്കുന്നവനല്ല. ബിഷപ്പുമാരെയും, പട്ടക്കാരെയും, പാസ്റ്റർമാരെയും, ഉപദേശിമാ രെയും ബഹുമാനിക്കുന്നവനാണ്.

ഇതുവരെ ഞാൻ ഒരു സഭയ്ക്കും എതിരായി പ്രവർത്തിച്ചിട്ടില്ല. ദൈവം എനിക്കു നല്കിയ എന്റെ വായനക്കാർക്കു വേണ്ടി മാത്രം ആണ് ഈ മാസിക ഞാൻ നടത്തിക്കൊ ണ്ടിരിക്കു ന്നത്. അതും എന്റെ പണത്തിൽ അല്ല. അവർ അയയ്ക്കുന്ന പണത്തിലാണ്. മുന്നറിയിപ്പു നല്കാനും തെറ്റായ ഉപദേശങ്ങളെയും സഭകളിൽ നടക്കുന്ന വെട്ടിപ്പുകളെയും. നേതാക്കൾ ചെയ്യുന്ന പാപങ്ങളെയും തെറ്റുകളെയും വായനക്കാർക്ക് ചൂണ്ടികാണിച്ച് അറിയിക്കുവാനും വേണ്ടിയാണ് ഈ മാസിക വഴി നടത്തുന്ന എന്റെ പ്രവർത്തനങ്ങളിൽ, ശുശ്രൂഷയിൽ തെറ്റുണ്ടെങ്കിൽ ചൂണ്ടിക്കാ ണിക്കുവാൻ മടിക്കരുത്. ഞാൻ ഒരു ദൈവവേലക്കാരനായാലും ഞാനും ഒരു മനുഷ്യനാണ്. എന്റെ എഴുത്തിലും തെറ്റായ ആശയങ്ങൾ ഉണ്ടാകാൻ സാധ്യത ഉണ്ട്. അത് ആരും ചൂണ്ടിക്കാണി ക്കാതെ പോയാൽ മറ്റ് ദൈവവേലക്കാർ വീണുപോയതുപോലെ ഞാനും വീണുപോകാൻ സാധ്യത ഉണ്ട്. "മനുഷ്യപുത്രാ, ഞാൻ നിന്നെ കാവൽക്കാരനാക്കിയിരിക്കുന്നു (ജാമക്കാരൻ); നീ എന്റെ വായിൽ നിന്നും വചനം കെട്ടു എന്റെ നാമത്തിൽ അവരെ പ്രബോധിപ്പിക്കണം.....നീതിമാൻ (ദൈവവേലക്കാരൻ) തന്റെ നീതി വിട്ടുമാറി നീതികേടു പ്രവർത്തിച്ചിട്ടു ഞാൻ അവന്റെ മുമ്പിൽ ഇടർച്ച വെയ്ക്കുന്നവെങ്കിൽ അവൻ മരിക്കും. നീ അവനെ ഓർപ്പിയ്ക്കായ്കകൊണ്ട് അവൻ തന്റെ പാപത്തിൽ മരിക്കും. അവൻ ചെയ്ത നീതി അവനു കണക്കിടുകയുമില്ല. അവന്റെ രക്തമോ ഞാൻ നിന്നോടു ചോദിക്കും." യെഹസ്കേൽ 3:17,20. ഇതോടു ഈ ലേഖനത്തെ ഞാൻ നിർത്തുന്നു. ഞാൻ സ്നേഹിക്കുന്ന മാർത്തോമാ സഭകൾക്ക് ഒരു ആത്മീയ ബോധവൽക്കരണം ഉണ്ടായി

നേതാക്കളുടെ വിഷയത്തിൽ ഒരു പുതിയ നല്ല തീരുമാനം എടുക്കുന്നത് നല്ലതാണ്. സാധിക്കാതെ പോയാൽ അവരവരുടെ ആത്മാവിനെ അവരവർ തന്നെ വചനപ്രകാരം സൂക്ഷിച്ചുകൊള്ളണം. അവരവരുടെ പ്രവൃത്തിക്കു ന്യായവിധിയിൽ അവരവർ തന്നെ കണക്ക് ഏൽപിക്കണം. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ!

**കുറിപ്പ് :–** ജാമക്കാരനിൽ എഴുതുന്ന എത് വിഷയങ്ങളെയും ഞാൻ സഭയിലോ കൺവെൻഷനിൽ പറയുന്നില്ല. എഴുതുന്നത് എന്റെ വായനക്കാർക്കു വേണ്ടി മാത്രമാണ്.

മുകളിൽ വായിച്ച മാർത്തോമാ വലിയ മെത്രോപോലീത്ത ബിഷപ്പു ക്രിസ്റ്റോസം അവർകളുടെ ഈ അഭിമുഖ സംഭാഷണം അറിഞ്ഞവർ വളരെ ചുരുക്കം പേരാണ്. വായിച്ച് എല്ലാവരും ഞെട്ടിപ്പോയി, മനഃപ്രയാസമുണ്ടായി. മാർത്തോമാ സഭയ്ക്കു വലിയ അപമാനമായി കരുതപ്പെടുന്നു. മാർത്തോമ സഭയിൽ ചില പ്രമാണികൾ ഈ വാർത്തകൾ ഇന്റർനെറ്റിൽ വരാതിരിക്കാൻ നടപടി എടുത്തു എന്ന് ഞാൻ അറിഞ്ഞു. അഭിമുഖസംഭാഷണത്തിന്റെ മറ്റു വാർത്തകൾ ഉണ്ട്. അത് പുറത്ത് വന്നില്ല. ബിഷപ്പു അവർകൾ എന്തുകൊണ്ടാണ് ഈ അഭിമുഖ സംഭാഷണത്തിൽ കഴിഞ്ഞ കാലരഹസ്യങ്ങളെ വെളിപ്പെടുത്തിയത്? തന്റെ സ്വന്ത സഭയിലുള്ള മറ്റ് ബിഷപ്പുമാരെയും അപമാനപ്പെടുത്തുംവണ്ണം എന്തുകൊണ്ടാണ് രഹസ്യ യാഥാർത്ഥ്യം വെളിപ്പെടുത്തിയത്? മാർത്തോമാ സഭയിൽ എന്താണ് സംഭവിക്കുന്നത്? ഈ ചോദ്യങ്ങൾക്കെല്ലാം വളരെ വേഗത്തിൽ മാർത്തോമാ സഭാ ജനങ്ങൾ അറിയുവാൻ തക്കവണ്ണം മാർത്തോമ്മാ സഭാതാരകയിൽ വിവരങ്ങൾ വെളിപ്പെടും എന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നു.

1969–ാം വർഷം തന്നെ ബിഷപ്പു അവർകളെ കുറിച്ച് പലർ എന്നോടു സംസാരിച്ചിട്ടുണ്ട്. അതിന്റെ ശേഷം പുതിയതായി വന്ന ബിഷപ്പുമാരെക്കുറിച്ചും സഭയ്ക്കുള്ളിൽ തന്നെ പലർ സംസാരിക്കാൻ തുടങ്ങി. എന്നിട്ടും മാർത്തോമാ അച്ചന്മാർ മണ്ഡലം അംഗങ്ങൾ, വിശ്വാസികൾ ആരും ഇതിനെക്കുറിച്ച് ചോദ്യങ്ങൾ ഒന്നും ചോദിച്ചിട്ടില്ല. അതിന് ഒരു കാരണം ബിഷപ്പുമാർ ദൈവത്തിന്റെ പ്രതിനിധികൾ എന്ന് കരുതപ്പെട്ടു. പ്രത്യകമായി വിവാഹം ചെയ്യാതെ ദൈവവേലയ്ക്കു വേണ്ടി ഒരുക്കപ്പെട്ട ഇവർകളുടെ പ്രവർത്തികളെ സഭാജനങ്ങൾ വലിയ ത്യാഗമായി കരുതി. അവർ പാപം ചെയ്താലും അതിനെ പാപം എന്ന് സ്വീകരിക്കാൻ ജനങ്ങൾ ഭയപ്പെട്ടു. ഇതിനെയാണ് മൂഢഭക്തി എന്ന് പറയുന്നത്. ബിഷപ്പുമാരെ എതിർത്തു ചോദ്യം ചോദിച്ചാൽ ദൈവശാപം താങ്കളുടെ മേൽവരും എന്നുള്ള തെറ്റായ ഭയം സഭാമക്കൾക്ക് ഉണ്ടായിരുന്നു എന്ന് ഞാൻ കരുതുന്നു.

ബിഷപ്പു അവർകളുടെ അഭിമുഖ സംഭാഷണത്തിൽ തന്റെ വീട്ടിൽ അടുക്കള ജോലി ചെയ്ത ദലിത് പെണ്ണിനെ പ്രേമിച്ചതായും, വിവാഹം ചെയ്യാൻ ശ്രമിച്ചതായും ബിഷപ്പു അവർകൾ പറഞ്ഞിരിക്കുന്നു. വലിയ തറവാടായ തന്റെ കുടുംബം അതിനെ എതിർത്തു എന്നും അറിയിച്ചിരിക്കുന്നു. ദലിത് പെണ്ണ് എന്ന് ഇവർ സൂചിപ്പിച്ചതുകൊണ്ട് അത് വിപ്ലവ ചിന്തയായി ജനങ്ങൾ കരുതും എന്ന് ബിഷപ്പു അവർകൾ ചിന്തിച്ചിരിക്കും. ബിഷപ്പ് അവർകൾ ദലിത് പെണ്ണ് അല്ലാതെ മറ്റു പെൺകുട്ടികളെ പ്രേമിച്ച വിവരം അറിയിച്ചതുകൊണ്ട് മാർത്തോമാ യുവജനങ്ങളെ ഇത് മുഖാന്തിരം ബിഷപ്പു അവർകൾ എന്താണ് ഉപദേശിക്കാൻ ആഗ്രഹിക്കുന്നത്. ഈ ബിഷപ്പിന്റെ ഈ പ്രവർത്തനങ്ങളെ യുവജനങ്ങൾ പ്രവർത്തന പഥത്തിൽ കൊണ്ടുവന്നാൽ ഓരോ വീട്ടിലും ഓരോ മാസവും വേലക്കാരികളെ മാറ്റേണ്ടി വരും.

മാർത്തോമാ സഭയിൽ ഇതുപോലെ വേറെ വിധത്തിലുള്ള സോദോ ഗോമാറായുടെ പാപ പ്രവർത്തനങ്ങളിൽ അകപ്പെട്ട ബിഷപ്പുമാർ ചിലർ ഉണ്ട്. ഒരു പക്ഷെ സഭാമക്കൾ ഇത് അറിയാതിരിക്കാൻ സാദ്ധ്യത ഉണ്ട്. പക്ഷെ അച്ചന്മാരും നിർവാഹണ കമ്മറ്റിയും മണ്ഡല അംഗങ്ങൾ തീർച്ചയായിട്ടും അറിയുമല്ലോ. പലവർഷങ്ങൾക്കു മുമ്പ് ആ ഐറേനിയസ് ബിഷപ്പു അവർകളിൽ ചില മോശമായ പ്രവർത്തികളെക്കുറിച്ച് പലരും അന്നുണ്ടായ വലിയ മെത്രോപോലീത്താ അവർകൾക്ക് പരാതികൾ അയച്ചു കോഴഞ്ചേരിയിൽ മാർത്തോമാ യുവജനങ്ങൾ ബിഷപ്പിന് എതിരായി ലഘുലേഖകൾ അച്ചടിച്ചു ഇറക്കി വിതരണം ചെയ്തു. ആ വിവരങ്ങൾ എല്ലാം ജാമക്കാരനിൽ ഞാൻ അക്കാലത്തു പ്രസിദ്ധപ്പെടുത്തി. വലിയ തിരുമേനി ആ ബിഷപ്പിനു എതിരായി ഒരു നടപടിയും എടുത്തില്ല. അതിന് പകരം അദ്ദേഹത്തിന് ശിക്ഷയ്ക്കു പകരം വലിയ പ്രമോഷൻ ആണ് കിട്ടിയത്. ഇനി എങ്കിലും ഇതുപോലുള്ള മാതൃകയില്ലാത്ത പ്രവർത്തികൾ ഉണ്ടാകാതിരിക്കുവാൻ ധൈര്യമായി പ്രതികരിക്കണം.

## ബിഷപ്പുമാരുടെ തെരഞ്ഞെടുപ്പ്

മാർത്തോമാ സഭയിൽ ഒരു ബിഷപ്പിനെ തെരഞ്ഞെടുക്കണമെങ്കിൽ ചില യോഗ്യതകൾ ആവശ്യമുണ്ട്. (1) വലിയ തറവാട്ടിൽ അവർ ജനിച്ചിരിക്കണം. (2) അച്ചന്മാരായി പ്രവർത്തിക്കുമ്പോൾ അവർ അവിവാഹിതരായിരിക്കണം. (3) താടി വളർത്തണം. ഇങ്ങനെ ചില ചടങ്ങുകൾ യഥാർത്ഥ ദൈവവിളിയെയും ദൈവവേലയെക്കുറിച്ചുള്ള വചന സത്യത്തെയും ഒതുക്കുന്നു.

മാർത്തോമാ സഭയിൽ മാനസാന്തരപ്പെട്ട അച്ചന്മാർ സഭ വിശ്വാസികൾ മണ്ഡലത്തിലുള്ള നല്ല മാന്യന്മാർ എല്ലാവരും ചേർന്ന് മാർത്തോമാ സഭയിൽ രണ്ടാംപ്രാവശ്യം നവോത്ഥാനം (reformation) വചന അടിസ്ഥാനത്തിൽ ഉണ്ടാകുവാൻ ശ്രമിക്കണം. ബിഷപ്പുമാർക്ക് വിവാഹം കഴിക്കാൻ അനുവദിക്കണം.

ബിഷപ്പു ക്രിസ്റ്റോസം അവർകൾ പ്രസംഗത്തിൽ ഉപയോഗിച്ച തമാശക്കഥകൾ, ഫലിതങ്ങൾ എല്ലാം ഒന്നു ചേർത്തു പുസ്തകമാക്കിയിരിക്കുന്നു. ആ പുസ്തകം കൊണ്ട് സഭയിൽ ഉള്ള ആർക്കെങ്കിലും ആത്മീയ വർദ്ധന ഉണ്ടായിട്ടുണ്ടോ? ബിഷപ്പു അവർകളിൽ 97 വർഷങ്ങളിൽ ഒരു ആത്മാവിനെയെങ്കിലും മാനസാന്തരത്തിലേക്ക് നടത്തിയിരിക്കുമോ? ഇത് ഞാനല്ല ചോദിക്കുന്നത്. മാർത്തോമാ സഭയിലുള്ള ചില അച്ചന്മാരും വിശ്വാസികളും ചോദിക്കുന്നു.

## തിരഞ്ഞെടുപ്പ്

അതുകൊണ്ട് സഹോദരന്മാരെ നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിക്കുവിൻ 2 പത്രോസ് 1:10.

"ചില വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്കു പറയുന്നവരുടെ കപടത്താൽ ................സ്വന്ത മനഃസാക്ഷിയിൽ ചൂടുവച്ചവരായി വിവാഹം വിലക്കുകയും ...... കല്പിക്കുകയും ചെയ്യും. 1 തിമൊ 4:1-3

അദ്ധ്യക്ഷൻ (Bishop) നിരപവാദ്യനായി ഏക ഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥി പ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം. പുറമേയുള്ളവരോടു നല്ല സാക്ഷ്യം പ്രാപിച്ചവനും ആയിരിക്കേണം. 1 തിമൊ 3:2,7

നമ്മുടെ വേദപുസ്തകത്തിൽ യെരൊബെയാം എന്ന് പറയപ്പെടുന്ന രാജാവ് ദേവാലയത്തിൽ ശുശ്രൂഷ ചെയ്യുവാൻ വേദസത്യത്തിന് വിരോധമായവരെ (ലേവ്യരല്ലാത്തവരെ) പുരോഹിതരായി നിയമിച്ചതുകൊണ്ട് ദൈവജനത്തിന് എതിരായി ദൈവകോപം ഉണ്ടാകും എന്ന് മുന്നറിയിപ്പു നല്കി. എന്നിട്ടും **ദൈവമനുഷ്യന്റെ മുന്നറിയിപ്പിനെ** രാജാവും അവനോടുകൂടെയുള്ളവരും അലക്ഷ്യം ചെയ്തതു മാത്രമല്ല. ആ ദൈവപുരുഷനു വിരോധമായി പ്രവർത്തിച്ചതുകൊണ്ട് യാഗപീഠം പൊട്ടിത്തകർന്നു. ദൈവമനുഷ്യന് എതിരായി കല്പനയിട്ടു കൈനീട്ടിയ രാജാവിന്റെ കൈ മടക്കാൻ സാധിക്കാതെ കൈചൂണ്ടി മരംപോലെ കൈനീട്ടിയ വണ്ണമേ ഇരുന്നു. അതുപോലെ തന്നെ ദേവാലയത്തിൽ ധൂപകുറ്റി കാണിച്ച രാജാവിന്റ നെറ്റിയിൽ കുഷ്ഠരോഗം ഉണ്ടായ വിവരവും വേദപുസ്കത്തിൽ നാം വായിക്കുന്നു. യേശുക്രിസ്തു മരിച്ചശേഷം ദൈവകൃപകൊണ്ട് പാപം ചെയ്യുന്ന ദൈവവേലക്കാർക്ക് ഉടൻ ശിക്ഷാവിധി ഉണ്ടാകുന്നില്ല. അതുകൊണ്ട് പല ദൈവവേലക്കാർ തുടർന്ന് പാപം ചെയ്യുവാൻ ധൈര്യപ്പെടുന്നു.

ദുഷ്പ്രവൃത്തികൾക്കുള്ള ശിക്ഷാവിധി തൽക്ഷണം നടയ്ക്കാകകൊണ്ട് മനുഷ്യർ ദോഷം (പാപം) ചെയ്‌വാൻ ധൈര്യപ്പെടുന്നു. സഭാ 8:11.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

# നീ ഉയരമുള്ളവനോ?

ജീവിതത്തിൽ ചില സമയങ്ങളിൽ ഞാൻ ആരംഭിച്ച ജോലി എനിക്കു ശേഷം തുടരുമോ? എന്നെപ്പോലെ അതുപിൻതുടരുമോ? എന്നു ആശ്ചര്യപ്പെടേണ്ടി വരും. കവിയും നോവൽ എഴുത്തുകാരനുമായ ഒരു യെഹൂദൻ, നാം നമ്മുടെ ജീവിതത്തിൽ സ്വീകരിക്കുന്ന പാത്രങ്ങളെക്കുറിച്ചു ഉപമ മുഖാന്തിരം ഇങ്ങനെ സൂചിപ്പിക്കുന്നു. അപ്പാ, ഞങ്ങൾക്കു ഒരു കഥ പറഞ്ഞു തരണം എന്നു രാത്രി ഭക്ഷണസമയത്തു അപ്പനോടു ഇങ്ങനെ മക്കൾ ചോദിച്ചു. “എന്തു കഥ വേണം?” എന്നു അപ്പൻ ചോദിച്ചു. “ഉയരമുള്ള മനുഷ്യനെപ്പറ്റി” എന്നു ഒരേ ശബ്ദത്തിൽ മക്കൾ ചോദിച്ചു. അപ്പൻ കഥ പറയാൻ ആരംഭിച്ചു. ഒരു വലിയ എക്സിബിഷൻ ചുറ്റിക്കാണണമെന്നു ഒരു മകൻ തന്റെ അപ്പനോടു പറഞ്ഞു. അതുകൊണ്ടു അപ്പനും മകനുമായി അടുത്ത ദിവസം പുറപ്പെട്ടു. അവിടെ ഭയങ്കര ആൾക്കൂട്ടം. ആ എക്സിബിഷൻ കാണാൻ സാധിക്കാതവണ്ണം ഭിത്തികളിന്മേലെല്ലാം മനുഷ്യർ ആയിരുന്നു. അപ്പൻ തന്റെ മകനെ തന്റെ തോളിന്മേൽ കയറ്റി ഇരുത്തി. അല്പസമയത്തിനുള്ളിൽ എക്സിബിഷൻ പ്രദക്ഷിണം തുടങ്ങി. ചെറിയ മകൻ തന്റെ അപ്പനോടു താൻ കാണുന്ന ഓരോന്നും പറഞ്ഞുകൊണ്ടിരുന്നു. എത്ര മനോഹരമായ വർണ്ണക്കാഴ്ചകൾ; രൂപങ്ങൾ എന്നു ആശ്ചര്യത്തോടു വിവരിച്ച ചെറിയ മകനു അഭിമാനം താങ്ങാൻ സാധിക്കുന്നില്ല. താൻ കാണുന്നതൊന്നുംതന്റെഅപ്പൻകാണുന്നില്ലല്ലോഎന്നുകളിയാക്കി. “എന്നാൽ” അപ്പൻ നടന്നുപോകുന്നതു നിറുത്തി. തന്റെ മക്കളെ നോക്കിപ്പറഞ്ഞു. “ആ ചെറിയ മകൻ തന്നെക്കൊണ്ടു എങ്ങനെ കാണാൻ സാധിച്ചു എന്നതും അങ്ങനെ കാണാൻ കാരണവും തന്റെ അപ്പൻ തന്നെ എന്നതും മറന്നുകളഞ്ഞു” എന്നു അപ്പൻ പറഞ്ഞു സമാധാനിച്ചു. കഥ തീർന്നതുപോലെ “ഇത്രതന്നെയോ? ഉയരമുള്ള മനുഷ്യനെപ്പറ്റി അല്ലേ കഥ പറയാൻ പോകുന്നു എന്നു കരുതി”. ഉയരമുള്ള മനുഷ്യനെപ്പറ്റിയാണു കഥ പറഞ്ഞതു! താൻ ഉയരമുള്ളവൻ എന്നു തെറ്റായി കരുതിയ ഒരു ചെറിയ മകനെപ്പറ്റിയാണു പറഞ്ഞതു എന്നു അപ്പൻ പറഞ്ഞു. “എങ്ങനെ?” എന്നു മക്കൾ ചോദിച്ചു. ‘ഉയരമായവൻ ’എന്ന വ്യക്തി താൻ മറ്റൊരുത്തന്റെ തോളിൽ ഇരിക്കുന്നതു ഉണർന്നിരിക്കുന്നവനാണു എന്നു പറഞ്ഞു. “അങ്ങനെ നാം ഉണർന്നില്ലെങ്കിൽ” എന്ന ഒരു മകൻ ചോദിച്ചതിനു അപ്പൻ മറുപടി പറഞ്ഞതു അതും “വലിയ ഭാരമാണു”. നമ്മുടെ കാലത്തിനുശേഷം നാം ഓർമ്മിക്കപ്പെടുമോ? നാം വിതച്ചവിത്തുകൾ ഫലം തരുമോ? ഇതെല്ലാം നാം എങ്ങനെ നടക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഉയരമുള്ളവരായിരിക്കാനാണു നാം വിളിക്കപ്പെട്ടിരിക്കുന്നതു. വലിയ ഭാരമായിരിക്കാൻ അല്ല.

# യിസ്രായേൽ രാജ്യത്തിനു ആപത്ത് യിസ്രായേൽ – യിശ്മായേൽ (പാല സ്തീൻകാർ)

ലോകം ഉറ്റുനോക്കുന്ന ഒരു രാജ്യമാണ് **യിസ്രായേൽ**. ഇപ്പോൾ അവിടെ ഭയങ്കരയുദ്ധം നടന്നുകൊണ്ടിരിക്കുന്നു.

ലോകരാജ്യങ്ങൾ ആർക്കു പിൻതുണ നൽകണം, യിസ്രായേല്യർക്കോ, യിശ്മായേല്യക്കോ (പാലസ്തീൻ) എന്ന കാര്യത്തിൽ വളരെ കുഴപ്പമായിരിക്കുന്നു. എല്ലാ ആത്മാക്കളും എന്റേത് എന്നു ദൈവം പറയുമ്പോൾ എന്തുകൊണ്ട് യിസ്രായേല്യരെ അല്ലെങ്കിൽ യെഹൂദരെ മാത്രം സ്നേഹിക്കുന്നു എന്നും എന്തുകൊണ്ടു ഇങ്ങനെയുള്ള പക്ഷപാതം എന്നു പലരും ചോദിക്കുന്നു. ഇവയെക്കുറിച്ചു നിങ്ങൾ മനസ്സിലാക്കുന്നതിനു മുമ്പ് യിസ്രായേൽ ആര്?




പാലസ്തീൻ എന്ന രാജ്യം ആർക്കു അവകാശപ്പെട്ടത്? യെഹൂദന്മാർ ആര്? എന്നിവ ആദ്യം അറിഞ്ഞിരിക്കണം.

അതിനുശേഷം യിശ്മായേല്യർ എന്നു പറയുന്നതു ആര്? അവരുടെ പൂർവീകം എന്ത്? എന്നിവയും അറിഞ്ഞിരിക്കണം ഇവകൾ അറിയുന്നതിനു ലോകത്തിലെ ആദ്യ മനുഷ്യരായ ആദാം, ഹവ്വ എന്നിവരുടെ ചരിത്ര വിവരം നിങ്ങൾ അറിഞ്ഞിരിക്കണം.

ആദാമിന്റെ സന്തതിയിൽ കയീൻ – ഹാബേൽ സഹോദരന്മാരോടൊപ്പം ധാരാളം പെൺമക്കളും ആൺമക്കളും ഇനിയും ജീവിച്ചിരുന്നു. കയീൻ – ഹാബേൽ എന്നിവരുടെ ജനനത്തിനു മുമ്പും പിമ്പും ഇവർ ജീവിച്ചിരുന്നു (ഉല്പത്തി 5:4). അതിനുശേഷം ജനങ്ങൾ വർദ്ധിച്ചു പെരുകി. പാപം വർദ്ധിച്ചു. അക്കാരണത്താൽ ഉണ്ടായ ദൈവകോപത്താൽ ആദ്യത്തെ **ലോകനാശം ജലത്താൽ ഉണ്ടായി**. ആ നാശത്തിൽ നിന്നു ദൈവത്തെ സ്നേഹിച്ച **നോഹയും കുടുംബവും** മാത്രം രക്ഷപ്പെട്ടു. അതിനുശേഷം നോഹമുഖാന്തിരം ജനങ്ങൾ വർദ്ധിച്ചു. അവർ മുഖാന്തിരം പുതിയ സന്തതി ഉണ്ടായി അതിനു ശേഷം **അബ്രഹാം – സാറാ** എന്നിവരിലൂടെ വിശ്വാസസന്തതി ഉണ്ടായി. ഇവരുടെ മക്കളാണു **യിസ്ഹാക്ക് – യിശ്മായേൽ** എന്നിവർ.




യിസ്രായേൽ എന്നത് ആര് ?

യിശ്മായേൽ എന്നത് ആര്?

ഇവർ രണ്ടുപേരും ഒരേ പിതാവിന്റെ മക്കൾ. ഇവർ രണ്ടു പേരുടെയും പിതാവു അബ്രഹാം. എന്നാൽ ഇവരുടെ മാതാക്കൾ രണ്ടു പേർ : **സാറാ – ഹാഗാർ** എന്നിവരായിരുന്നു. വിശ്വാസികളുടെ പിതാ

വായ അബ്രഹാമിനെ ദൈവം വളരെ സ്നേഹിച്ചു. ദൈവം അബ്രഹാമിനും സാറായ്ക്കും വാഗ്ദത്തം കൊടുത്തു. നിന്റെ സന്തതിയെ നിന്റെ മക്കൾ മൂലം **ആകാശത്തിലെ നക്ഷത്രം പോലെ** ഞാൻ വർദ്ധിപ്പിക്കും.

## സാറാ ചെയ്ത ഏറ്റവും വലിയ തെറ്റ്

വാഗ്ദത്തം നൽകിയ ദൈവം തന്റെ വാഗ്ദത്തം അനുസരിച്ചും സന്തതി ജനിക്കാതവണ്ണം സാറയുടെ ഗർഭം അടച്ചിരുന്നു. വർഷങ്ങൾ കടന്നു അബ്രഹാമിനു 100 വയസ്സായി. സാറയ്ക്കു സ്ത്രീകൾക്കുള്ള പതിവു നിന്നുപോയിട്ടു പല വർഷങ്ങൾ കഴിഞ്ഞിരുന്നു. **മച്ചി** എന്ന പേരും സാറെക്കു സ്ഥിരമായി. അപ്പോഴാണു സാറ ദൈവത്തിന്മേൽ വച്ചിരുന്ന വിശ്വാസത്തിന്റെ അതിരു കടന്ന മനുഷ്യ ചിന്തയിൽ ആലോചിക്കാൻ തുടങ്ങി. അന്നത്തെ കാലത്തിൽ ലോകത്തിലെ ഏറ്റവും വലിയ പണക്കാരനായിരുന്നു അബ്രഹാം. തങ്ങൾക്കു കുഞ്ഞില്ലാതെ പോയാൽ ഏറ്റവും വലിയ സ്വത്തുക്കൾക്കു അവകാശി ഇല്ലാതെ പോകുമെന്നു സാറ ചിന്തിച്ചു വാടക മാതാവായി തന്റെ വീട്ടിൽ ജോലിക്കാരിയായ **ഹാഗാറി**നോട് തന്റെ മനസ്സിലെ പദ്ധതി പറഞ്ഞു അവളെ സമ്മതിപ്പിച്ചു. തുടർന്നു തന്റെ ഭർത്താവായ അബ്രഹാമിനോടു വിവരങ്ങൾ പറഞ്ഞു നമ്മുടെ ഇപ്പോഴത്തെ വാർദ്ധക്യ നിലയിൽ ആര് ആദ്യം മരിക്കും എന്നറിയാത്തതിനാൽ നമ്മുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിനും അനുഭവിക്കാനും അവകാശമുള്ള ഒരു കുഞ്ഞു നമുക്കു ആവശ്യമാണ്. അതേസമയം അതു **നിങ്ങളുടെ രക്ത സംബന്ധമായ** കുഞ്ഞായിരിക്കുകയും വേണം എന്നു പറഞ്ഞു.

എന്നാൽ എന്നിലൂടെ കുഞ്ഞു ജനിക്കാതവണ്ണം ഞാൻ വയസ്സു ചെന്നവളായിപ്പോയി. അതുകൊണ്ടു എന്നിൽ കുഞ്ഞുണ്ടാകാൻ സാധ്യമല്ല. അതുകൊണ്ടു നമ്മുടെ വീട്ടുജോലിക്കാരിയായ ഹാഗാറിനോടു നിങ്ങൾ ചേർന്നു അതിലൂടെ നിങ്ങളുടെ രക്തസംബന്ധമായ **......** അവളുടെ ഗർഭത്തിൽ ചേർത്തു ഒരു കുഞ്ഞു ജനിക്കട്ടെ. നമുക്കു കുഞ്ഞിനെ വളർത്താം എന്നു അറിയിച്ചു. അതിനു മറുപടിയോ തടസ്സമോ പറയാതെ അബ്രഹാം അതിനെ സമ്മതിച്ചു.

പൊതുവിൽ യെഹൂദ സംസ്ക്കാരത്തിൽ കുഞ്ഞു ആവശ്യമുള്ളവർക്കു അടിമ സ്ത്രീകൾ വാടക മാതാവായിരുന്നു അവർക്കു കുഞ്ഞിനെ പ്രസവിച്ചു കൊടുത്തശേഷം കുഞ്ഞിനെ അവരെ ഏല്പിച്ചിട്ടു പോകേണം. **യിപ്താഹി**ന്റെ കുടുംബത്തിൽ നടന്നതുപോലെ അന്നത്തെ കാലത്തിൽ അങ്ങനെ ഒരു ഏർപ്പാടുണ്ടായിരുന്നു. എന്നാൽ സാറാ ചെയ്ത തെറ്റു അടിമയായ വേലക്കാരിയെ **വെപ്പാട്ടിയായി** അതായതും നിയമാനുസതമായ **രണ്ടാം ഭാര്യ**യായി വേലക്കാരിയെ ആക്കിവച്ചു. അങ്ങനെ (വേലക്കാരി) **ഹാഗാർ** അബ്രഹാമിനോടു ചേർന്നതുകൊണ്ടു ഗർഭവതിയായി. താൻ **ഗർഭവതിയായി** എന്നു അറിഞ്ഞ ഉടൻ **ഹാഗാറിന്റെ** മനസ്സിൽ അഹങ്കാരം ഉണ്ടായി. **ഹാഗാർ വീട്ടിലെ യജമാനത്തിയെപ്പോലെ** അഹംഭാവത്തോടെ നടന്നു. അബ്രഹാമിന്റെ യഥാർത്ഥ ഭാര്യയായ സാറയെ യജമാനത്തിയായി കരുതി വിനയം കാണിക്കാതെ സാറയെ അലക്ഷ്യപ്പെടുത്താൻ തുടങ്ങിയപ്പോൾ സാറയ്ക്കു കോപം വന്നു. അതുകൊണ്ടു വീണ്ടും പഴയതുപോലെ ഹാഗാറിനെ അടിമയായ വേലക്കാരിയെ നടത്തുന്നതുപോലെ നടത്താൻ തുടങ്ങി. അതുമാത്രമല്ല, അവളെ ഉപദ്രവിക്കാനും കഠിനമായ ജോലികൾ ചെയ്യിക്കാനും തുടങ്ങിയതുകൊണ്ട് ഗർഭിണി



യായ **ഹാഗാർ** സാറയുടെ ക്രൂരത സഹിക്കാൻ കഴിയാതെ അബ്രഹാമിന്റെ വീടുവിട്ടുതന്നെ ഓടിപ്പോയി. ആ യാത്രയിൽ ദൈവത്തിന്റെ ദൂതൻ അവളെ സന്ദർശിച്ചു നല്ല ആലോചന പറഞ്ഞു, നിയമാനുസൃതം വിവാഹിതയായ അബ്രഹാമിന്റെ ഭാര്യയായ സാറയോടു നീ അഹംഭാവം കാട്ടരുതെന്നും സാറയ്ക്കു കീഴടങ്ങിയിരിക്കാനും നിർദ്ദേശിച്ചു. നിന്റെ യജമാനത്തിയുടെ അടുക്കൽ മടങ്ങിച്ചെന്നു അവൾക്കു കീഴടങ്ങിയിരിക്ക (ഉല്പത്തി 16:9-12) എന്ന നല്ല ആലോചന പറഞ്ഞു. വയറ്റിൽ വളരുന്ന കുഞ്ഞിനെക്കുറിച്ച് പ്രവചനവും പറഞ്ഞു.

**പറഞ്ഞ പ്രവചനം :-** ഹാഗാറിന്റെ വയറ്റിൽ നിന്നു ജനിക്കുന്ന കുഞ്ഞിനു യിശ്മായേൽ എന്നു പേരിടേണം എന്നു പറഞ്ഞതോടൊപ്പം, ആ കുഞ്ഞിന്റെ പില്ക്കാലം എങ്ങനെയിരിക്കും എന്നു അവന്റെ സ്വഭാവം എങ്ങനെയിരിക്കും എന്നെല്ലാം പ്രവചനം പറഞ്ഞു.

നിന്റെ മകനായ യിശ്മായേൽ മുഖാന്തിരം ജനിക്കുന്ന സന്തതിയെ ഞാൻ വളരെ വർദ്ധിപ്പിക്കും. ആ സന്തതി വർദ്ധിച്ചു എണ്ണിക്കൂടാത്തവണ്ണം പെരുപ്പിക്കുന്നതായിരിക്കും എന്നു പറഞ്ഞു. അതിനുശേഷം വളരെ മുഖ്യവിഷയമായി ആ കുഞ്ഞിന്റെ പ്രശ്നകാരണമായ സ്വഭാവത്തെക്കുറിച്ചും പറഞ്ഞു. അതായതു ജനിക്കാനിരിക്കുന്ന ആ യിശ്മായേൽ എല്ലാവർക്കും വിരോധമായും ( wild one ) എല്ലാവരുടെയും കൈ അവന്നു വിരോധമായും ഇരിക്കും; അവൻ തന്റെ സകല സഹോദരന്മാർക്കും എതിരെ പാർക്കും എന്നും പറഞ്ഞു.

* അന്നു പറഞ്ഞ പ്രവചനമാണു ഇന്നും നിറവേറിക്കൊണ്ടിരിക്കുന്നത്. ആ യിശ്മായേൽ സന്തതിയായ ഇസ്ലാമ്യ മതജനങ്ങളാണ് ഇപ്പോൾ തങ്ങളുടെ ഇസ്ലാമ്യ മതനയത്തിനും തങ്ങളുടെ മതത്തിനും എതിരായവരെ നശിപ്പിക്കാനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നത് ലോകത്തിൽ ഇതുവരെ നടന്ന പല തീവ്രവാദ സംഭവങ്ങൾ മുഖാന്തിര നാം അറിയുന്നത്.

* അമേരിക്കയിലെ പ്രസിദ്ധമായ **ഇരട്ടഗോപുരത്തെ** തറമട്ടമാക്കി ആയിരക്കണക്കായ ജനങ്ങളെ കൊന്നു തങ്ങളുടെ ബലത്തെ ലോകത്തിനു അറിയിച്ചു.

* ഇൻഡ്യയിൽ മുംബൈ നഗരത്തിൽ **ടാജ്** ഹോട്ടലിൽ തങ്ങളുടെ ഇസ്ലാം മതതീവ്രവാദികളെ അയച്ച് ധാരാളം പേരെ കൊന്നുകൂട്ടി. അതോടൊപ്പം തങ്ങളുടെ ഇസ്ലാം മതതീവ്രവാദ പ്രസ്ഥാനങ്ങളെ വിവിധ പേരുകളിൽ ഉരുവാക്കി ലോകമെങ്ങും ആക്രമണങ്ങൾ നടത്തി സാധുജനങ്ങളെ കൊന്നുകൂട്ടി. ഇപ്പോൾ I.S (Islamic State) എന്ന പേരിൽ ലോകമെങ്ങും അതിന്റെ ആൾക്കാരെ നിയമിച്ചു. അവരിലൂടെ **ചാവേർ പടകളെ** ഉണ്ടാക്കി വിശുദ്ധയുദ്ധം - ജിഹാദ് (Holy war) എന്ന പേരിൽ വിവിധ ലോകരാജ്യങ്ങളിൽ തീവ്രവാദ ആക്രമണങ്ങൾ നടത്തി ലോകരാജ്യങ്ങളിൽ തീവ്രവാദ ആക്രമങ്ങൾ നടത്തി ഇന്നും ലക്ഷക്കണക്കായ ജനങ്ങളെ കൊന്നു കൂട്ടുന്നു.

**പ്രവചനത്തിന്റെ രണ്ടാം ഭാഗം :-** യിശ്മായേലായ ഇസ്ലാമ്യർ എങ്ങനെ മറ്റു മതക്കാരെയും മറ്റു രാജ്യക്കാരെയും അവർ വെറുക്കുന്നുവോ അങ്ങനെ തന്നെ മറ്റു മതക്കാരും മറ്റു ലോകരാജ്യങ്ങളും ഇസ്ലാമ്യരെ വെറുക്കുന്നു എന്ന പ്രവചനം ഇപ്പോൾ നിറവേറിക്കൊണ്ടിരിക്കുന്നതും ലോകരാജ്യങ്ങൾ എല്ലാം ഇസ്ലാമ്യരെ വെറുക്കാൻ തുടങ്ങിയതും പത്ര വാർത്തയിലൂടെ നാം അറിയുന്നില്ലേ.



**പ്രവചനത്തിന്റെ മൂന്നാം ഭാഗം :-** ഇസ്ലാമ്യർ തങ്ങളുടെ സ്വന്ത സഹോദരരെയും വെറുക്കും എന്നാകുന്നു. അതുപോലെ തന്നെ പാകിസ്ഥാനിലും ഇറാനിലും ആഫ്രിക്കപോലുള്ള മറ്റു രാജ്യങ്ങളിലും ഇസ്ലാമ്യർ നമസ്കരിക്കുന്ന മസ്ജിദുപള്ളി വാതിലിൽ പ്രവേശിച്ച് നിസ്കരിച്ചുകൊണ്ടിരുന്ന തങ്ങ

ളുടെ വർഗ്ഗമായ ഇസ്ലാം മതക്കാരെ തന്നെ ദയാദാക്ഷണ്യം ഇല്ലാതെ കൊന്നു കൂട്ടിയതു പലവർഷങ്ങളായി നാം കേൾക്കുന്നല്ലോ. അടുത്ത കാലത്തും അങ്ങനെയുള്ള കൊലകൾ നടന്നല്ലോ!

## അബ്രഹാം – സാറാ ദമ്പതികൾക്കു ജനിച്ച യിസ്ഹാക്ക്

*** എബ്രായൻ എന്നു പറഞ്ഞാൽ ആര് ?**

അബ്രഹാമിന്റെ വംശം ലോകത്തിൽ തുടങ്ങിയതു മുതൽ എബ്രായർ എന്ന പേര് അബ്രഹാമിനു മറുപേരായി നൽകപെട്ടു. കാരണം കഠിനമായിരുന്ന **എഫ്രാത്** നദിയെ അബ്രഹാം കടന്നു വന്നതുകൊണ്ട് മറ്റു ജാതിക്കാർ അബ്രഹാമിനെ **എബ്രായൻ** എന്നു വിളിച്ചു. അങ്ങനെയുള്ള എബ്രായരായ അബ്രാഹം – സാറയ്ക്ക് ജനിച്ച കുഞ്ഞായ **യിസ്ഹാക്ക്** വളർന്നു.

ദൈവം നേരത്തേ തന്നെ ഈ കുഞ്ഞിനെ ആശീർവദിച്ചു. സാറയുടെ വയറ്റിൽ ജനിച്ച സന്തതിക്കു **യിസ്രായേൽ** എന്നു പേരിട്ടു. അവരാണ് പിൽക്കാലത്ത് **യെഹൂദന്മാർ (ഖലംഖ)** എന്നു വിളിക്കപ്പെട്ടു. ദൈവം അവരെ വർദ്ധിപ്പിച്ചു വളരെ ആശീർവദിച്ചു. ലോകം തന്നെ അതിശയിക്കത്തക്കവണ്ണം അവരുടെ ജ്ഞാനം വർദ്ധിച്ചു.

### യിസ്രായേൽ

യാക്കോബിനാണു ദൈവം ആദ്യമായി യിസ്രായോൽ എന്നു പേരിട്ടത് – ഉല്പത്തി 32:28, അതിനുശേഷം അബ്രഹാമിന്റെ സന്തതിയിൽ ജനിച്ച എല്ലാവർക്കും യിസ്രായേൽ എന്ന പേര് ദൈവം നൽകി.

യിസ്രായേല്യരെ (യെഹൂദന്മാരെ) ദൈവം നല്ലവണ്ണം സ്നേഹിച്ചു. കാരണം അന്നത്തെ കാലത്തിൽ പലരും സത്യദൈവമായ യഹോവയെ വിട്ടുമാറി തങ്ങൾക്കു പ്രിയമായ വിഗ്രഹങ്ങളെ ഉണ്ടാക്കി അവയെ ആരാധിച്ചിരുന്നു.

ദൈവം യിസ്രായേല്യർക്കു കൊടുത്ത മുഖ്യമായ കല്പനകളിൽ ഒന്നു **വിഗ്രഹാരാധന** പാടില്ല എന്നതാകുന്നു.

* മാത്രവുമല്ല യിസ്രായേലേ, നിന്റെ ദൈവമായ യഹോവയെ ഭയപ്പെടുകയും അവന്റെ എല്ലാ വഴികളിലും നടക്കയും അവനെ സ്നേഹിക്കുകയും നിന്റെ ദൈവമായ യഹോവയെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും കൂടെ സേവിക്കുകയും വേണം (ആവർ 10:12–17). ഇങ്ങനെ ഇനിയും ധാരാളം കല്പനകൾ **യിസ്രായേല്യർക്കു** കൊടുത്തു യിസ്രായേൽ മക്കളെ ദൈവം വളരെയധികം സ്നേഹിച്ചു. അതേസമയം ഇതേ യിസ്രായേൽ മക്കൾ ദൈവകല്പനകൾക്കു അനുസരണ കാണിക്കാതെ പോയാൽ എങ്ങനെയെല്ലാം ദൈവകോപം യിസ്രായേൽ ജനങ്ങളുടെ മേൽ ഉഗ്രമായി വരും എന്നത് അവരെ അറിയിച്ചു അവരെ മുന്നറിയിച്ചു. ഇപ്രകാരം മുന്നറിയിച്ചിട്ടും **യിസ്രായേൽ** ജനം അടിക്കടി ദൈവത്തിന്റെ മനസ്സിനെ വേദനിപ്പിക്കത്തക്കവണ്ണം പിടിവാശിക്കാരായി മാറി. അപ്രകാരം യിസ്രായേൽമക്കൾ (യെഹൂദന്മാർ) ദൈവത്തെ വിട്ടുമാറുമ്പോഴെല്ലാം ദൈവം തന്നെ, താൻ ഏറ്റവും അധികം സ്നേഹിച്ച യിസ്രായേൽ ജനങ്ങളെ ശത്രുക്കളുടെ കൈകളിൽ ഏല്പിച്ചു കൊടുത്തു. വിഗ്രഹത്തെ ആരാധിക്കയും അതേസമയം യഹോവയെ വെറുക്കുന്ന ശത്രുക്കളായ **അമ്മോന്യർ, ഫെലിസ്ത്യർ, ഫറവോൻ** എന്നിങ്ങനെയുള്ള പല ശത്രുക്കളുടെ കൈകളിൽ ദൈവം ഏല്പിക്കയും. അതിനുശേഷം യിസ്രായേലിനെ സംരക്ഷിക്കുന്നതു ദൈവം നിറുത്തുയും ചെയ്യും.

അങ്ങനെയൊണു ദൈവം, യിസ്രായേൽ ജനങ്ങളെ ഫറവോന്റെ കൈകളിൽ ഏല്പിച്ചു അടിമകളായി കഷ്ടപ്പെടാൻ ഇടയാക്കി. ദൈവം തന്നെ ഫറവോന്റെ ഹൃദയത്തെ പല

തവണ കഠിനപ്പെടുത്തി ദൈവത്തെ ജനത്തെ അനുവദിച്ചില്ല.

യിസ്രായേൽ മക്കൾ തങ്ങളുടെ തെറ്റുകൾ ഉണർന്നു മാനസാന്തരപ്പെടുമ്പോൾ മോശയെ പ്പോലെ ആരെയെങ്കിലും എഴുന്നേല്പിച്ചു യിസ്രായേൽ ജനങ്ങളെ വിടുവിച്ചിരുന്നു. ഇപ്രകാരം പല തവണ യിസ്രായേൽജനം ദൈവത്തെ ദുഃഖിപ്പിച്ചു. ഇതേ ജനം പലതവണ മാനസാന്തര പ്പെട്ടു ദൈവത്തോടു ക്ഷമ ചോദിക്കുമ്പോൾ ദൈവം അവരോടു ക്ഷമ തോന്നി അടിമത്തത്തിൽ നിന്നു ആ ജനങ്ങളെ ഓരോ തവണയും ദൈവം തന്റെ മക്കളായ യിസ്രായേൽ ജനത്തെ എന്തു മാത്രം സ്നേഹിച്ചു എന്നതു ദൈവം ദുഃഖിച്ച വാർത്തകൾ മുഖാന്തിരം നമുക്കു അറിയാൻ സാധി ക്കും.

*** എന്റെ ദാസനായ യിസ്രായേലേ .............. എന്റെ സ്നേഹിതനായ അബ്ര ഹാമിന്റെ സന്തതിയേ ................ ഞാൻ നിന്നെ നിരസിച്ചിട്ടില്ല ........... (യെശ 4: 8, 9)**

*** യിസ്രായേലേ ............. ഞാൻ നിന്നെ മറന്നുകളകയില്ല (യെശ 44:21)**

*** ഞാൻ എനിക്കു വേണ്ടി നിർമ്മിച്ചിരിക്കുന്ന (യിസ്രായേൽ ജനങ്ങളായ) ജനം എന്റെ സ്തുതിയെ വിവരിക്കും (യെശ 43:21)**

*** ഞാൻ ദൈവം എന്നതിനു നിങ്ങൾ എന്റെ സാക്ഷികൾ എന്നു ദൈവം യിസ്രായേൽ ജനങ്ങളെ നോക്കി പറയുന്നു (യെശ 43:12)**

* യിസ്രായേൽ ജനങ്ങളായ യെഹൂദന്മാരെ മാനസാന്തപ്പെടുത്താൻ ദൈവം യെഹൂദവർഗ്ഗ പ്രവാചകരെക്കൊണ്ടു സംസാരിപ്പിച്ചു.

എന്നാൽ ആ ജനം അങ്ങനെയുള്ള പ്രവാചകന്മാർക്കു ചെവികൊടുത്തില്ല. യെഹൂദന്മാർ മറ്റു ജാതി ജനങ്ങളെ മോശമായി കരുതും.

അതുകൊണ്ടു അതേ പുറജാതി ജനങ്ങളുടെ വായ് മുഖാന്തിരം സുവിശേഷം അറിയി ക്കുന്ന ഒരുകാലം വരും എന്നു ദൈവം കല്പിച്ചു. അതിനെയാണു **യെശയ്യാ പ്രവാചകൻ 28:11–ൽ വിക്കി വിക്കി പറയുന്ന അധരങ്ങളാലും** അവർ മുഖാന്തിരം ദൈവം സംസാരിക്കുമത്രേ. അടുത്ത വാക്കു **അന്യഭാഷ, എബ്രായഭാഷ, അരാമ്യ ഭാഷ** ഈ ഭാഷകൾ അല്ലാത്ത ആ അന്യവർഗ്ഗത്തെ ഇവർക്കു യേശുവാണു സമാധാന ദൈവം അവനിൽ ആശ്വാസം ഉണ്ടു എന്നു അന്യഭാഷ പറ യുന്ന മറുഭാഷക്കാരെകൊണ്ടും ദൈവം യെഹൂദന്മാരോടു സംസാരിപ്പിക്കുമത്രേ. എന്നാൽ ഇവ രാണെങ്കിൽ ഞങ്ങൾ **കേൾക്കയില്ല** എന്നു പറയും എന്നു പ്രവചനമായി പറഞ്ഞിരിക്കുന്നു.
ഇതിനെയാണു പെന്തകോസ്തു സഭക്കാർ പരിശുദ്ധാത്മാവിന്റെ നിറവിനു അന്യഭാഷ അടയാളം എന്നു ഈ വാക്ക് തെറ്റായി പഠിപ്പിക്കുന്നു.

* യിസ്രായേലേ, യഹോവയിൽ ആശ്രയിക്ക (സങ്കീ 115:9). യിസ്രായേൽ ജനം യഹോവ യിൽ ആശ്രയിക്കുകയും യഹോവയുടെ വാക്കുകൾക്കു അനുസരണം കാണിച്ചു നടന്നാൽ എന്തു സംഭവിക്കും എന്നു ദൈവം പറയുന്നു. ആഭിചാരം യാക്കോബിനു പറ്റുകയില്ല; ലക്ഷണവിദ്യാ യിസ്രായേലിനോടു ഫലിക്കയുമില്ല (സംഖ്യ 23:23).

* മുകളിൽ പറഞ്ഞ വചനത്തെ ഇന്നു നമ്മുടെ ക്രൈസ്തവർ വാഗ്ദത്തമായി എടുത്തിട്ടു വചനം ഇങ്ങനെ പറയുമ്പോൾ ക്രൈസ്തവരും യിസ്രായേല്യർ തന്നെ പിന്നെ എങ്ങനെ ആഭി ചാരം ക്രൈസ്തവരെ ആക്രമിക്കുന്നു. **പിശാചുക്കൾ** ക്രൈസ്തവരെ ബാധിക്കുന്നു എന്നു ചോദി ക്കുന്നു. ഇവർ മറ്റൊരു വചനം മറന്നു പോകുന്നു.

റോമർ 9:6ൽ യിസ്രായേലിൽ നിന്നുത്ഭവിച്ചവർ എല്ലാം **യിസ്രായേല്യർ** ........... **എന്നു വരികയില്ല**. ഇതിന്റെ അർത്ഥം എന്നാണെന്നു വച്ചാൽ ദൈവം പ്രതീക്ഷിക്കുന്നതിനനുസരിച്ചു യിസ്രായേൽ വചനത്തിൽ അനുസരണ ഇല്ലാതെ പോയാൽ അവർ നാമധേയ യിസ്രായേല്യർ എന്നു വിളിക്കപ്പെടും. അതായതു **നാമധേയ ക്രൈസ്തവരെപ്പോലെ** ഇരിക്കും. വചനാനുസൃതം പാപത്തെക്കുറിച്ചു മനസ്താപപ്പെട്ടു തങ്ങളെ തിരുത്തിക്കൊണ്ടു സത്യക്രൈസ്തവരായി അല്ലെങ്കിൽ യഥാർത്ഥ യിസ്രായേല്യരായി ജീവിച്ചാൽ അങ്ങനെയുള്ളവയെ യാതൊരു മന്ത്രവാദത്തിനും പിശാചിനും ഒന്നും ചെയ്യാൻ സാധ്യമല്ല.


THE PALESTINE POST

CARL MARX

STATE OF ISRAEL IS BORN

Most Crowded Hours in Palestine's History

JEWS TAKE OVER SECURITY ZONES

Egyptian Air Force Spitfires Bomb Tel Aviv; One Shot Down

U.S. RECOGNIZES JEWISH STATE

Proclamation by Head Of Government

അതുകൊണ്ടാണു യിരെമ്യാവ് 9:26–ൽ യിസ്രായേല്യർ എല്ലാ യിസ്രായേല്യർക്കു നൽകപ്പെട്ട നിയമം അനുസരിച്ചു ചടങ്ങിനു വേണ്ടി തങ്ങളുടെ അഗ്രചർമ്മം പരിച്ഛേദന **നടത്തിയതല്ലാതെ** ഹൃദയത്തിൽ അഗ്രചർമ്മികളാകുന്നു എന്നു ദൈവം പറയുന്നു. ഹൃദയത്തിൽ തന്നെ അഗ്രചർമ്മം അതായതു ഹൃദയശുദ്ധി ഇല്ലാതിരുന്നാൽ യിസ്രായേല്യർക്കു ദൈവത്താൽ നൽകപ്പെട്ട സംരക്ഷണം ലഭിക്കയില്ല. പിശാചു അവരെ ആക്രമിക്കും, ആഭിചാരം മന്ത്രവാദം ക്രൈസ്തവരെയും (യിസ്രായേല്യരെയും) ബാധിക്കും.

## പാലസ്തീൻകാർ

ഈ യിസ്രായേല്യർക്കു ദൈവത്താൽ നൽകപ്പെട്ടതാണു കനാൻ രാജ്യം. എന്നാൽ അതിനു മറ്റൊരു പേരാണു പാലസ്തീൻ (Palestine). പാലസ്തീനാ എന്നതിനു **അന്യരാജ്യം** എന്നുള്ള അർത്ഥവും ഉണ്ടു. റോമക്കാരാണ് **കാനാൻ രാജ്യത്തെ പാലസ്തീൻ** എന്ന് മാറ്റിയത്. രാജാക്കന്മാരുടെ കാലഘട്ടത്തിൽ ഇതിനെ യിസ്രായേൽദേശം എന്നു അറിയപ്പെട്ടു. യസ്രായേൽ പ്രവാസത്തിലായ ശേഷം കാരാഗൃഹത്തിലായശേഷം ഇതേ രാജ്യം **യെഹൂദ** എന്നും വിളിക്കപ്പെട്ടിരുന്നു.

യേശുക്രിസ്തു പാലസ്തീൻ രാജ്യം മുഴുവൻ സഞ്ചരിച്ചു ദൈവവേല ചെയ്തതുകൊണ്ടു ഇതിനെ ഇപ്പോൾ വിശുദ്ധഭൂമി എന്നു എല്ലാവരും വിളിക്കുന്നു. എന്നാൽ **പാലസ്തീൻ** എന്ന പേരു എന്തുകൊണ്ടോ വേദപുസ്തകത്തിൽ എങ്ങും എഴുതിയിട്ടില്ല. ഇപ്പോൾ നാം പ്രധാന വിഷയം ചിന്തിക്കാൻ പോകുന്നു. ഈ യിസ്രായേൽ ജനം ദൈവത്തിനു വീണ്ടും വീണ്ടും കോപം ഉണ്ടാക്കിയതുകൊണ്ടു യിസ്രായേൽ ജനതയെ ദൈവം തന്നെ ചിതറിച്ചു. അതുകൊണ്ടു യിസ്രായേൽജനം സ്വന്തരാജത്തെ തന്നെ വിട്ടു ഓടിപ്പോയി. എന്നാൽ യിസ്രായേല്യർ ദൈവത്തിന്റെ പ്രവചനത്തെ വിലമതിക്കാതെ യേശുവിനെപ്പറ്റി **മോശ** നേരത്തേ എഴുതിയതിനെയും, **യേശുവാണു മശിഹ** എന്നതു പ്രചനമായി അറിയിച്ചതിനെയും സ്വീകരിക്കാൻ യെഹൂദന്മാർക്കു മനസ്സില്ലാതെ യേശുവിനെ ക്രൂശിൽ തറച്ചു കൊന്നുകളഞ്ഞു.

പലതവണ ദൈവം **യിസ്രായേൽ** ജനങ്ങളോടു ക്ഷമിച്ചിട്ടും ദൈവത്തിന്റെ പ്രവചനത്തെ വിലമതിക്കാതെ വളരെ വൈരാഗ്യമായിരുന്നു. യേശുവിനെ അവർ വെറുത്തു; യേശുവിനെ സ്വീകരിച്ച ക്രൈസ്തവരെയും യെഹൂദന്മാർ വെറുത്തു; എന്നാൽ ദൈവപദ്ധതിയെയും ദൈവം അയച്ച മശിഹായെ (യേശു ക്രിസ്തുവിനെ) പുറംതള്ളിയതുകൊണ്ടു യഹൂദന്മാർ രാജ്യം നഷ്ടപ്പെട്ടവ

രായി ചിതറിയ്ക്കപ്പെട്ടു എന്ന് അപ്പോ.പ്ര 18-ാം അദ്ധ്യായത്തിൽ നാം കാണുന്നു. അതിനു മുമ്പു അവർ ചിതറിക്കപ്പെട്ടു. അതിനുശേഷം പ്രവാസികളായി യിസ്രായേൽജനം (യെഹൂദന്മാർ) വിവിധ രാജ്യങ്ങളിൽ ജീവിച്ചു. ജർമ്മനിയിലെ സർവ്വാധികാരിയായിരുന്ന ഹിറ്റ്ലറിന്റെ കാലത്തിൽ യെഹൂദന്മാരെ നാമാവശേഷമാക്കുന്നതിനു പദ്ധതിയിട്ടു, ലക്ഷക്കണക്കായ യെഹൂദന്മാരെ ഒരേ ദിവസം കൊന്നുമൂടിച്ചു. വിഷവായുകൊണ്ടും ലക്ഷക്കണക്കായ യെഹൂദന്മാരെ ഹിറ്റ്ലർ ഒരേ ദിവസം കൊന്നുകൂട്ടി.

* ദൈവം യെഹൂദന്മാരോടു വീണ്ടു കരുണ കാണിച്ചു. അനേക കാലങ്ങൾക്കുശേഷം 1948 മെയ് 14-ാം തീയതി യിസ്രായേൽ എന്ന രാജ്യം രൂപീകൃതമായി. അതിൽ യെഹൂദന്മാർ കുടിയേറി അതിനെ അവരുടെ സ്വന്തം രാജ്യമായിത്തീർത്തു ലോകത്തെ അറിയിച്ചു. അതിൽ ജീവിക്കാൻ സ്വാതന്ത്ര്യം നേടി. ലോകഭൂപടത്തിലും യിസ്രായേൽ എന്ന സ്വതന്ത്ര രാജ്യം സ്ഥാനം പിടിച്ചു ലോകരാജ്യങ്ങൾ അതിനെ അംഗീകരിച്ചു.

* യിസ്രായേൽ രാജ്യത്തിന് തമിഴ്നാടിനുള്ള വിസ്തീർണ്ണം ഉണ്ടാവും. അത്രത്തോളം വളരെ ചെറിയ

രാജ്യമാണു യിസ്രായേൽ രാജ്യം. സുമാർ 5 വർഷത്തിനു മുമ്പുള്ള ജനസംഖ്യ കണക്കനുസരിച്ചു യിസ്രായേലിലെ മൊത്തത്തിലുള്ള ജനങ്ങൾ സുമാർ 60 ലക്ഷമാകുന്നു. ബാക്കിയുള്ള യെഹൂദന്മാരെല്ലാം അമേരിക്ക, യൂറോപ്പ് എന്നിങ്ങനെയുള്ള രാജ്യങ്ങളിൽ ഇപ്പോഴും ജീവിച്ചുകൊണ്ടിരിക്കുന്നു. അവരെല്ലാം ദൈവം ആശിർവദിച്ച രാജ്യത്തിലേക്കു **യെരുശലേം ദൈവാലയം** ഉള്ള സ്ഥലത്തിൽ തങ്ങളുടെ ഇനിയുള്ള ജീവിതകാലം കഴിച്ചുകൂട്ടാൻ അവർ ആയിരിക്കുന്ന രാജ്യങ്ങളിൽ നിന്നു മടങ്ങി യിസ്രായേലിലേക്കു വന്നുകൊണ്ടിരിക്കുന്നു.

യിസ്രായേൽ രാജ്യം വളരെ ചെറിയ രാജ്യം ആണെങ്കിലും ആ രാജ്യത്തിനു ചുറ്റിലുമുള്ള രാജ്യങ്ങൾ എല്ലാം യിസ്രായേലിന്റെ ശത്രു രാജ്യങ്ങളായിരിക്കുന്നു.

## യിശ്മായേൽ




യിശ്മായേൽ സന്തതിയെ ആശീർവദിച്ച ദൈവം അവരെ സമൃദ്ധരാക്കി. തന്റെ പിതാവായ **അബ്രഹാമിന്റെ** കാലത്തിൽ തന്നെ പിതാവിന്റെ രാജ്യം വിട്ടു പുറത്തു വന്നു പാലസ്തീനിൽ കുടിയേറി എങ്കിലും അവിടെ നിന്നും ഓടിക്കപ്പെട്ടു. അറേബ്യാ രാജ്യത്തിൽ അഭയാർത്ഥികളായി ജീവിച്ചു. ഇവരിൽ നിന്നു അറേബ്യയിൽ ഉണ്ടായതാണു **ഇസ്ലാംമതം.**

## പാലസ്തീൻ രാജ്യത്തിന്റെ ഉദയം

യെഹൂദന്മാർ തങ്ങളുടെ രാജ്യം എന്നു അറിയിച്ച **യിസ്രായേൽ രാജ്യം** ഞങ്ങൾക്കും സ്വന്തം തന്നെ, ഞങ്ങളുടെ അപ്പനും അബ്രഹാമിന്റെ ആദ്യ മകനും ഞങ്ങളുടെ പൂവ്വ പിതാവ്, മൂത്ത മകനാണ് രാജ്യം ഭരിക്കേണ്ടതിനു അവകാശം ഉള്ളവൻ. രണ്ടാമത്ത മകനായി ജനിച്ച യിസ്ഹാക്കിന്റെ സന്തതിയായ യിസ്രായേല്യർക്കു ഭരിക്കാനുള്ള അവകാശം ഇല്ല. അതിൽ ജീവിക്കുവാനുള്ള അവകാശം ഞങ്ങൾക്കും വേണം എന്നു പല വർഷങ്ങളായി യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നു.

എല്ലാ അറബു രാജ്യങ്ങളു യുദ്ധം ചെയ്തു കൊണ്ടിരിക്കുന്നു പ്രത്യേകിച്ചു ഈജപ്റ്റും, ആ യുദ്ധ ത്തിൽ സഹായിച്ചു. **യാസർ അറഫാത്ത്** എന്ന വ്യക്തിയുടെ നേതൃത്വത്തിൽ എല്ലാ മുസ്ലീം രാജ്യങ്ങളും പാലസ്തീൻകാർക്കു യിസ്രായേൽ രാജ്യം വേണം എന്നുള്ള ലക്ഷ്യത്തിൽ യെഹൂദന്മാർ നേടിയെടുത്ത യിസ്രായേൽ രാജ്യത്തിനടുത്തു പാലസ്തീൻ എന്ന രാജ്യം രൂപീകരിച്ചതായി അറിയിച്ചു. ഇതിലെ പ്രശ്നം എന്താണെ ന്നുവെച്ചാൽ യുദ്ധത്തിൽ നശിച്ചുപോയതും ശലോമോൻ പണിതതുമായ ആലയം പാലസ്തീൻ ഭാഗത്താണു ഇരി ക്കുന്നതു എന്നു യെഹൂദന്മാർ എണ്ണിക്കൊണ്ടിരുന്നു. യെഹൂ ദന്മാരുടെ യിസ്രായേൽ അതിരിൽ യിശ്മായേൽ സന്തതി യായ പാലസ്തീൻകാർ ഇസ്ലാമ്യർ നിസ്കരിക്കുന്ന വലിയ മസ്ജിദ് വളരെ വലിയ ചെലവിൽ പണികഴിപ്പിച്ചു. അതിനു



അൽ അക്സാ എന്ന പേരുവച്ചു ഇതിനുവേണ്ടി എല്ലാ രാജ്യത്തുമുള്ള ഇസ്ലാമ്യരും പണം ചെല വഴിച്ചു സ്വർണ്ണം പൊതിഞ്ഞു ആ ഗോപുരങ്ങളെ മുഹമ്മദ് നബിയുടെ പുണ്യ സ്ഥലമാക്കി എടു ത്തു.

* പാലസ്തീനിൽ ഉള്ള ഇസ്ലാം **തീവ്രവാദികൾ** അടിക്കടി യിസ്രായേൽ രാജ്യത്തിൽ ഉള്ള വരെ ആക്രമിച്ചു കോപപ്പെടുത്തിക്കൊണ്ടിരുന്നു. അവരെ നശിപ്പിക്കുന്നതിനായി യിസ്രായേല്യർ അടിക്കടി പലസ്തീൻകാർക്കെതിരായി യുദ്ധം ചെയ്യേണ്ടി വന്നു. അതിൽ പല മുസ്ലീം സ്ത്രീകളും കുഞ്ഞുങ്ങളും കൊല്ലപ്പെട്ടു. **യാസർ അറഫാത്തിനെ** കൊണ്ടു ഈ തീവ്രവാദികളെ നിയന്ത്രി ക്കാൻ സാധിച്ചില്ല. അദ്ദേഹം രോഗബാധിതനായി മരിച്ചു.

എന്നാൽ അതിനുശേഷം മുമ്പത്തെക്കാൾ അധികമായി യെഹൂദർക്കെതിരായി വീണ്ടു പല സ്തീനിൽ നിന്നും റോക്കറ്റുകളും ബോംബുകളും വീശി. ഇത്രയും അധികം യുദ്ധ ഉപകരണ ങ്ങൾ പാലസ്തീൻകാർക്ക് ഏതു വഴിയിൽ ലഭിക്കുന്നു എന്നതിനെക്കുറിച്ചു യെഹൂദന്മാർ അന്വേ ഷണം നടത്തി. യുദ്ധോപകരണങ്ങൾ വരുന്ന വഴി യെഹൂദന്മാർ കണ്ടുപിടിച്ചു. നേരത്തേ 1981-ൽ മുസ്ലീം മസൂദിയായി അൽ - അക്സായിൽ ഒരു തുരങ്കപാത ഉണ്ടെന്നു യെഹൂദന്മാർ കണ്ടുപിടി ച്ചു. അതിനുശേഷം യിസ്രായേൽ പട്ടാളം ഗാസാ എന്ന ഭാഗത്തു പരിശോധിച്ചപ്പോൾ ഈജി പ്തിൽ നിന്നു ഗാസാ അതിർക്കുള്ളിൽ വരെ **നൂറു തുരങ്കപാതകൾ** ഉണ്ടെന്നു കണ്ടുപിടിച്ചു. അതുവഴിയായിട്ടാണു പട്ടാള സാമഗ്രികൾ യുദ്ധോപകരണങ്ങൾ പല അറേബ്യൻ രാജ്യങ്ങളിൽ നിന്നു തീവ്രവാദികൾക്കു ലഭിക്കുന്നത് എന്നറിഞ്ഞിട്ട് അത്രയും തുരങ്ക പാതകൾ യിസ്രായേൽ പട്ടാളം പൂർണ്ണമായി നശിപ്പിച്ചു. ഇക്കാരണത്താൽ ആ ഭാഗത്തു പാലസ്തീൻ വീടുകളും നശി പ്പിക്കപ്പെട്ടു. തീവ്രവാദ നശീകരണം എന്ന പേരിൽ നടന്ന ഈ യുദ്ധത്തെ ലോകരാജ്യങ്ങൾ അംഗീ കരിച്ചില്ല. ഇപ്പോഴും പാലസ്തീനെതിരായി അപ്പോഴപ്പോൾ യുദ്ധം നടന്നുകൊണ്ടിരിക്കുന്നു.

ഇപ്പോൾ അൽ - അക്സാ ഭാഗത്തു ഞങ്ങൾക്കും ആരാധിക്കണം, ശലോമോന്റെ ആലയ ത്തിന്റെ മദ്ധ്യഭാഗം അവിടെ ഇരിക്കുന്നു എന്നു യെഹൂദന്മാർ പുതിയ പ്രശ്നമുള്ള അവകാശ യുദ്ധം നടത്തുന്നു. 1976-ൽ ലോക കോടതി യെഹൂദന്മാർക്കും അൽ - അക്സായിൽ ആരാധന നടത്താം, ശലോമോന്റെ ആലയം അവിടെ ഉണ്ടായിരുന്നിരിക്കാം എന്നു വിധിച്ചു. ഇസ്ലാമ്യർക്കു

അതിനപ്പുറം ഒന്നും ചെയ്യാൻ സാധിച്ചില്ല. ഇപ്പോൾ യെഹൂദന്മാരും യിശ്മായേല്യരായ ഇസ്ലാമ്യരും അവിടെ ആരാധിക്കുന്നു. ആ മുസ്ലീം പള്ളി വാതിൽക്കൽ മസ്ജൂദിയുടെ അടുത്തു യെഹൂദന്മാർ യെഹൂദ മതപാഠശാലകൾ പണിതിരുന്നു. എന്നാൽ അതിൽ നിറച്ചും യുദ്ധോപകരണങ്ങൾ നിറച്ചു വയ്ക്കുന്നതു ഇസ്ലാമ്യർ കണ്ടുപിടിച്ചു. ഏതുസമയത്തും അൽ–അക്സാ പൊട്ടിത്തെറിക്കാൻ ഇടയുണ്ട്. അതേ സ്ഥലത്തിൽ യെഹൂദന്മാർ യെരുശലേം ആലയം പണിയും എന്നും ഭയപ്പെട്ട ഉഗ്രശേഷിയുള്ള സ്ഫോടന വസ്തുക്കൾ മാറ്റണമെന്നും പോരാട്ടം ആരംഭിച്ചു.

അതുകൊണ്ടു യുദ്ധോപകരണങ്ങൾ ആ സ്ഥലത്തു നിന്നു മാറ്റണം എന്നു ഇസ്ലാമ്യർ തർക്കിച്ചു. സ്ഫോടനവസ്തുക്കൾ പൊട്ടിയാൽ മസ്ജിദ് ഉണ്ടായിരുന്ന സ്ഥലം തന്നെ അറിയാൻ സാധിക്കയില്ല ലോകരാജ്യങ്ങൾ ഇതിൽ ഇടപെട്ടു. ഒരു വിധത്തിൽ അവിടെ നിന്നു യെഹൂദന്മാർ വെടിക്കോപ്പുകൾ നീക്കി. . എന്നാൽ അതിനടുത്തു പുതിയ ശലോമോന്റെ ആലയം പണിയണം എന്നു 1990–ൽ യെഹൂദ ജനം ആവശ്യപ്പെട്ടു. വീണ്ടും യെഹൂദരും പാലസ്തീൻകാരും തീവ്ര യുദ്ധം നടന്നു. ആയിരക്കണക്കിൽ ഇസ്ലാമ്യർ കൊല്ലപ്പെട്ടു. യെഹൂദന്മാരുടെയും ഇസ്ലാമ്യരുടെയും രണ്ടു ഭാഗത്തും ഇന്നുവരെ യുദ്ധവെറി പുകഞ്ഞുകൊണ്ടു തന്നെയിരിക്കുന്നു. ഏതു സമയത്തും യിസ്രായേല്യർ (യെഹൂദന്മാർ) കഠിനമായ ആക്രമണത്തിനുള്ളിലായിരിക്കാം. പ്രതീക്ഷിച്ചതുപോലെ യുദ്ധമേഘം യിസ്രായേല്യർക്കും എതിരായി ഇപ്പോൾ ആയിരിക്കുന്നു. ഇപ്പോൾ **പാലസ്തീൻകാർ, അറേബ്യർ, ഇസ്ലാമ്യർ** എന്നിവരെല്ലാം ഒരുമിച്ചു യെഹൂദന്മാർ വസിച്ചുകൊണ്ടിരിക്കുന്ന യിസ്രായേൽ രാജ്യത്തെ വെറുക്കാൻ ആരംഭിച്ചു.

ഇതിനു മുമ്പും ഭയങ്കരയുദ്ധം യിസ്രായേല്യർക്കു എതിരായി നടന്നു. ആ യുദ്ധത്തിൽ യിസ്രായേൽ രാജ്യത്തിനു ചുറ്റിലുമുള്ള ജോർദ്ദാൻ, ഈജിപ്റ്റ്, സിറിയ, ലബനോൻ എന്നീ രാജ്യങ്ങൾ പാലസ്തീൻകാരോടു യുദ്ധസഖ്യം ഉണ്ടാക്കി ഈ രാജ്യങ്ങളെല്ലാം യിസ്രായേൽ രാജ്യത്തിന്മേൽ യുദ്ധം തുടങ്ങി. ചെറിയ രാജ്യമായ യിസ്രായേലിനെ ജയിക്കാൻ അവരെക്കൊണ്ടു സാധിച്ചില്ല.

വീണ്ടും ഈജിപ്തിനോടു ചേർന്നു മൊത്തം 22 അറേബ്യൻ രാജ്യങ്ങൾ യിസ്രായേലിനു എതിരായി യുദ്ധം ചെയ്തു. അതിലും യിസ്രായേൽ രാജ്യത്തെ ജയിക്കാൻ സാധിച്ചില്ല, തോറ്റു പോയി. യിസ്രായേലിനെ സ്നേഹിക്കുന്ന നമ്മുടെ ദൈവം ശത്രുക്കൾ എല്ലാവരെയും തോല്ക്കാൻ ഇടയാക്കി. ആ വലിയ യുദ്ധം തുടങ്ങി വെറും ആറു ദിവസത്തിനകം തന്നെ യിസ്രായേൽ രാജ്യം യുദ്ധത്തിൽ ഏറ്റവും വലിയ വിജയം നേടി ലോകജനതയുടെ ശ്രദ്ധ നേടി.

ആയുദ്ധത്തിൽ ഈജിപ്റ്റ് അവരുടെ കൈവശമിരുന്ന **സീനായ്** എന്ന വലിയ ഭാഗം നഷ്ടമാക്കി. സീനായ് ഭാഗം കൂടെ ചേർത്തു. യിസ്രായേൽ തങ്ങളുടെ അതിർ വിസ്താരപ്പെടുത്തി. സിറിയാ രാജ്യം **ഗാലാൻ ഹൈഡ്**സം എന്ന ഏറ്റവും വലിയ ഭാഗം നഷ്ടമാക്കി. അതിനേയും യിസ്രായേൽ രാജ്യം തങ്ങളുടേതാക്കി. **ജോർദ്ദാൻ** രാജ്യത്തിൽ യോർദ്ദാൻ നദിയുടെ പടിഞ്ഞാറൻ കരഭാഗത്തെ ഏറ്റവും നല്ല സ്ഥലമായ **വെസ്റ്റ് ബാങ്ക്** യിസ്രായേൽ പിടിച്ചു. തങ്ങളുടെ രാജ്യത്തിന്റെ അതിരിനെ വീണ്ടും വീണ്ടും വലുതാക്കി. യുദ്ധം ചെയ്ത എല്ലാ മുസ്ലീം രാജ്യങ്ങളും എന്തുകൊണ്ടും ഈ യുദ്ധം ചെയ്തു എന്നു തങ്ങളുടെ തോൽവിയാൽ തളർന്നുപോയി. ദൈവം താൻ സ്നേഹിക്കുന്ന രാജ്യമായ യിസ്രായേലിനെ എങ്ങനെ നശിപ്പിക്കും? ലോകത്തിൽ ഉള്ള ആരും അവരെ ജയിക്കാൻ ഇടയാക്കാതെ കാത്തു സൂക്ഷിക്കുന്നു. എന്നാലും യിസ്രായേൽ

തങ്ങളുടെ ദൈവത്തിലേക്കു മടങ്ങാതെ ദൈവം അയച്ച മശിഹയായ **യേശുക്രിസ്തുവിനെ** സ്വീകരിക്കാതെ തങ്ങളുടെ ഹൃദയത്തെ കഠിനമാക്കിക്കൊണ്ടിരിക്കുന്നു. തങ്ങളുടെ **സ്വയബലത്താലും, തന്ത്രത്താലും, സാമർത്ഥ്യത്താലും** ആണ് തങ്ങൾ ജയിക്കുന്നതെന്നു **യിസ്രായേൽ ജനം** ചിന്തിച്ചുകൊണ്ടിരിക്കുന്നു.

* യിസ്രായേലിന്റെ രക്ഷയ്ക്കായി നമുക്കു പ്രാർത്ഥിക്കാം. അവരുടെ അഹംഭാവം നീങ്ങാനും യേശുക്രിസ്തുവാണു മശീഹ എന്നു സ്വീകരിക്കാനും നമുക്കു പ്രാർത്ഥിക്കാം.

ആ യുദ്ധ തോൽവിക്കുശേഷം ഇസ്ലാമ്യർ വളരെ തളർന്നു പോയി. ഒരു ഘട്ടത്തിൽ യെഹൂദന്മാരോടു ഇസ്ലാമ്യർ സമാധാന ഉടമ്പടി പോലും ചെയ്തു. ആ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ നേരത്തേ തങ്ങൾ യുദ്ധത്തിൽ പിടിച്ച സ്ഥലങ്ങളായ ഗാസ (Gaza), വെസ്റ്റ് ബാങ്ക് (West Bank) എന്നീ സ്ഥലങ്ങൾ മാത്രം യെഹൂദന്മാർ പാലസ്തീൻകാർക്കു വിട്ടുകൊടുത്തു.

പാലസ്തീൻകാർ തക്കൾക്കായി ഇനി സ്വന്തം പട്ടാളം ഞങ്ങൾക്കായി വയ്ക്കുകയില്ല, ഞങ്ങൾക്കു യെഹൂദരായ നിങ്ങളുടെ പട്ടാളം തന്നെ സംരക്ഷണമായിരിക്കട്ടെ, പണവും നാണയവും യിസ്രായേൽ രാജ്യത്തെ നാണയം തന്നെ ഞങ്ങൾ വിനിമയം ചെയ്യാം. നിങ്ങളുടെ ജില്ലകളിൽ ഒന്നുപോലെ ഞങ്ങളും നിങ്ങളോടൊപ്പം യോജിച്ചും ജീവിക്കാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു ജീവിച്ചു. എന്നാൽ ദിവസങ്ങൾ കഴിയുന്തോറും യിസ്രായേൽ രാജ്യം തങ്ങളെ അളവിൽ കവിഞ്ഞ് നിയന്ത്രിക്കുന്നതും ഭരിക്കുന്നതും പാലസ്തീൻകാർ ഇഷ്ടപ്പെടുന്നില്ല.

അവരിൽ ചിലർ ഇസ്ലാമ്യ നയത്തോടുള്ള പ്രത്യേകതയാൽ യെഹൂന്മാരോടു വെറുപ്പുണ്ടായി അടിക്കടി യിസ്രായേൽ രാജ്യത്തിനുള്ളിൽ നുഴഞ്ഞു രഹസ്യമായി യെഹൂദരോടു ഗെറില്ലാ രീതിയിൽ ആക്രമിച്ചു ഓടിപ്പോകുന്നു.

പാലസ്തീൻകാർക്കു രാജ്യം വിഭാഗിച്ചു കൊടുക്കുന്നതിനു മുമ്പു നേരത്തേ യിസ്രായേൽ രാജ്യത്തിൽ യെഹൂദന്മാരോടൊപ്പം സുമാർ 15 ലക്ഷം പാലസ്തീൻകാർ വസിച്ചിരുന്നു. അവരെക്കൊണ്ടു യെഹൂദർക്കു യാതൊരു പ്രശ്നവും ഉണ്ടായിരുന്നില്ല. ഇപ്പോൾ പാലസ്തീനിൽ **ഇസ്ലാമ്യ** ......... ഹമാസ് എന്ന തീവ്രവാദ പ്രസ്ഥാനം യിസ്രായേലിന്മേൽ 3000 റോക്കറ്റുകൾ അയച്ചു. അതു ഇപ്പോൾ യുദ്ധമായി മാറിയതുകൊണ്ട് യിസ്രായേലും പാലസ്തീനിനും മീതെ ആക്രമണം നടത്തിയതിനാൽ ഏകദേശം രണ്ടായിരംപേർ മരിച്ചു. കൈക്കുഞ്ഞുങ്ങളും, യുവതികളും, സ്ത്രീകളും മരിച്ചു കൂമ്പാരമായി കിടക്കുന്നതു റ്റിവിയിൽ കണ്ടപ്പോൾ മനസ്സു പതറി.



പാലസ്തീൻ രാജ്യത്തിനു യുദ്ധം ചെയ്ത **യാസർ അറഫാത്തി**ന്റെ മരണശേഷം പാലസ്തീൻ രാജ്യത്തിൽ നിയന്ത്രണം ഇല്ലാതെ പോയി. ഇപ്പോൾ പുതുതായി രൂപീകരിച്ച **ഹമാസ്** എന്ന തീവ്രവാദ പ്രസ്ഥാനത്തിനു **അൽ-കൊയ്ദാ**യും മറ്റു ചില ഇസ്ലാമ്യ തീവ്രവാദ പ്രസ്ഥാനത്തിനു ആയുധങ്ങൾ കൊടുത്തു ഹമാസ് പ്രസ്ഥാനത്തെ പ്രലോഭിപ്പിക്കുന്നു.

ലോകത്തിലുള്ള ഇസ്ലാമ്യരുടെ എണ്ണവും ഇപ്പോൾ മണൽത്തരിപോലെ വർദ്ധിച്ചു. ദൈവം നേരത്തേ ഹാഗാർ മൂലമായി ആശിർവദിച്ചതുപോലെ യിശ്മായേൽ ജനത്തെ ദൈവം ആശിർവദിച്ചു. ഇവർ മണൽ പ്രദേശങ്ങളായ മരുഭൂമിയിൽ ജീവിക്കുന്നെങ്കിലും അവിടെ എവിടെ കുഴിച്ചാലും **പെട്രോൾ ഊറ്റു** പൊങ്ങി വരുന്നതുകൊണ്ടു പെട്രോൾ വിറ്റു പണം വർദ്ധിക്കുന്ന നിലയിൽ യിശ്മായേൽ സന്തതിയിൽ ദാരിദ്ര്യം ഇല്ലാത്ത നില ഉണ്ടായത് അവരെ അഹങ്കാരികളാക്കി. അവന്റെ കൈ എല്ലാവർക്കും വിരോധമായിരിക്കും എന്നു അന്നു ദൈവം പറഞ്ഞ പ്രവചനം അനുസരിച്ചു യിശ്മായേൽ (ഇസ്ലാമ്യർ) എല്ലാവരെയും പകെച്ചുകൊണ്ടു ജീവിക്കുന്നു.

## യിസ്രായേലിന്റെ (യെഹുദരുടെ ഇപ്പോഴുള്ള ആപത്തായ നില

ഇപ്പോൾ യിസ്രായേൽ രാജ്യത്തിൽ ജിവിക്കുന്ന യെഹൂദരുടെ എണ്ണം വളരെ കുറഞ്ഞ നിലയിൽ ഇരിക്കുന്നതുകൊണ്ടു യിസ്രായേലിനു ചുറ്റുമുള്ള ഇസ്ലാമ്യ രാജ്യങ്ങളും വലിയ പടയോടെ യിസ്രായേൽ എന്ന രാജ്യം തന്നെ **ലോകഭൂപടത്തിൽ ഇല്ലാതിരിക്കണം** എന്ന ശപഥത്തോടെ യിസ്രായേല്യരെ (യെഹൂദരെ) പൂർണ്ണമായി നശിപ്പിക്കാൻ വളരെ തീവ്രമായി ശ്രമിക്കുന്നു.




ഇപ്പോൾ സമീപകാലത്തിൽ **ഇറാൻ രാജ്യം** റഷ്യയിൽ നിന്നു യുറേനിയം ഇറക്കുമതി ചെയ്തിരിക്കുന്നു. വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന ന്യൂക്ലിയർ അണുബോംബുകൾ തയ്യാറാക്കാൻ ആരംഭിച്ചു കഴിഞ്ഞു. അണുബോംബു ഉണ്ടാക്കിയ ശേഷം ആദ്യത്തെ ന്യൂക്ലിയർ എന്ന ഭയങ്കരമായ അണുബോംബു യിസ്രായേലിന്മേൽ ഇട്ടു അതിനെ നശിപ്പിക്കാൻ പോകുന്നു എന്ന ഒരു രാജ്യം പ്രതിജ്ഞ എടുത്തിരിക്കുന്നു. യിസ്രായേൽ രാജ്യത്തിനു അപ്രകാരം ഏറ്റവും വലിയ നാശം കാത്തിരിക്കുന്നു.

1979-ൽ ഡോ.പുഷ്പരാജ് ആയ ഞാൻ യിസ്രായേലിൽ പോയപ്പോൾ അവിടുള്ള ജനങ്ങൾ ആരും സന്തോഷമുള്ളവരല്ല. ഞാൻ യെരുശലേം വീഥിയിൽ നടന്നു പോയിക്കൊണ്ടിരുന്നപ്പോൾ അടിക്കടി അപായ സൈറൻ കേൾക്കുമായിരുന്നു. ഉടനേ വീഥികളിലെ കടകൾ അടച്ചു കിടങ്ങുകൾ നോക്കി ഓടുന്നതു ഞാൻ കണ്ടു. യിസ്രായേൽ രാജ്യത്തിന്റെ ചുറ്റും ശത്രുക്കൾ നിറഞ്ഞ നിലയിൽ എപ്പോഴും ശത്രുരാജ്യങ്ങൾ വിമാനാക്രമണം നടത്താൻ പരിശ്രമിച്ചുകൊണ്ടേയിരിക്കുന്നു. അതുകൊണ്ടു പലപ്രാവശ്യം അപായസൈറൻ മുഴങ്ങിക്കൊണ്ടിരുന്നു. അങ്ങനെയാണെങ്കിൽ ഓരോ മിനിറ്റിലും തങ്ങളെ നോക്കി നാശം വന്നുകൊണ്ടേയിരിക്കുന്നു എന്നതു അറിയുന്ന യെഹൂദന്മാർക്കു എപ്രകാരം **സമാധാനമായിരിക്കാൻ** സാധിക്കും. **ഇപ്രകാരം സമാധാനം ഇല്ലാതെ ഭയന്നു ഭയന്നു ജീവിക്കുന്ന ഇവരുടെ ജീവിതത്തിനു കാരണം എന്ത്?**

മത്തായി 27:24,25 അന്നു പീലാത്തോസ് യേശുക്രിസ്തുവിനു വിധി പറഞ്ഞപ്പോൾ യേശു കുറ്റമില്ലാത്തവൻ ഇവനെ കൊല്ലുന്നതു കൊണ്ടു രക്തപഴി എന്മേൽ വരാതിരിക്കട്ടെ എന്നു പറഞ്ഞു തന്റെ കൈകളെ കഴുകി അറിയിച്ചപ്പോൾ അന്നു അവിടെ ഉണ്ടായിരുന്ന **യെഹൂദന്മാർ** പറഞ്ഞ

വാക്കുകൾ അല്പം ചിന്തിച്ചു നോക്കുവിൻ: **യേശുവിനെ** കൊല്ലുന്നതാൽ ഉണ്ടാകുന്ന രക്തപഴി **ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വന്നാലും സാരമില്ല.** എന്നാലും യേശുക്രിസ്തു കൊല്ലപ്പെടണം എന്നു അവർ ആർത്തു വിളിച്ചു. അതിന്റെ ഫലമാണു ഈ നാൾ വരെക്കും യിസ്രായേൽ (യെഹൂദരുടെ) സന്തതി പരമ്പരയായി വേദന അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇത്രത്തോളം ഞെരുക്കങ്ങളും യുദ്ധങ്ങളും സമാധാമില്ലാത്ത ജീവിതവും ഇവർ അനുഭവിച്ചിട്ടും **യേശുക്രിസ്തു**വിനെ അവർ **മശിഹ** എന്നു അംഗീകരിക്കയുമില്ല, സ്വീകരിക്കുകയും ഇല്ല.



അതിനു പകരം യേശുക്രിസ്തുവിനു വിരോധമായി **യേശുക്രിസ്തു**വിനെ മോശമാക്കുന്നതിനായി കോടിക്കണക്കായി പണം ചെലവഴിച്ചു ക്രിസ്തുവിനെ അപമാനിക്കുന്ന രീതിയിൽ സിനിമാ പടം എടുത്തു, ലോകജനങ്ങളോടു യേശു ദൈവമല്ല എന്നു അറിയിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

മറ്റൊരു വശത്തു പിശാചിനു ശക്തി ഉണ്ടെന്നും പിശാചിനെ നശിപ്പിക്കാൻ യേശുവിനെ കൊണ്ട് സാധിക്കയില്ല എന്നും പറഞ്ഞു ആ ആശയം വാസ്തവമാക്കുന്ന രീതിയിൽ പിശാചു സംബന്ധമായ പല പടങ്ങളും, **മരിച്ചുപോയ ആത്മാക്കളെപ്പറ്റി** വേദപുസ്തക ഉപദേശങ്ങൾക്കു വിരോധമായ സിനിമാ പടങ്ങളും എടുത്തു ധാരാളം ജനങ്ങളെ ആശയകുഴപ്പത്തിൽ ആക്കുവാൻ ശ്രമിക്കുന്നു. ഇപ്രകാരമുള്ള സിനിമ അല്ലെങ്കിൽ സീരിയൽ പടങ്ങൾ എടുക്കാൻ യെഹൂദ പണക്കാരായ വ്യാപാരികൾ പലരും സിനിമാ തയ്യാറാക്കുന്നവർക്കു പണസഹായം നൽകുന്നു.

യെഹൂദന്മാർ ഇതുവരെയായി മാനസാന്തരപ്പെട്ടിട്ടില്ല. ദൈവമാണെങ്കിൽ മനവേദനയോടെ യെരുശലേമിനെ നോക്കി കണ്ണീർ വിട്ട നിലയിൽ ഇരിക്കുന്നു.

ഇത്രയും കാലം പല വലിയ യുദ്ധങ്ങളിൽ തങ്ങൾ ജയിച്ചതു തങ്ങളുടെ സ്വന്തം കഴിവ് എന്നു യെഹൂദന്മാർ ചിന്തിച്ചുകൊണ്ടിരിക്കുന്നു. ഇവർക്കു വേണ്ടി ദൈവം തന്നെ യുദ്ധം ചെയ്തു യിസ്രായേൽ ജനം മാനസാന്തരപ്പെടുന്നതിനായി കാത്തുകൊണ്ടിരിക്കുന്നു എന്നതു യെഹൂദജനം ഇതുവരെയായി ഉണർന്നിട്ടില്ല. അതുകൊണ്ടു അന്നത്തെ പ്രവചനം സങ്കീ 122:6–ൽ **യെരൂശലേമിന്റെ സമാധാനത്തിനായി പ്രാർത്ഥിപ്പിൻ; നിന്നെ സ്നേഹിക്കുന്നവർ സ്വൈരമായിരിക്കട്ടെ** എന്നു ദൈവം പറഞ്ഞിരിക്കുന്നു.

ഇതുവരെ യിസ്രായേലിനെ സഹായിച്ച അമേരിക്കയിൽ നിന്നു ലഭിച്ച സഹായങ്ങൾ നിന്നു പോകുന്ന സാഹചര്യം ഉണ്ടായിരിക്കുന്നു. യിസ്രായേലിനു അമേരിക്ക തുടർന്നു സംരക്ഷണം അല്ലെങ്കിൽ സഹായം ചെയ്യുന്നതു തുടർന്നാൽ അമേരിക്കയുടെ മേൽ എല്ലാ ഇസ്ലാമ്യരും, അൽ–ഖായ്ദയ്ക്കു പകരമായി ഇപ്പോൾ ആരംഭിച്ച I.S (Islamic State) എന്ന മറ്റൊരു തീവ്രവാദ പ്രസ്ഥാനത്തോടു ചേർന്നു യിസ്രായേലിന്മേൽ ആക്രമണം നടത്തും. അതുകൊണ്ടു യിസ്രായേലിനു സഹായം ചെയ്ത അനാവശ്യമായി ഇസ്ലാമ്യരുടെ പക എന്തുകൊണ്ടു നേടണം എന്നു **അമേരിക്കൻ സെനറ്റിൽ** പലരും യിസ്രായേൽ രാജ്യത്തിനു സംരക്ഷണവും പട്ടാള സഹായവം നൽകുന്നതു നിറുത്തണമെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു.



# കർത്താവായ യേശുവിനെ കരയിച്ച യെഹൂദന്മാർ

യെരുശലേം നഗരത്തിനു സമീപം യേശുക്രിസ്തു വന്നപ്പോൾ യെരുശലേം നഗരത്തെ നോക്കി കരഞ്ഞു ലൂക്കോ 19:41, 42 കാരണം ഈ യെരുശലേം യാത്ര യേശുക്രിസ്തു ഈ ലോകത്തിൽ ജീവിച്ചു മരിക്കാൻ പോകുന്നതിനു മുമ്പുള്ള അവസാനയാത്രയായിരുന്നു.



യെരുശലേമിൽ ജീവിക്കുന്ന (യിസ്രായേൽ) യിസ്രായേൽ ജനമേ നിനക്കു ലഭിച്ച അവസാന സന്ദർഭമായ (Last opportunity) ഈ നാളിൽ നിന്റെ സമാധാനത്തിനുള്ളതു നീയും അറിഞ്ഞു എങ്കിൽ കൊള്ളായിരുന്നു. ഇപ്പോഴോ അതു നിന്റെ കണ്ണിനു മറഞ്ഞിരിക്കുന്നു.

## മുന്നറിയിക്കുന്നു

നിന്റെ സന്ദർശനകാലം നീ അറിയാത്തതുകൊണ്ടു നിന്റെ ശത്രുക്കൾ നിനക്കു ചുറ്റും വാടകോരി നിന്നെ വളഞ്ഞു നാലു പുറത്തും ഞെരുക്കി നിന്നെയും നിന്നിലുള്ള നിന്റെ മക്കളെയും നിലത്തു തള്ളിയിട്ടു നിങ്കൽ കല്ലിന്മേൽ കല്ലു ശേഷിപ്പിക്കാതിരിക്കുന്ന കാലം നിനക്കു വരും. കാരണം ദൈവം നിന്നെ തേടി വന്ന (മശിഹയായി) കാലത്തെ നീ അറിഞ്ഞില്ല (കത്തോലിക്കാ വേദപുസ്തകം).

അതുമാത്രവുമല്ല യേശു പറഞ്ഞതു : യെരുശലേമേ, യെരുശലേമേ.......നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ (പിതാവിനാൽ) കല്ലെറിയുകും ചെയ്യുന്നവളേ, ഇനിയും എത്ര കാലം ഹൃദയകാഠിന്യത്തോടെ നടക്കും. പരുന്തു ദൂരെ വരുമ്പോൾ തന്നെ കോഴി തന്റെ കുഞ്ഞുങ്ങളെ  വർഗ്ഗം നോക്കാതെയും നിറം, വ്യത്യാസം ഇവ നോക്കാതെ ശത്രുവിന്റെ കൈകളിൽ നിന്നും നിന്നെ സംരക്ഷിക്കാൻ തന്റെ ചിറകിൻകീഴിൽ കൂട്ടിചേർക്കും പോലെ ഞാൻ എത്രയോ തവണ നിന്റെ മക്കളെ കൂട്ടിച്ചേർക്കാൻ മനസ്സുള്ളവനായിരുന്നു. നിങ്ങൾക്കോ എന്റെയടുക്കൽ വരാൻ മനസ്സില്ലാതെ പോയി എന്നു ഒരു മാതാവു താൻ പ്രസവിച്ച മക്കൾക്കായി കരയുന്നതുപോലെ യേശു കണ്ണുനീർ വിട്ടു കരഞ്ഞു. ലൂക്കോസ് ഈ സംഭവം പറയുന്നതുപോലെ മത്തായി 23:37-ൽ യേശു കരഞ്ഞപ്പോൾ പറഞ്ഞ അതേ വാക്കു അക്ഷരം മാറാതെ അങ്ങനെ തന്നെ എഴുതി വച്ചിരിക്കുന്നു. അവസാനം അവൻ കരഞ്ഞുകൊണ്ടു പറഞ്ഞ പ്രവചനം നിങ്ങളുടെ ഭവനം (യെരുശലേം ദൈവാലയം, എല്ലാ ജനങ്ങൾക്കും പ്രാർത്ഥനാ ഭവനം) എന്നു അറിയപ്പെട്ടു. ആ ദൈവാലയം നിങ്ങൾക്കു പ്രാർത്ഥിക്കുവാൻ പോലും സാധിക്കാതെ ശൂന്യമായിത്തീരും എന്നു പറഞ്ഞു. അതനുസരിച്ചു തന്നെ യെരുശലേം ദൈവാലയം പലതവണ നശിപ്പിക്കപ്പെട്ടു ഇന്നു ഈ ചെറിയ മതിൽ മാത്രം തകർക്കപ്പെട്ട രീതിയിൽ ഇന്നും  നില്ക്കുന്നു. അതാണു വായനക്കാർ പടത്തിൽ കാണുന്നതു.
ഇതേ യിസ്രായേല്യർ (യെഹൂദന്മാർ) പറയുന്നതു: തങ്ങളെ വിടുവിക്കാൻ മശിഹയെ അയയ്ക്കുന്നു എന്നു പിതാവു പറഞ്ഞല്ലേ. എന്തുകൊണ്ടാണു ഇതുവരെയായി അയയ്ക്കാത്തതു. പിതാവേ ഞങ്ങളെ വിടുവിക്കാൻ മശിഹയെ അയയ്ക്കണം എന്നു ഓരോ ദിവസവും ഓരോ ശനിയാഴ്ചകളിലും തങ്ങളുടെ തലയെ ഭിത്തിയിൽ ഇടിച്ചു ഇടിച്ചു കരയുന്നു. ആ ചുവരാണു ഇത്.

പിതാവു പറഞ്ഞതുപോലെ മശിഹ വന്നു മരിച്ചു ഉയിർത്തു ഇനി **രണ്ടാമത്ത തവണ** ലോകത്തിൽ വന്നു **തനിക്കുള്ളവരെ** മണവാട്ടി സഭയെ സ്വർഗ്ഗത്തിലേക്കു വിളിച്ചു കൊണ്ടുപോകാൻ ഏതു സമയത്തും വരാനിരിക്കുന്നു. എന്നാൽ ഈ യെഹൂദന്മാരോ ഇപ്പോഴും തങ്ങളുടെ ബലത്തെയും തങ്ങളുടെ സാമർത്ഥ്യത്തെയും വിശ്വസിച്ചു ഗർവ്വിച്ചിരിക്കുന്നു. തങ്ങൾക്കു ചുറ്റിലുമുള്ള ഏറ്റവും വലിയ ആപത്തിനെയും തങ്ങൾ അതിവേഗം നശിപ്പിക്കപ്പെടാൻ പോകുന്നതും അറിയാതിരിക്കുന്നു. അതുകൊണ്ടാണു ദൈവം നമ്മെയെല്ലാം നോക്കി യെരുശലേമിനായി പ്രാർത്ഥിപ്പിൻ എന്നു ആവശ്യപ്പെട്ടിരിക്കുന്നത്. അവർ മാനസാന്തരപ്പെടണം എന്നു ആഗ്രഹിക്കുന്നു. യേശുക്രിസ്തുവിനെ തങ്ങൾ തന്നെ ക്രൂശിച്ചു എന്നു ഏറ്റുപറഞ്ഞു പശ്ചാത്തപിയ്ക്കണം എന്നാഗ്രഹിക്കുന്നു. അവർ കൂടിഇരുന്നു സംസാരിച്ചതുകൊണ്ടു പ്രയോജനം ഇല്ല. അമേരിക്കയുടെ സഹായം എങ്കിലും യെഹൂദന്മാർ അന്നു യോർദ്ദാനിൽ നിന്നു നൂറുകണക്കിൽ വീശി എറിഞ്ഞു അണുബോംബു ആക്രമിച്ച റോക്കറ്റുകളെ ആകാശത്തിൽ തന്നെ വീഴ്ത്തി, ഒന്നുപോലും യിസ്രായേലിൽ വീഴാതെ തടുത്തു. ആ സാമർത്ഥ്യം ഓർത്തു ഓർത്തു അഹങ്കരിക്കുന്നതല്ലാതെ ആ വിജയത്തിനു പിന്നിൽ മശിഹയായ യേശു ഉണ്ടു എന്നു ഉണർന്നില്ല. മാനസാന്തരപ്പെടാനും ദൈവത്തെ തേടാനും മനസ്സിലാതിരിക്കുന്നു. അന്നു സങ്കീർത്തക്കാരൻ പറഞ്ഞത് : യിസ്രായേലേ ദൈവത്തെ വിശ്വസിക്കു എന്നു പറഞ്ഞു. അതുകൊണ്ടു യിസ്രായേൽ രാജ്യം എല്ലാവരാലും കൈവിടപ്പെട്ട നിലയിലും, ഫലം നഷ്ടമായ നിലയിലും ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ അപേക്ഷ അനുസരിച്ചു യിസ്രായേലിന്റെ രക്ഷയ്ക്കായും സമാധാനത്തിനായും പ്രാർത്ഥിക്കണം.

(യിസ്രായേലും യിശ്മായേലും ഒരു പിതാവായ അബ്രഹാമിന്റെ മക്കൾ). യേശു ലോകത്തിൽ വന്നു ക്രൈസ്തവർക്കായിട്ടല്ല അല്ലെങ്കിൽ യെഹൂദന്മാർക്കായി മാത്രം അല്ല. ലോകത്തിൽ ഉള്ള എല്ലാ ജനത്തിനായും (Nations) സന്തോഷം ഉണ്ടാക്കുന്ന വാർത്ത എന്നു അന്നു യേശുവിന്റെ ജനനത്തെക്കുറിച്ചു പറയുമ്പോൾ പറഞ്ഞു. ആദാമിൽ നിന്നു വന്നവർ തന്നെയാണു നാം എല്ലാവരും എന്നു അറിഞ്ഞാൽ നാം ആര്? യെഹൂദന്മാർ ആര്? എന്നതു നന്നായി മനസ്സിലാകും.

## ശമര്യക്കാരൻ ആര് ?

യിസ്രായേൽ രാജ്യമായ കനാനിൽ നിന്നും റോമാക്കാരുടെ ക്രൂരതയ്ക്കു വിധേയരായി ധാരാളം യെഹൂദന്മാർ ചിതറിയ്ക്കപ്പെട്ടു രാജ്യം വിട്ടു പുറത്തുപോയി. അപ്പോൾ ലക്ഷക്കണക്കായ ചില യെഹൂദന്മാർ രാജ്യം വിട്ടു പുറത്തു പോകാതെ അടിമകളെപ്പോലെ ജീവിക്കാൻ സമ്മതിച്ചു. ഇവരുടെ യെഹൂദവർഗ്ഗ വൈരാഗ്യം തകർക്കാൻ വിഗ്രഹാരാധികളായ പലരെ ഇവരോടു ഒത്തു ജീവിപ്പിച്ചു. ഈ യെഹൂദർ അങ്ങനെ വിഗ്രഹാരാധനയോടെ ഒരുമിച്ചു കലർന്നു ജീവിച്ചതുകൊണ്ടു യഥാർത്ഥ യെഹൂദർ ശമര്യരെ വെറുത്തു ഒതുക്കുന്നു. യെരുശലേമിൽ പോകാൻ ശമര്യ വഴിയായി പോകാനും മനസ്സില്ലാതെ ശമര്യ ചുറ്റിയാണു യെരുശലേമിലേക്കു പോകുന്നതു. ശമര്യര്യക്കാരനെ ഉദാഹരണമായി യേശു പറഞ്ഞു അർദ്ധപ്രാണനായിക്കിടന്ന യെഹൂദനെ യെഹൂദ പുരോഹിതനും യെഹൂദ ലേവ്യനും രക്ഷപ്പെടുത്തിയില്ല. എന്നാൽ യെഹൂദന്മാരാൽ വെറുക്കപ്പെട്ട ശമര്യക്കാരനാണു സഹായം ചെയ്തതു. അതുകൊണ്ടു ശമര്യയെ യെഹൂദന്മാർ വെറുക്കാൻ പാടില്ല എന്നു ഉണർത്താൻ വേണ്ടിയാണു ആ ഉദാഹരണം പറഞ്ഞത് യേശു മരിച്ചു ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ ശിഷ്യന്മാരോടു പറഞ്ഞു. നിങ്ങൾ പരിശുദ്ധാത്മാവിന്റെ നിറവു പ്രാപിച്ചശേഷം യെരുശലേം, യെഹൂദ്യ, ശമര്യ എന്നീ സ്ഥലങ്ങളിൽ സുവിശേഷം അറിയിക്കാൻ അവരോടു പറഞ്ഞു. ഫിലിപ്പോസ് മുഖാന്തിരം ശമര്യയിൽ വലിയ ഉണർവും മാനസാന്തരവും ഉണ്ടായി. ❖❖



# ജാമ്യത്തിനു ഒപ്പിട്ടു കൊടുക്കാമോ?



Selected

ഇന്നു അനേകർ തങ്ങളുടെ സ്നേഹിതരോ അല്ലെങ്കിൽ തങ്ങളുടെ സ്വന്തബന്ധങ്ങളോ അന്യരോ (ബാങ്കിലോ അല്ലെങ്കിൽ വ്യക്തികളുടെ സ്ഥാപനങ്ങളിലോ) കടം വാങ്ങുമ്പോൾ ജാമ്യത്തിനു ഒപ്പിട്ടു കൊടുക്കാറുണ്ട്.

കടം വാങ്ങുന്നവർ ആ സ്ഥാപനത്തെ വഞ്ചിച്ചു ഓടിക്കളഞ്ഞാലോ അല്ലെങ്കിൽ കടം വീട്ടാതെ മരിച്ചു പോയാലോ ജാമ്യത്തിന് ഒപ്പിട്ടു കൊടുത്തവർ വലിയ കടക്കെണിയിൽ അകപ്പെട്ടു പോകാറുണ്ട്. ധാരാളം പേർ ഇക്കാരണത്താൽ ആത്മഹത്യപോലും ചെയ്യുന്നുണ്ട്. ജാമ്യത്തിനു ഒപ്പിട്ടു കൊടുത്ത ക്രൈസ്തവർ ദൈവത്തെ നോക്കി കരഞ്ഞു വിലപിക്കുന്നു.

എന്നാൽ ദൈവം ഇതിനെക്കുറിച്ചു എന്തു കല്പിച്ചിരിക്കുന്നു എന്നത് നമുക്കു എന്തു ആലോചന നൽകുന്നു എന്നത് നോക്കാം.

1. ദൈവത്തിന്റെ ആലോചന എന്താണെന്നുവച്ചാൽ അന്യനുവേണ്ടി ജാമ്യം നില്ക്കുന്നവൻ അത്യന്തം വ്യസനിക്കും എന്നു സദൃ 11:15–ൽ പറയുന്നു. അതു മാത്രവുമല്ല ജാമ്യം നില്പാൻ പോകാത്തവനോ നിർഭയനായിരിക്കും എന്നു പറഞ്ഞിരിക്കുന്നു.

2. ആരാണു ജാമ്യത്തിനു ഒപ്പിട്ടു കൊടുക്കുന്നതു? ജാമ്യത്തിനു ഒപ്പിട്ടു കൊടുക്കുന്നവൻ ദൈവത്തിന്റെ നോട്ടത്തിൽ ബുദ്ധിഹീനൻ എന്നു ശലോമോൻ പറയുന്നു സദൃ 17:18. ബുദ്ധിഹീനനായ മനുഷ്യൻ കയ്യടിച്ചു കൂട്ടുകാരനു വേണ്ടി ജാമ്യം നില്ക്കുന്നു.

3. ജാമ്യത്തിനു ഒപ്പിട്ടു അതിൽ അകപ്പെട്ടവർ അവസാനം താൻ കിടക്കേണ്ട മെത്തയും കടം കൊടുത്തവർ എടുത്തുകൊണ്ടു പോകുമെന്നു ദൈവം മുന്നറിയിക്കുന്നു സദൃ 22:26. വീട്ടുവാൻ നിനക്കു വകയില്ലാതെ വന്നിട്ടു നിന്റെ കീഴിൽ നിന്നു നിന്റെ മെത്ത എടുത്തുകൊള്ളുവാൻ ഇടവരുത്തുന്നതു എന്തിനു? സദൃ 22:27. ഒരു പക്ഷേ ജാമ്യത്തിനു ഒപ്പിട്ടു കൊടുത്തു അകപ്പെട്ടു പോയാൽ നാം എന്താണു ചെയ്യേണ്ടത്? അതിനു ദൈവത്തിന്റെ ആലോചന എന്ത്?

### നാം ജാമ്യത്തിനു ഒപ്പിട്ടു കൊടുത്തു അകപ്പെട്ടു പോയാൽ

സദൃ 6:1ൽ മകനേ, കൂട്ടുകാരനുവേണ്ടി നീ ജാമ്യം നില്ക്കയോ അന്യനുവേണ്ടി കയ്യടിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ (6:2) നിന്റെ വായിലെ വാക്കുകളാൽ നീ കുടുങ്ങിപ്പോയി, നിന്റെ വായിലെ മൊഴികളാൽ പിടിപെട്ടിരിക്കുന്നു.

### ഇതിൽ നിന്നു രക്ഷപ്പെടാൻ നാം എന്തു ചെയ്യണം?

സദൃ 6:3 ആകയാൽ മകനേ, ഇതു ചെയ്ക, നിന്നത്തന്നെ വിടുവിക്ക. കൂട്ടുകാരന്റെ കയ്യിൽ നീ അകപ്പെട്ടു പോയല്ലോ. നീ രക്ഷപ്പെടാൻ ഒരു കാര്യം ചെയ്യുക. 6:4–ൽ നിന്റെ കണ്ണിനു ഉറക്കവും നിന്റെ കണ്ണിമെക്കു നിദ്രയും കൊടുക്കരുതു. നീ ചെന്നു, താണുവീണു കൂട്ടുകാരനോടു മുട്ടിച്ചപേക്ഷിക്ക. നാം ആർക്കെങ്കിലും വേണ്ടി ജാമ്യത്തിനു ഒപ്പിട്ടു കൊടുത്തു അകപ്പെട്ടു പോയാൽ കണ്ണിനു നിദ്ര കൊടുക്കാതെ കടം വാങ്ങിയവരുടെ അടുത്തുപോയി നമ്മെ താഴ്ത്തി താണുവീണു കൂട്ടുകാരനോടു മുട്ടിച്ചപേക്ഷിക്കണം. അപ്പോൾ മാത്രമേ നമുക്കു തെറ്റി ഒഴിയാൻ സാധിക്കുകയുള്ളൂ.

സദൃ 6:5ൽ **മാൻ നായാട്ടുകാരന്റെ കയ്യിൽ നിന്നും പക്ഷി വേട്ടക്കാരന്റെ കയ്യിൽ നിന്നും എന്നപോലെ നിന്നെത്തന്നെ വിടുവിക്ക.**

ഈ വചനത്തിൽ കടം കൊടുത്തവൻ നായാട്ടുകാരൻ മറ്റവൻ വേട്ടക്കാരൻ എന്നു സൂചിപ്പിക്കുന്നു. കടത്തിനു ജാമ്യം അനുസരിച്ചു ഒപ്പിട്ടു കൊടുത്തവൻ മാൻ മറ്റവൻ പക്ഷി എന്നതു പോലെ വർണ്ണിച്ചിരിക്കുന്നു.

ദൈവം എന്തുകൊണ്ടു ഈ ആലോചന നമുക്കു നൽകുന്നു എന്നു ചോദിച്ചാൽ ജാമ്യത്തിനു ഒപ്പിട്ടു കൊടുത്തു അകപ്പെട്ട ശേഷം പ്രാർത്ഥിച്ചാലും അതിനു ദൈവം ചെവികൊടുക്കയില്ല എന്നുള്ളതാകുന്നു. കാരണം നീ അതു ചിന്തിക്കാതെ ചെയ്ത പ്രവൃത്തി ആകുന്നു.

ഈ വിഷയത്തിൽ ദൈവത്തിന്റെ ആലോചന എന്ത്? ഈ പ്രവൃത്തി നമുക്കു നന്മ ഉണ്ടാക്കുമോ? തിന്മ ഉണ്ടാക്കുമോ? എന്നും അതിന്റെ അനന്തരഫലങ്ങൾ എന്തായിരിക്കുമെന്നും ചിന്തിക്കാതെ നീ തന്നെ ആ പ്രശ്നത്തിൽ വീണുപോയി. ഇങ്ങനെയുള്ള പ്രശ്നങ്ങളിൽ അകപ്പെട്ടവർ ധാരാളം ഉണ്ട്. അവരിൽ നിന്നെങ്കിലും ആലോചന ചോദിച്ചിരിക്കണം. അല്ലെങ്കിൽ നല്ല വക്കീലിനോടോ നിയമവിദഗ്ധരോടോ ആലോചന ചോദിച്ചിരിക്കണം.

* ഡോ.പുഷ്പരാജ് ആയ എന്റെ സ്വന്ത കുടുംബത്തിൽ ആറു സഹോദരിമാർ ഒരാൾ അദ്ധ്യാപികയായി സർക്കാർ സ്കൂളിൽ ജോലി ചെയ്തുകൊണ്ടിരുന്നു. സഹപ്രവർത്തകയായ ഒരു ടീച്ചർ അവർക്കു ബാങ്ക് ലോൺ എടുക്കാൻ ജാമ്യത്തിൽ ഒപ്പിട്ടു കൊടുക്കണമെന്നു എന്റെ ചേച്ചിയോടു ആവശ്യപ്പെട്ടു. സാധാരണയായി ബാങ്കിൽ നിന്നു ലോൺ എടുക്കാൻ പരസ്പരം ജാമ്യം ഒപ്പിട്ടു കൊടുത്തു സഹായിക്കാറുണ്ട്. ഇതു സാധാരണമായി എല്ലാ സ്ഥലത്തും നടക്കുന്നുണ്ട്. അതുകൊണ്ടു എന്റെ ചേച്ചിയും തന്റെ സഹപ്രവർത്തകയായ ടീച്ചറിനു ജാമ്യത്തിനു ഒപ്പിട്ടു കൊടുത്തു. പണം വാങ്ങി. ചില മാസങ്ങൾ മാത്രമേ ആ പണം തിരിച്ചടച്ചുള്ളൂ. അതിനു ശേഷം ആ ടീച്ചർ ലോൺ വാങ്ങിയ പണം ബാങ്കിൽ അടയക്കാതെയായി. അതുകൊണ്ടു ബാങ്കിൽ നിന്നു നോട്ടീസ് വന്നു. അതിനു മറുപടി ഇല്ലാത്തതിനാലും പണം അടയ്ക്കാത്തതിനാലും രണ്ടാമത്തെ നോട്ടീസും വന്നു. ഇപ്പോൾ ആ ടീച്ചർ മറ്റൊരു സ്ഥലത്തേയ്ക്കു സ്ഥലമാറ്റം വാങ്ങിപോയി. ബാങ്കിൽ നിന്നു കടം വാങ്ങിയ ടീച്ചർ പണം അടയ്ക്കാത്തതുകൊണ്ടു ജാമ്യം നിന്ന എന്റെ ചേച്ചിയിൽ നിന്നു ഈടാക്കുന്നതിനു തീരുമാനിച്ചു. പണം വാങ്ങിയ ടീച്ചർ പണം അടയ്ക്കാത്തതുകൊണ്ടു ജാമ്യത്തിനു ഒപ്പിട്ടു കൊടുത്തവർ തന്നെ ആ പണം അടയ്ക്കണം എന്നവർ ആവശ്യപ്പെട്ടു. ഇതു അന്യായമാണ്. ആ ടീച്ചർ വാങ്ങിയ പണം ഞാൻ എന്തിനു അടയ്ക്കണം എന്നു എന്റെ ചേച്ചി ചോദിച്ചു. ജാമ്യം ഒപ്പിട്ടു കൊടുത്ത പേപ്പറിൽ ഉള്ള വ്യവസ്ഥകൾ വായിച്ചു നോക്കാൻ ബാങ്കധികാരികൾ പറഞ്ഞു. അവർ പണം അടച്ചില്ലെങ്കിൽ അവർക്കു പകരം ആ കടം ഞാൻ അടയ്ക്കാം എന്ന വരി വായിച്ചപ്പോൾ എന്റെ ചേച്ചി ഞെട്ടിപ്പോയി. വക്കീലിനോടു ആലോചന ചോദിച്ചപ്പോൾ എഴുതിയ ആ വ്യവസ്ഥ സമ്മതിച്ചാണു നിങ്ങൾ ജാമ്യത്തിനു ഒപ്പിട്ടു കൊടുത്തതുകൊണ്ടു കോടതിയിൽ പോയാലും വിജയിക്കയില്ല എന്നു അദ്ദേഹം ഉപദേശിച്ചു. അവസാനം ചില അദ്ധ്യാപികമാർ ഒന്നിച്ചു കൂടി കടം വാങ്ങിയ അദ്ധ്യാപികയുടെ വീടു തേടി പിടിച്ചു ബാങ്കിൽ പണം അടയ്ക്കാൻ ആവശ്യപ്പെട്ടു.

ആ അദ്ധ്യാപിക കരഞ്ഞുകൊണ്ടു പറഞ്ഞതു : എന്റെ ഭർത്താവു ഒരു മദ്യപാനി. ആഭരണങ്ങളെല്ലാം വിറ്റു. ഞാൻ വളരെ ഞെരുക്കത്തിൽ ആയിപ്പോയി. എന്റെ പെൻഷൻ പണത്തിൽ കുടുംബം നടത്താൻ സാധിക്കില്ല. എന്റെ ഭർത്താവു വരുത്തി വച്ച കടവും ഞാൻ തന്നെ അടച്ചു

കൊണ്ടിരിക്കുന്നു. നിങ്ങൾ എനിക്കുവേണ്ടി ജാമ്യത്തിനു ഒപ്പിട്ടു പണം വാങ്ങുന്നതിനു സഹായിച്ചതിനു നന്ദി. എന്നാൽ എന്നെക്കൊണ്ടു ഇപ്പോൾ ഒന്നും ചെയ്യാൻ സാധിക്കില്ല. ഇതാ ഞാൻ കിടക്കുന്ന കട്ടിൽ, റ്റി.വി, പെട്ടി, അലുമിനിയം പാത്രങ്ങൾ ഇവ ഏതു വേണമെങ്കിലും എടുത്തുകൊണ്ടുപോകാൻ അവർ കരഞ്ഞുകൊണ്ടു പറഞ്ഞു. മറ്റു യാതൊരു വഴിയും ഇല്ല. ആ അദ്ധ്യാപികയുടെ വാസ്തവ നില അറിഞ്ഞ എന്റെ ചേച്ചി മറ്റുവഴി ഒന്നും ഇല്ലാതെ 13 വർഷത്തെ ആ അദ്ധ്യാപികയുടെ കടം അടച്ചു തീർത്തു.

ചിലപ്പോൾ ചിലർക്കു സഹായിക്കാനായി ചെയ്യുന്ന ഇപ്രകാരമുള്ള പ്രശ്നത്തിൽ അകപ്പെട്ടു കണ്ണീർ കുടിക്കുന്നവർ ധാരാളം ഉണ്ട്.

ചില കുടുംബങ്ങളിൽ സ്വന്ത ചേച്ചി അല്ലെങ്കിൽ അനുജത്തി, അനുജൻ അല്ലെങ്കിൽ നാത്തൂൻ വീടു പണിയുന്നു. വീടു പണിതു തീർക്കാൻ പണം ഇല്ല എന്നും പണസഹായം വേണം എന്നു ചോദിക്കുന്നു. പലരും തങ്ങളുടെ ആഭരണങ്ങൾ പണയം വച്ചു വീടു പണിതു തീർക്കാൻ ഇവരെ സഹായിക്കും. എന്നാൽ വാങ്ങിയ പണം തിരികെ കൊടുക്കാതെ കാലം പ്രതികൂലമാകുമ്പോൾ പലിശ കൂടിപ്പോകുന്നു. ഇപ്പോഴാണു കുടുംബത്തിനുള്ളിൽ പ്രത്യേകിച്ചു ബന്ധുക്കൾളിൽ പ്രശ്നങ്ങളും മനസ്താപങ്ങളും ഉണ്ടാകുന്നത്. കൊടുത്ത പണം ചോദിച്ചാൽ കോപം ഉണ്ടാകുന്നു; വെറുപ്പ് ഉണ്ടാകുന്നു. അടുത്ത രക്തബന്ധങ്ങൾ പിരിയുന്നു. ചിലർ **സ്വന്ത സഹോദരിക്കോ സഹോദരനോ കൊടുത്ത പണം അല്ലെങ്കിൽ ആഭരണം തിരികെ ചോദിക്കാൻ കോടതിയെ സമീപിക്കുന്നു**. ഇതു മുഖാന്തിരം സന്തോഷമായിരുന്ന ഭാര്യ-ഭർത്താക്കന്മാർക്കിടയിൽ വലിയ വേർപാട് ഉണ്ടായി ബന്ധങ്ങൾ തകരുന്നു. സ്വന്ത കുടുംബത്തിലെ പാരമ്പര്യ സ്വത്തുക്കൾ ലേലം ചെയ്യുന്നു. സ്വന്ത കൂടപിറപ്പുകൾ പോലും മരണംവരെ എതിരാളികളായി മാറുന്നു. ആത്മീയ കുടുംബങ്ങൾ പോലും ഇക്കാരണത്താൽ ദൈവത്തിൽ നിന്നു പിരിഞ്ഞുപോകുന്ന നില ഉണ്ടാകുന്നു.

* ദാനങ്ങളെ ചൊല്ലി വെറുതെ പ്രശംസിക്കുന്നവർ മഴയില്ലാത്ത മേഘവും കാറ്റും പോലെയാകുന്നു സദൃ 25:14.

കഴിയുന്നിടത്തോളം കൂടപ്പിറപ്പുകളോടോ, ബന്ധുക്കളോടോ കടം വാങ്ങുകയോ കടം കൊടുക്കുകയോ ചെയ്യരുത്. അതു നിങ്ങളുടെ സ്നേഹവും ബന്ധവും മുറിക്കും. ആതുമാത്രമല്ല നിങ്ങളുടെ മുഴു കുടുംബബന്ധത്തെയും വളരെ ബാധിക്കും.

* തന്റെ കഷ്ടകാലത്തു സഹോദരന്റെ വീട്ടിൽ പോകയും അരുത് സദൃ 27:10

* എന്നാൽ അതേസമയം **സ്നേഹിതൻ എല്ലാ കാലത്തും സ്നേഹിക്കുന്നു; അനർത്ഥകാലത്ത് അവർ സഹോദരനായിത്തീരുന്നു** സദൃ 17:17

പണ ആവശ്യത്തിനു കൂടെ ജനിച്ച സഹോദര-സഹോദരിമാർ സഹായിച്ചേക്കാം. പലിശ ഇല്ലാത്ത രീതിയിൽ ഇങ്ങനെയുള്ളവരിൽ നിന്നു വാങ്ങുന്ന പണം അല്ലെങ്കിൽ ആഭരണം തിരികെ കൊടുക്കാൻ സാധിക്കാത്ത നിലയിൽ പണമോ ആഭരണമോ വാങ്ങിയവർ പ്രതീക്ഷിക്കാത്ത പണ നഷ്ടത്തിൽ അകപ്പെട്ടിരിക്കുന്നതു വാസ്തമാണെങ്കിൽ യഥാർത്ഥ സഹോദര സ്നേഹം ആ സാഹചര്യത്തിൽ നഷ്ടത്തിലും ദുഃഖത്തിലും അവരും പങ്കുകൊള്ളും. **സ്നേഹം സകലത്തെയും താങ്ങും, സഹിക്കും.**

എന്നാൽ **വിവാഹം കഴിഞ്ഞശേഷം** ഇങ്ങനെയുള്ള പണം, ആഭരണം കൈമാറൽ, പരസ്പരം സഹായിക്കുന്നതു തുടങ്ങിയവ വളരെ ആപത്തായതാകുന്നു. എല്ലാ ഭാര്യമാരും എല്ലാ

ഭർത്താക്കന്മാരും ഒരേ സ്വഭാവം ഉള്ളവരായിരിക്കില്ല. അതുകൊണ്ടു വിവാഹം കഴിഞ്ഞ ശേഷം ഭർത്താവും ഭാര്യയും ഒന്നിച്ചു നന്നായി ചിന്തിച്ചു പണം വാങ്ങുന്നവരുടെ സ്വഭാവം, വാക്കിൽ കളങ്കമില്ലായ്മ, വാക്കുമാറാതിരിക്കൽ എന്നിങ്ങനെയുള്ള കാര്യങ്ങൾ ശരിയായി അറിയാതെ ഒരിക്കലും ആഭരണങ്ങളോ പണസഹായമോ അവർക്കു ചെയ്യാൻ പരിശ്രമിക്കരുത്. അതു കുടുംബം മുഴുവനും സന്തതി പരമ്പരയായി പകയും വെറുപ്പും ഉണ്ടാക്കും.

പല ക്രൈസ്തവ കുടുംബങ്ങളിൽ ഭാര്യ സ്വന്തം ഭർത്താവിനെ അറിയിക്കാതെ, (ഭർത്താവ് സമ്മതിക്കയില്ല എന്നതുകൊണ്ട് ഭർത്താവറിയാതെ) തന്റെ ആഭരണങ്ങൾ ഊരി തന്റെ സഹോദരികൾക്കോ, സഹോദരന്റെയോ ആവശ്യങ്ങൾക്ക് കൊടുക്കും. വാങ്ങിയവർ വ്യാപാരത്തിൽ നഷ്ടം ഉണ്ടായാലോ പ്രതീക്ഷിച്ച ലാഭം ലഭിക്കാത്തതുകൊണ്ടോ വാങ്ങിയ ആഭരണങ്ങളോ പണമോ തിരികെ കൊടുക്കാൻ സാധിക്കാത്തതുകൊണ്ടു പല സ്ത്രീകളും വ്യാജ പ്രവൃത്തികളിൽ ഇറങ്ങാൻ ഇടയാകുന്നു. ഭർത്താവിനെ വഞ്ചിക്കാൻ, അമ്മാവിയമ്മയെ വഞ്ചിക്കാൻ ഇമിറ്റേഷൻ ആഭരണങ്ങൾ (റോൾഡ് ഗോൾഡ്) ആഭരണങ്ങൾ വാങ്ങി ധരിച്ചും ഭയത്തോടെ ജീവിക്കുന്നു. ചില കുടുംബങ്ങളിൽ ആഭരണങ്ങളെക്കുറിച്ചു അറിഞ്ഞ ഉടൻ മാതൃഭവനത്തിലേക്കു തന്നെ തിരികെ അയയ്ക്കപ്പെട്ട ധാരാളം സ്ത്രീകൾ ഉണ്ട്. പണം അല്ലെങ്കിൽ ആഭരണം തിരികെ കൊണ്ടു വന്നാൽ മാത്രമേ ആ സ്ത്രീകളെ ഭർത്താവിന്റെ വീട്ടിൽ വന്നു വീണ്ടും ജീവിതം നടത്താൻ സാധിക്കുകയുള്ളു. എന്തൊരു പരിതാപകരമായ കാര്യം. നല്ല കാര്യത്തിനാണു അവർ സഹായിച്ചതു, ആപത്തായ സമയത്താണു അവർ സഹായിച്ചതു. എന്നാൽ വാങ്ങിയവരുടെ അലക്ഷ്യം പല കുടുംബങ്ങളെയും പിരിക്കുന്നു.

അതുകൊണ്ടാണു വേദപുസ്തകം പറയുന്നതു: തന്റെ കഷ്ടകാലത്തു (അതായതു പണ ആവശ്യമുള്ള സമയത്തിൽ) സഹോദരന്റെ (സഹോദരിയുടെ) വീട്ടിൽ പോകയും അരുതു സഭാ 27:10.

യിരെമ്യാവ് 9:4–ൽ ഒരു സഹോദരനിലും നിങ്ങൾ ആശ്രയിക്കരുത് എന്നറിയിക്കുന്നു.

നമ്മുടെ വേദപുസ്തകം രണ്ടു വിധത്തിലും പഠിപ്പിക്കുന്നു. ഒരു സ്ഥലത്തിൽ സഹായം ചെയ്യാൻ പറയുന്നു. മറ്റൊരു സ്ഥലത്തിൽ സഹായം ചെയ്യരുത് എന്നു പറയുന്നു. രണ്ടും പരിശോധിച്ചു നോക്കണം.

അതുകൊണ്ടാണു സഹായം ആവശ്യമുള്ളവരുടെ യോഗ്യത നോക്കി അവർ നിങ്ങൾക്കു തന്ന വാക്കിൽ വാസ്തവമുള്ളവരായിക്കുമോ എന്നതു നല്ല വണ്ണം അറിഞ്ഞു വേദപുസ്തകം പറയുന്നതുപോലെ അതിനു യോഗ്യന്മാരായിരിക്കുന്നവർക്കു ചെയ്യാതിരിക്കരുത് സദൃ 3:27 എന്നു മുന്നറിയിക്കുന്നു.




ചിലർ പണമോ ആഭരണമോ കൊടുത്തും കടത്തിനു ജാമ്യം ഒപ്പിട്ടും വഞ്ചിക്കുന്നതുപോലെ വീട്ടിലെ പ്രമാണം തന്നെ പണയപ്പെടുത്തി അതിനു തന്റെ മുഴുസമ്മതവും വച്ചു ഒപ്പിട്ടു പലരും തങ്ങളുടെ സ്വന്ത രക്തബന്ധങ്ങൾക്കും സ്വന്ത കുടുംബക്കാർക്കും എതിരായി ഇന്നു കോടതിയിൽ പോയി ലക്ഷക്കണക്കിൽ പണം വക്കീലിനു കൊടുത്തു കോടതി വരാന്തയിൽ കയറി ഇറങ്ങിക്കൊണ്ടിരിക്കുന്നു.

പണം എല്ലാ ദോഷത്തിനും പകയ്ക്കും വേർപാടിനും കാരണമായിരിക്കുന്നു.

ചില കടകളിലെ പലകയിൽ **കടം സ്നേഹത്തെ മുറിയ്ക്കും** എന്നു എഴുതിയിരിക്കുന്നതു നിങ്ങൾ ശ്രദ്ധിച്ചിരിക്കും. അതുകൊണ്ടു ഇതു വായിക്കുന്ന ജാമക്കാരൻ വായനക്കാർ ഇങ്ങനെയുള്ള വിഷയങ്ങളിൽ ജാഗ്രതയായിരിക്കണം എന്നതിനായി ഈ വിഷയം ഇവിടെ സൂചിപ്പിച്ചു.

പ്രാർത്ഥനയ്ക്കായി എനിക്കു വന്ന പ്രാർത്ഥനാ കത്തുകളിൽ ഭൂരിപക്ഷം പേരും മുകളിൽ പ്രശ്നങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്.

*** കഴിവുള്ളിടത്തോളം കടം വാങ്ങരുത്**

*** കടം കൊടുക്കാതിരിപ്പിൻ**

ഇപ്പോഴത്തെ കാലത്തിൽ കടം വാങ്ങാതെ എല്ലാ പണവും കൊടുത്തു ഒരു പുരയിടമോ, വീടോ, വാഹനമോ വാങ്ങാൻ എല്ലാവർക്കുംസാധ്യമല്ല. അതുകൊണ്ടു കടം വാങ്ങിയേ ഒരു വിവാഹം നടത്താനോ വീടു പണിയാൻ സാധിക്കയുള്ളൂ എങ്കിൽ നിങ്ങളുടെ വരുമാനത്തിന്റെ കണക്കു നോക്കുവിൻ. വാങ്ങിയ കടത്തിനായി പണം മാസം തോറും അടച്ച ശേഷം ബാക്കി പണത്തിൽ കുടുംബം നടത്താൻ സാധിക്കും എങ്കിൽ മാത്രം കടം വാങ്ങുക. ഇല്ലെങ്കിൽ വരുമാനത്തിന്റെ പരിധിക്കുള്ളിൽ ജീവിക്കാൻ പരിശീലിക്കണം. വട്ടിപ്പലിശയ്ക്കോ, ആഡംബര ജീവിതത്തിനോ, ആഡംബര വീടിനോ, ആഡംബര വാഹനത്തിനായോ, കടം വാങ്ങിയ എത്രയോ പേർ ഉണ്ടെന്നറിയാമോ? അതുകൊണ്ടു ജാഗ്രതയോടെ ജീവിക്കാം.

**യേശുക്രിസ്തു പറഞ്ഞത് :–** നിങ്ങളിൽ ആരെങ്കിലും ഒരു ഗോപുരം പണിവാൻ ഇച്ഛിച്ചാൽ ആരും ഇരുന്നു അതു തീർപ്പാൻ വകയുണ്ടോ എന്നു കണക്കു നോക്കുന്നില്ലയോ? അല്ലെങ്കിൽ അടിസ്ഥാനം ഇട്ടശേഷം തീർപ്പാൻ വകയില്ല എന്നു വന്നേക്കാം. കാണുന്നവർ എല്ലാം, ഈ മനുഷ്യൻ പണിവാൻ തുടങ്ങി. തീർപ്പാനോ വകയില്ല എന്നു പരിഹസിക്കുമല്ലോ (ലൂക്കോ 14:28-30).

അതുകൊണ്ടു കടം കൊടുക്കുന്നതു മാത്രമല്ല, കടം വാങ്ങുന്നതിനും ഇരുന്നു കണക്കു നോക്കുവിൻ.

ജാമ്യത്തിനു **ദൈവത്തിൽ നിന്നു ജ്ഞാനം ചോദിച്ചു വാങ്ങുവിൻ**. ഇതിൽ ബുദ്ധിപൂർവ്വം ഇടപെടാതെ പോയാൽ സ്വന്തബന്ധങ്ങളും സഹോദ സഹോദരി ബന്ധങ്ങളും താറുമാറാകും. പ്രാർത്ഥിക്കാം.



## അറിയിപ്പ്
## ഹൈന്ദവ വിഗ്രഹ നാണയം



ഹൈന്ദവ ദൈവങ്ങളുടെ പടം നാണയങ്ങളിൽ പതിക്കപ്പെട്ട വിവരം ജാമക്കാരനിൽ വായിച്ചു. പക്ഷെ ഇത് 2013ൽ കോൺഗ്രസ് ഭരിക്കുന്ന കാലത്ത് പുറത്തിറക്കിയത് പ്രശ്നം ഉണ്ടായി മതപ്രശ്നം ഉണ്ടാകാൻ സാധ്യത ഉണ്ട് എന്ന് കോടതിക്ക് അറിയിക്കപ്പെട്ടു. കോടതി നടപടി എടുത്തു. ഇനി ഈ നാണയം പുറത്തിറക്കാൻ പാടില്ല എന്ന് റിസർവ് ബാങ്കിൽ കല്പിച്ചു. കോടതി കല്പിച്ചശേഷം ആ നാണയം ഉണ്ടാകുന്നത് നിർത്തപ്പെട്ടു. 2013-ൽ വെള്ളി വന്ന നാണയം ആണ് നമ്മുടെ കയ്യിൽ വന്നത്. ജാമക്കാരൻ വായനക്കാർക്ക് ഈ വിവരം അറിയിക്കുന്നു.

# MY 2015 YEAR PROGRAMME

**2015 JANUARY**

1 to 4 KANYAKUMARI CSI DIOCESE - PORAMCOD CSI 125 ANNIVERSARY
- Rev. BEEBIN - Ph.9887186342

9 to 11 EAST KERALA - THODUPUZHA (IDUKKI DT.)
- Rev.P.V.JOSEPH - 09446303883

13 to 16 KESWIK CONVENTION - KOVILPATTI (TUTICORIN)
- Bro.JAYASEELAN - 09486019455

17 to 18 MADHYA KERALA DIOCESE - ST.PETERS CSI CHURCH(ARUPPUKARA)
- Rev.RAJU MATHEW - 9744546752 (Kottayam)

**22 TO 26 KUWAIT St.JOHNS TAMIL CHURCH - KUWAIT**
**- Rev.NOBLE C.GEMBEERAM**
**- Mr.JOHNSON(Secreatry)- 96599815983**

**2015 FEBRUARY**

6 to 8 - THIRUKATTUPALLI- TELC LUTHERAN CHURCH-Rev.SEKAR,9994773719

13 to 15-SOUTH KERALA DIOCESE - PERUNGAMALA CSI DIST CONVENTION
- Rev.VALSALAM - 9496100594

20 to 22- COIMBATORE CSI DIOCESE - CHRIST CHURCH - COIMBATORE
- Rev.EBENEZER MANI - 9443487047

27 to 29 - TIRUNELVELI CSI DIOCESE - VICKRAMASINGAPURAM(T.VELI.DT)

**2015 MARCH**

6 to 8 -KUTHAMPOONDI CSI CONVENTION- Rev.JOHN WESLEY-9486781015

16 to 21- VILLAGE MINISTRY- (EAST INDIA)

27 to 29 - MILITARY LANE(PALAYAMKOTTAI- TIRUNELVELI DIOCESE) -
-Rev.GIPSON JOHNDAS - Ph.984336356, 098-21459479

31 to APRIL 3 - MUMBAI- BANDUP ANGLICAN CHURCH - BANDUP. -

**2015 APRIL**

3 - MUMBAI- BANDUP ANGLICAN CHURCH - BANDUP.

17 to 19 - CSI CHURCH - SRI VAIGONDAM -TUTICORIN.DT
- Rev.JOSHUA --Ph: 9443080119.

# കന്യാകുമാരി സി.എസ്.ഐ ഡയോസിസ് കൺവെൻഷൻ

**സി.എസ്.ഐ നൂറ്റാണ്ടു ആഘോഷം**



കന്യാകുമാരി CSI ഡയോസിസ് കുപ്പത്തുറൈ സി.എസ്.ഐ നൂറുവർഷം തികഞ്ഞ ആഘോഷം വളരെ അനുഗ്രഹപ്രദമായി നടന്നു. സി.എസ്.ഐ മുൻ മോഡറേറ്ററും, കന്യാകുമാരി ഡയോസിസ് ബിഷപ്പുമായി Rt.Rev.D.G. ദേവകടാക്ഷം അവർകൾ നൂറ്റാണ്ടു ആഘോഷ ആരാധനയെ തുടങ്ങിവച്ചു. അതേ തുടർന്ന് എന്റെ പ്രസംഗവും മൂന്ന് ദിവസങ്ങൾ നടന്നു. ഡിസ്ട്രിക്റ്റ് ചെയർമാനായ Rev.A. സുന്ദർരാജ് അവർകൾ അദ്ധ്യക്ഷം വഹിച്ചു. പള്ളി വികാരി അച്ചൻ Rev.J. വിൻസന്റ് റോബർട്ട് അവർകളുടെ ആഭിമുഖ്യത്തിൽ യോഗങ്ങൾ നന്നായി നടന്നു. യോഗങ്ങളിൽ ദൈവനാമം മഹിമപ്പെട്ടു.

# മധുര – രാമനാഥപുരം സി.എസ്.ഐ ഡയോസിസ്



മധുര (കാളവാസൽ) – ആൾ സെയിൻസ് സി.എസ്.ഐ ചർച്ച് 3 ദിവസം നൂറ്റാണ്ട് ആഘോഷത്തിന്റെ കൺവെൻഷൻ നടന്നു. മധുര ഡയോസിസ് ബിഷപ്പു അവർകൾ ഉത്ഘാടനം ചെയ്തു. 3 ദിവസം എന്റെ പ്രസംഗം നടത്തി. പള്ളി വികാരി അച്ചൻ Rev.V. ജോൺസൺ പ്രാർത്ഥനയോടു യോഗ ഏർപ്പാടുകൾ ചെയ്തിരുന്നു.

## മധുര - രാമനാഥപുരം സി.എസ്.ഐ ഡയോസിസ്
## ശിവകാശി സി.എസ്.ഐ യോഗങ്ങൾ



2014 നവംബർ മാസം ശിവകാശി എന്ന സ്ഥലത്തിൽ സി.എസ്.ഐ സഭയിൽ നടന്ന യോഗങ്ങൾ അനുഗ്രഹീതമായിരുന്നു. ഹൈന്ദവ മതത്തിൽ നിന്ന് യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ച ധാരാളം ആളുകൾ ഇവിടെ ആയിരിക്കുന്നു. റവ.റ്റി.ധനബാലൻ തയ്യങ്കാ അവർകൾ യോഗങ്ങൾ പ്രാർത്ഥനയാടെ ക്രമീകരിച്ചിരുന്നു. എന്റെ പ്രസംഗത്തിന്റെ ശേഷം നടത്തിയ പ്രാർത്ഥനയിൽ ധാരാളം പേർ രോഗസൗഖ്യം പ്രാപിച്ചു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

# തിരുച്ചി - തഞ്ചാവൂർ ഡയോസിസ് (C S I)



തിരുച്ചിയിൽ ഇമ്മാനുവേൽ സി.എസ്.ഐ പള്ളിയിൽ നടന്ന എന്റെ യോഗങ്ങൾ വളരെ അനുഗ്രഹപൂർണ്ണമായിരുന്നു. ഈ പള്ളിയിൽ നാലാം പ്രാവശ്യമായാണ് എന്നെ ക്ഷണിക്കുന്നത്. ഈ പള്ളിയുടെ പ്രത്യേകത എന്തെന്നാൽ, ഈ ഒരു പള്ളിമാത്രം 100 മിഷനറികളെ മാസം 3500 രൂപ വീതം അയച്ചു തരുന്നു. സഭാ അംഗങ്ങൾ മുഴുവനും ഒരുപോലെ ആത്മഭാരം ഉള്ളവരായിരിക്കുന്നതറിഞ്ഞ് ഞാൻ ദൈവത്തെ സ്തുതിച്ചു. മറ്റു സഭകൾക്ക് ഇത് ഒരു മാതൃകയായി ഇരിക്കുന്നു.

# യേശുക്രിസ്തു അവതാരപുരുഷനോ?

(റവ: വി. ഡേവിഡ്, MA, BD, M.Th)

## വചനംജഡമായിതീർന്നു................ യോഹ:1:14

യേശുക്രിസ്തുവിന്റെ ജനനത്തെ തെറ്റായി മനസിലാക്കിയിരിക്കുന്നവർ ധാരാളം. വലിയ വേദ പുസ്തകപണ്ഡിതരും തങ്ങളെ അറിയാതെ തന്നെ ഈ തെറ്റു ചെയ്യുന്നു. ആ തെറ്റായ വാക്കാണു **അവതാരം**. യേശുക്രിസ്തു അവതരിച്ചു എന്നു നമ്മുടെ അപ്പോസ്തലവിശ്വാസപ്രമാണത്തിലും നമ്മുടെ പാട്ടുകളിലും എഴുതിയിരിക്കുന്നു. **ഇതു പൂർണ്ണമായും തെറ്റാകുന്നു. ദൈവം മനുഷ്യനായി** എന്ന താണു ശരിയായതു. **അദൃശ്യമായവൻ ദർശനമായി** എന്നുള്ള പൌലൊസിന്റെ പ്രസ്താവന വളരെ ശരിയാകുന്നു. ജനനത്തിനു പറഞ്ഞിരിക്കുന്ന ഇംഗ്ലീഷ്പദം Incarnation ആകുന്നു. ഇതിനു രണ്ടു അർത്ഥങ്ങൾ ഉണ്ട്.

1. ദൈവം കന്യകയുടെ വയറ്റിൽ ഉരുവാക്കപ്പെട്ടില്ല - ഉരുവായി. ദൈവം കന്യകയുടെ വയറ്റിൽ കുഞ്ഞു ആകുന്നു. ഇതിനെ യോഹന്നാൻ തത്വരീതിയിൽ മനുഷ്യഹിതമോ, രക്തമോ (യോഹ:1:13) അല്ല എന്നു പറയുന്നു. മത്തായിയുടെ വംശാവലിയിൽ അബ്രാഹാം യിസഹാക്കിനെ ജനിപ്പിച്ചു (മ ത്തായി 1:2) എന്ന വചനത്തിൽ പറഞ്ഞിരിക്കുന്നതു പോലെ ജനിപ്പിച്ചു എന്നു യേശുക്രിസ്തുവിനെ പറയാൻ പാടില്ല. യോഹന്നാൻ 3:16 ൽ ഉള്ള 'ഏകജാതനായ പുത്രനിൽ' എന്ന വാർത്ത മൂലഭാഷയിൽ ഇല്ല. ഒരേ മകനെ അയച്ചു എന്ന അർത്ഥം ഉണ്ടു. അനേക വിദ്യാസമ്പന്നർ തൊട്ടുതൊടാതെ ചോദി ക്കുന്ന ചോദ്യം എന്താണെന്നുവച്ചാൽ "കന്യകാജനനം" ഇതു എങ്ങനെ സംഭവിക്കും. ഇതു നടക്കുമോ? ഇവിടെ ആ ചോദ്യത്തിനു തന്നെ പ്രസക്തി ഇല്ല. ദൈവം ഈ ഭൂമിയിൽ കുഞ്ഞായിവരാൻ **കന്യക യുടെ** വയറു തെരഞ്ഞെടുത്തു അവിടെ അവൻ **കുഞ്ഞായി** എന്നതു നാം അറിയണം. പ്രകൃത്യാ ലുള്ള സ്വരൂപം കന്യകയിൽ മനുഷ്യസ്വരൂപമായി. സൃഷ്ടിക്കപ്പെട്ടില്ല, ഉരുവായി.

2. അവതാരം എന്നു പറഞ്ഞാൽ ഒരു പ്രത്യക്ഷപ്പെടൽ (Just appearance) ആവശ്യപ്പെടു മ്പോൾ ഒരു അവതാരം എടുക്കാം. ഇതിനെ വ്യക്തമായി അറിയാൻ പരിശ്രമിക്കാം.

2.1) **അവതാരത്തിനു** ഒരു ചരിത്ര യാഥാർത്ഥ്യം (Historicity) ഇല്ല. അതായതു ഭൂമിയിൽ ഇതിനു ചരിത്രം പറയാൻ സാധ്യമല്ല. എന്നാൽ ക്രിസ്തു അവതരിച്ചില്ല. പക്ഷെ മനുഷ്യനായി. ഇപ്പോഴാണു ആ സംഭവം ഭൂമിയുടെ ചരിത്രമായി. യേശു ജഡമുള്ള മനുഷ്യനായി, കാലം, സ്ഥലം എന്നിവയ്ക്കു സ്വന്തമാകുന്നു. **അവതാരത്തിനു** കാലം, സ്ഥലം ഇവ ഇല്ല.

2.2) **അവതാരം ഒരു ഊഹം.** ലോകസത്യത്തെ സംരക്ഷിക്കാനും തത്വങ്ങൾ ഉണ്ടാകാനും നല്ല ഉപദേശങ്ങൾ ഭൂമിയിൽ നൽകാനും അപ്പോഴപ്പോൾ സമൂഹനന്മയ്ക്കായി സിദ്ധരെക്കൊണ്ടു ഉണ്ടാ ക്കുന്ന രൂപങ്ങളാകുന്നു. അതുമാത്രവുമല്ല, ദുഷ്ടന്മാരെ നശിപ്പിച്ചു നല്ലവരെ ഭൂമിയിൽ നിലനിറുത്താനും അവതരിക്കുന്നു എന്നതാണു ഹിന്ദുമത അവതാരത്തിന്റെ സാരം. എന്നാൽ ക്രിസ്തു മനുഷ്യനായതു, **ദുഷ്ടന്മാരെ** നല്ലവരാക്കാനും അവർക്കുവേണ്ടി **ജീവൻ നൽകി** പരിപൂർണ്ണരാക്കാനും ആണു യേശു ജനിച്ചതു (മത്തായി 10:34; യോഹ:3:16).

2.3) **അവതാരം** നല്ല ഉപദേശം അല്ല എന്നു മാത്രമല്ല, മാതൃകയില്ലാത്ത ജീവിതത്തെയും പ്രതി ഫലിപ്പിക്കുന്നു. സ്ത്രീ-പുരുഷബന്ധം, അതുമാത്രവുമല്ല ഇപ്രകാരമുള്ള മതദൈവങ്ങൾ എന്നു വിളി ക്കപ്പെടുന്നവർക്കു വ്യക്തമായ നല്ല ഉപദേശങ്ങൾ പിൻപറ്റേണ്ട ആവശ്യം ഇല്ല. എന്നാൽ **മനുഷ്യ നായ ക്രിസ്തു** ലോകത്തിലേക്കു മാതൃകയായി, പ്രകൃതി സ്വഭാവത്തെ സ്നേഹം, വിശുദ്ധം, കരുണ എന്നിങ്ങനെയുള്ള വളരെ ഉയർന്ന മഹത്വം നിറഞ്ഞവൻ, ഇതു ക്രിസ്തുവിന്റെ പ്രത്യക്ഷപ്പെട്ട ഉയർന്ന മഹത്വമാകുന്നു.

2.4) **അവതാരം** എന്നു പറയുന്നതു രൂപകാലങ്കാരമായ (metaphor) സങ്കല്പകഥകളാകുന്നു. അവയുടെ വിപരീത ആരംഭം, ക്രൂരത, കന്യാകത്വം ഇല്ലായ്മ എന്നിവ ഒരുമിപ്പിച്ചു ഉണ്ടാകുന്നതാകുന്നു. (ഡോ:രാധാകൃഷ്ണൻ) **ഇൻഡ്യൻ തത്വം പറയുന്നതു:** ഇൻഡ്യയുടെ മുൻരാഷ്ട്രപതിയും തത്വജ്ഞാനിയുമായ ഡോ:രാധാകൃഷ്ണൻ എഴുതിയ പുസ്തകത്തിൽ നിന്നു.

(Vol II P.496) യേശുവിന്റെ ഭ്രമിക്കത്തക്ക രൂപങ്ങളോ കാഴ്ചയോ ഭയപ്പെടുത്തുന്ന വികാരങ്ങളോ ഇല്ല.

2.5) **അവതാരം** എന്നു പറയുന്നതു **"സ്വാർത്ഥത"** കേന്ദ്രമായ പഠിപ്പിക്കലാകുന്നു. കൂടാതെ, ശക്തി, ധൈര്യം, പറക്കുന്നതുപോലുള്ള ഉല്പത്തി, കഥാനായകൻ യുദ്ധം ചെയ്തു വിജയിപ്പിക്കുന്നതുപോലുള്ള കാഴ്ചകൾ ചിത്രീകരിക്കുന്നവയാകുന്നു. എന്നാൽ മനുഷ്യനായ **ക്രിസ്തുവിൽ** സ്വയം ഇല്ല. അവൻ തന്നെ മറ്റുള്ളവർക്കായി കൊടുക്കുന്നതിൽ സന്തോഷം കണ്ടു ആടുകൾക്കായി ജീവനെ കൊടുക്കാനാണ് അവൻ ജനിച്ചത്. ഇങ്ങനെ "ആരെക്കൊണ്ടു പിൻതുടരാൻ സാധിക്കും" എന്നതിൽ നിന്നു **ദൈവത്താൽ മാത്രമേ സാധിക്കു** എന്നതു **യേശുവിൽ മാത്രമേ** കാണാൻ സാധിക്കൂ.

2.6) **അവതാരം** എന്നതു പ്രത്യക്ഷമാകൽ (Manifestation) ആകുന്നു. എന്നാൽ ദൈവം മനുഷ്യനായതു മൂർത്തിമത്ഭാവം (Embodiment) ആകുന്നു. **അവതാരം** കാണാൻ കൊള്ളാവുന്നത്. എന്നാൽ യേശുക്രിസ്തു മനുഷ്യനായതു രൂപമെടുക്കലാകുന്നു.

2.7) **അവതാരം** എന്നതു ചലനാത്മാകമായ ഒരു പ്രവൃത്തിയെ വെളിപ്പെടുത്തും. ഉദാഹരണമായി അതുപോലുള്ള അസ്ത്രങ്ങൾ എയ്യാൻ, അതു **തീ പിടിച്ചു എറിയാൻ** പ്രകൃതിയെ കഴിഞ്ഞുള്ള കഴിവുപോലുള്ള പ്രവൃത്തിയാകുന്നു. **മനുഷ്യനായ ദൈവം** ക്രൂശിൽ നിന്നു ഇറങ്ങി വരാൻ സാധ്യമല്ല. കാരണം ജനങ്ങളെ "രക്ഷിക്കുന്ന" നയം അവന്റെ മാറാത്ത സ്വഭാവമാകുന്നു.

2.8) **അവതാരം** എടുത്താൽ ജനങ്ങൾക്കു വേണ്ടി കഷ്ടപ്പെടാൻ സാധ്യമല്ല. തൊട്ടുനോക്കാൻ സാധ്യമല്ല. എന്നാൽ യേശു തന്നെ ഒന്നുമല്ലാതാക്കി (Empty Himself). തന്നെ ഒന്നുമല്ലാതാക്കിയ സ്ഥലത്തിൽ ദൈവീകം നിറയുന്നു (Divinity fills the void). അതുകൊണ്ടാണു ക്രൈസ്തവദൈവശാസ്ത്രജ്ഞൻ സെൻ അവർകൾ പറയുമ്പോൾ He rejects the use of the term Avatara for Christ എന്നു പറഞ്ഞിരിക്കുന്നു. അതുകൊണ്ടു ദൈവത്തെക്കുറിച്ചു വ്യക്തമായി അറിഞ്ഞു ദൈവത്തെ സമീപിക്കുന്നതു നല്ലതു.**അവതരിച്ചു** എന്ന ധ്വനി ഇല്ലാതാക്കി **ദൈവം മനുഷ്യനായി** എന്നധ്വനിധരിക്കാം.

# ചരമ അറിയിപ്പ്



Late Dr.P.C.Varkey അവർകളുടെ മകൻ Mr.V.Johnson MA, BT (77 Yrs) December 2014, ഹൃദ്രോഗം മൂലം സേലത്തിൽ മരണമടഞ്ഞു. ഇദ്ദേഹം കേരളത്തിൽ തിരുവല്ല എന്ന സ്ഥലത്തിൽ മൗണ്ടിയ പള്ളി തറവാട്ടിൽ അംഗമാണ്. ഇദ്ദേഹം വിട്ട് പോയിരിക്കുന്ന ഭാര്യ, മകൻ, മകൾ കുടുംബത്തിന് ദൈവം ആശ്വാസം പകരുമാറാകട്ടെ!

സേലത്തിൽ മാർത്തോമാ, സി.എസ്.ഐ, യാക്കോബാ സഭകൾ ചേർന്ന് മലയാള ആരാധന നടത്തുവാൻ എന്നോടുകൂടെ സഹകരിച്ചിരുന്ന വ്യക്തിയാണ് ഇദ്ദേഹം. ജാമക്കാരൻ മാസികയുടെ ആരംഭം മുതൽ വായനക്കാരൻ ആയിരുന്നു.

## പുതുവർഷ ചിന്താ വചനം

* സുഖകാലത്തു സുഖം ആയിരിക്ക അനർത്ഥകാലത്തോ ചിന്തിച്ചുകൊള്ളുക. മനുഷ്യൻ തന്റെ ശേഷം വരുവാനുള്ളതൊന്നും ആരാഞ്ഞറിയാതിരിക്കേണ്ടതിന് ദൈവം രണ്ടിനെയും ഉണ്ടാക്കിയിരിക്കുന്നു. സഭാ 7:14

* നിന്റെ ആശ്രയം യഹോവയിൽ ആയിരിക്കേണ്ടതിന് ഞാൻ ഇത് നിന്നോടു, നിന്നോടു തന്നെ ഉപദേശിച്ചിരിക്കുന്നു. സദൃ 22:19

* ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും (നിങ്ങളുടെ മേൽ ഉണ്ടായി) ഇരിക്കും. ആവർത്തനം 11:12

**WE WISH YOU ALL HAPPY NEW YEAR 2015**

**JANUARY 2015**

Printed Book/Book Post

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at Priya Pathipagam,197.LIC Colony, Salem-636 004
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.